In Maharashtra, the third oxygen express train arrived with liquid oxygen in the wee hours of Saturday at the Nagpur station. This train arrived from Angul in Odisha with four tankers filled with 56.3 MT liquid medical oxygen, needed for Covid-19 patients.

Last month, two oxygen express trains arrived in Maharashtra, first from Vizag in Andhra Pradesh to Nagpur and Nashik with seven tankers containing 126 MT of oxygen and the second from Hapa, Gujarat, to Kalamboli with 48 MT oxygen.

Zomato to invest $300 million in Grofers

SPL CORRESPONDENT

Mumbai

IPO-bound food tech unicorn Zomato had a short-lived stint in grocery retail in 2020, but it looks like the Deepinder Goyal-led startup still has an eye on the sector. According to a report, Zomato is in talks to invest $300 million in grocery delivery startup Grofers, a company it was once planning to acquire.

Zomato had recently announced its $1.1 billion initial public offering plan, in which it had mentioned that it has kept the door open for future investments. "We will from time to time continue to seek attractive inorganic opportunities that we believe will fit well with our strategic business objectives and growth strategies," said the company in its Draft Red Herring Prospectus (DRHP).

As per the report, Zomato is exploring a comeback in the grocery sector, through a subsidiary, instead of going in by itself. And it makes sense, as the margins in the grocery sector are low. According to brokerage firm CLSA's report, "Groceries in the country are distributed largely through Kirana or mom-and-pop brick-and-mortar stores, where the overall supply chain margin varies from 14-20%, of which the distributor books 4-6% and the retailer makes 8-14%. Given the tight margins available, prospects for profitable operations for an aggregator are low."

However, the $5.4 billion company is not a new player in the grocery segment. During the Covid-19 pandemic, Zomato had announced that it would let users order groceries through its app. "Grocery delivery has always been on our long term radar since it fits into our vision of 'better food for more people. Given the current need of our customers, we quickly sprung into action to serve," Zomato's chief operating officer Mohit Sardana had said then. As per the CLSA report, between April to September 2020, Zomato delivered 1.1 million grocery orders, consisting of 7.8 million products.

Zomato also runs a business-to-business subsidiary company called Hyperpure, through which it supplies ingredients like vegetables and fruits, poultry, groceries, meats, seafood, dairy, beverages, and eco-friendly packaging materials to restaurants.

And one of the reasons behind investing in Grofers could be to secure a strong foothold for the Hyperpure business, which currently sees tough competition. "The Hyperpure business model rests on creating an entire supply ecosystem to restaurants. There are several large, well-funded startups trying to create the last-mile supply ecosystem like Udaan, Instamart etc," said a report by Ambit financial.

It's rival Swiggy has already established itself in the grocery segment, as well as its hyper-local delivery service Swiggy Genie.

Zomato could also be taking a leaf out of its successful counterpart in Southeast Asia, Grab, which is also headed for a market debut.

Edited, Printed and Published by Prasanth Narayanan, on behalf of M/s.Vaartha News Network Pvt.Ltd. Vol. 001, Issue No. 104, Declaration No. 17/2021 Dt: 18-01-2021. Printed at Siddhi Services, Plot No A 180/4, Behind Repro India, MIDC, Kopar khairne, Navi Mumbai and Published from Vaartha News Network Pvt.Ltd, 5th floor, Carnival House, Gen Ak Vaidya Marg, Dindoshi, Malad East, Mumbai 400097. Ph. No.022 62850000 Email: info@metrovaartha.com. Editorial Head Office: 3rd Floor, KTDFC Building, Angamaly, Ernakulam - 683572, Ph: 0484 2456422.

പതാക ഉയർത്തി

ചേർത്തല: ലോക റെഡ്ക്രോസ്സ് ദിനാചരണത്തിന്റെ ഭാഗമായി ചേർത്തല റെഡ്ക്രോസ്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ റെഡ്ക്രോസ്സ് ഓഫീസിനു മുന്നിൽ റെഡ്ക്രോസ്സ് പതാക ആലപ്പുഴ ജില്ലാ വൈസ് ചെയർമാൻ ഐസക് മാടവന ഉയർത്തി, ചടങ്ങിൽ ചേർത്തല റെഡ്ക്രോസ് സൊസൈറ്റി ചെയർമാൻ, അഡ്വ: കെ രാധാകൃഷ്ണൻ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ബി.വിനോദ് കുമാർ സ്വാഗതവും, ട്രഷറർ തൈയ്ക്കൽ സത്താർ നന്ദിയും രേഖപെടുത്തി. സുരേഷ് മാമ്പറമ്പിൽ ആശംസകൾ നേർന്നു. കൊവിഡ് മാനദന്ധപ്രകാരം നടന്ന ചടങ്ങിൽ 5 പേർ മാത്രമാണ് പങ്കെടുത്തത്.

നിത്യോപയോഗ സാധനങ്ങൾ ഇനി വീട്ടുപടിക്കൽ

തുറവൂർ:എഴുപുന്ന പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം.കോവിഡ് മഹാമാരി അടിയന്തിര സാഹചര്യം കണക്കിലെടുത്ത്. സഹകരണ സംഘം ജോയിന്റ് രജിസ്ട്രാറുടെ നിർദ്ദേശാനുസരണം ഇന്നു മുതൽ ആരംഭിക്കുന്ന ലോക് ഡൗൺ കാലയളവിൽ നീതി സ്റ്റോർ വഴി നിത്യോപയോഗ സാധനങ്ങൾ ആവശ്യക്കാർക്ക് അവരവരുടെ വിട്ടുപടിക്കൽ എത്തിച്ചു നൽകുവാൻ എഴുപുന്ന പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ഭരണസമിതി തീരുമാനിച്ചതായി പ്രസിഡന്റ് ദിവാകരൻ കല്ലുങ്കൽ അറിയിച്ചു. സംഘം സെക്രട്ടറി കെ.എം. കുഞ്ഞുമോൻ നോഡൽ ആഫിസറായിരിക്കും. കെ.എസ്. വേലായുധൻ, പി.രവി, കെ.സി.ദിവാകരൻ, അനിൽ എം.പി. സിന്ധു ചന്ദ്രൻ , ബിന്ദു മനോഹരൻ എന്നിവരടങ്ങുന്ന സബ്ബ് കമ്മറ്റിയാണ് ചുമതലകൾ നിർവ്വഹിക്കുന്നത്. ഫോൺ 9539670049.

വാക്ക് സിൻ വിതരണം പുരോഗമിക്കുന്നു

തുറവൂർ : വാക്സിൻ വിതരണം പൂർണതോതിൽ നടക്കുന്നതായി തുറവൂർ ആശുപത്രി അധികൃതർ.ഒരോ ദിവസവും ലഭിക്കുന്ന വാക്സിൻ അതേ അളവിൽ തന്നെ ജനങ്ങൾക്ക് നൽകുന്നതായും, വെള്ളിയാഴ്ച ലഭിച്ച 500 ഡോസ് വാക്സിൻ 500 പേർക്ക് ഇന്നലെ നൽകുകയും ചെയ്തു.

അവധി ദിവസം ആയിരുന്നിട്ടു പോലും ഡോക്ടർമാർ ഉൾപ്പെടെ മുഴുവൻ ജീവനക്കാരും രണ്ട് ടീമുകളായാണ് പ്രവർത്തിച്ചു വരുന്നത് .

ലഭിക്കുന്ന വാക്സിൻ എത്ര യായാലും അന്നുതന്നെ ജനങ്ങൾക്ക് നൽകാനുള്ള തീരുമാനം ആണ് ആശുപത്രി അധികൃതർ സ്വീകരിച്ചിരിക്കുന്നത്. ഇതിനായി പ്രത്യേക അനുവാദം ജില്ലാ മെഡിക്കൽ ഓഫീസർ നിന്നും ലഭിച്ചിട്ടുണ്ടെന്നും ആശുപത്രി സൂപ്രണ്ട് ഡോ. റൂബി അറിയിച്ചു .കുത്തിയതോട് പഞ്ചായത്തിൻറെ വിവിധ വാർഡുകളിൽ നിന്ന് 60 വയസ്സ് കഴിഞ്ഞ മുഴുവൻപേർക്കും വാക്സിൻ നൽകുവാൻ തീരുമാനിച്ചതായി സൂപ്രണ്ട് അറിയിച്ചു. ആശുപത്രിയിലെ തിരക്ക് കുറയ്ക്കുവാൻ വേണ്ടി ആരോഗ്യ ജാഗ്രതാ സമിതി മുഖേന എത്തുന്നവർക്ക് മാത്രമാണ് വാക്സിൻ നൽകുന്നത്.

എൻ.ജി.ഒ. സംഘ് കൊവിഡ് ഹെൽപ്പ് ഡസ്ക് ആരംഭിച്ചു

ആലപ്പുഴ: കൊവിഡ് സാഹചര്യത്തിൽ അവശ്യ സർവ്വീസിൽ ഏർപ്പെട്ടിരിക്കുന്ന ജില്ലയിലെ സർക്കാർ ജീവനക്കാർക്കും ആരോഗ്യ പ്രവർത്തകർക്കും പോലീസുകാർക്കും അവശ്യ സേവനങ്ങൾ എത്തിക്കാനായി കേരളാ എൻ.ജി.ഒ. സംഘ് ആലപ്പുഴ ജില്ലാ സമിതിയുടെ ആഭിമുഖ്യത്തിൽ ഹെല്പ് ഡെസ്ക് ആരംഭിച്ചതായി ജില്ലാ പ്രസിഡന്റ് കെ.രാമനാഥ് (94463 22410), ജില്ലാ സെക്രട്ടറി ശ്രീജിത്ത് എസ് കരുമാടി(9496828252), ജില്ലാ ട്രഷറർ എൽ.ദിലീപ് കുമാർ ചേർത്തല (9847544499) എന്നിവർ അറിയിച്ചു. ഭാരതീയ മസ്ദൂർ സംഘ്, സേവാഭാരതി എന്നിവരുമായി സഹകരിച്ചായിരിക്കും സേവനങ്ങൾ എത്തിക്കുന്നത്.

വെള്ളം വെള്ളം സർവ്വത്ര തുള്ളി കുടിക്കാനില്ലത്ര... നാലു വശവും വെള്ളത്താൽ ചുറ്റപ്പെട്ട കരുവാറ്റാ പഞ്ചായത്ത് 1-ാം വാർഡ് കാരമുട്ട് പ്രദേശത്ത് എല്ലാ കാലത്തും അതിരൂക്ഷമായ ശുദ്ധജല ക്ഷാമമാണ് അനുഭവപ്പെടുന്നത് .നൂറോളം കർഷക തൊഴിലാളി കുടുംബങ്ങൾ താമസിക്കുന്ന ഈഴവൻ കേരി കിഴക്ക് പാടശേഖരത്തിലെ വടക്കേ ബണ്ടിനോട് ചേർന്നുള്ള കൊരം കുഴി തോട്ടിൽ നിന്നുള്ള ദൃശ്യം. അതിരാവിലെവള്ളത്തിൽ ശുദ്ധജലം നിറച്ച കാനുകളുമായി വിൽപ്പനയ്ക്കിറങ്ങിയ ചെറുപ്പക്കാരൻ.

ഫോട്ടോ-അദ്വൈത് ഹരിപ്പാട്

ജില്ലാ കലക്ടറും ജില്ലാ പോലീസ് മേധാവിയും സംയുക്ത പരിശോധന നടത്തി

ലോക്ക് ഡൗൺ

ആലപ്പുഴ:സർക്കാർ നിർദ്ദേശപ്രകാരം നടത്തിവരുന്ന ലോക്ഡൗൺ പരിശോധനയുടെ ഭാഗമായി ജില്ലാ കലക്ടർ എ. അലക്സാണ്ടറും ജില്ലാ പോലീസ് മേധാവി ജി ജെയ്ദേവും ആലപ്പുഴ നഗരത്തിൽ സംയുക്ത പരിശോധന നടത്തി.

കൊമ്മാടിയിലും നഗരത്തിലെ വിവിധ ഭാഗങ്ങളിലും ആയാണ് പരിശോധന നടത്തിയത്. പോലീസിന്റെ നേതൃത്വത്തിലുള്ള വാഹന പരിശോധനയും സെക്ടറൽ മജിസ്ട്രേറ്റ് മാരുടെ പ്രവർത്തനങ്ങളുമാണ് പരിശോധിച്ചത്.

ജില്ലയുടെ ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക് വളരെ ഉയർന്നതാണെന്നും 100 പേരിൽ 30 പേർക്ക് എങ്കിലും രോഗം സ്ഥിരീകരിക്കുന്ന സ്ഥിതി ഉണ്ടെന്നും ജില്ലാ കളക്ടർ പറഞ്ഞു. അതുകൊണ്ടുതന്നെ ലോക് ഡൗൺ ശക്തമായി നടപ്പിലാക്കും. ജനങ്ങളുടെ സഹകരണം ഇക്കാര്യത്തിൽ അത്യാവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

വാഹനപരിശോധന കർശനമാക്കുന്നതിന് ആവശ്യമായ പോലീസ് സംവിധാനംഏർപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ പോലീസ് മേധാവി അറിയിച്ചു. അനാവശ്യ യാത്രകൾ കണ്ടെത്തിയാൽ വാഹനം ഉൾപ്പെടെ സീസ് ചെയ്യും. കൂടാതെ നിയമനടപടികൾ സ്വീകരിക്കുമെന്നും അദ്ദേഹം പറഞ്ഞു.വാഹനപരിശോധന കർശനമാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ജില്ലാ പോലീസ് മേധാവി പറഞ്ഞു.

ലോക്ക് ഡൗൺ നിയന്ത്രണങ്ങൾ കർശനമാക്കുന്നതിന്റെ ഭാഗമായി ജില്ലാ കലക്ടർ എ അലക്സാണ്ടറും ജില്ലാ പോലീസ് ചീഫ് വി.ജി.ജയദേവും ചേർന്ന് കൊമ്മാടി ടോൾ പ്ലാസയിൽ വാഹന പരിശോധന നടത്തുന്നു

ലോക് ഡൗണിനെത്തുടർന്ന് വിജനമായ എടത്വ ടൗണും പരിസരവും

ഇന്നലെ ജില്ലയിൽ 2433 പേർക്ക് കൊവിഡ്

772 പേർക്ക് രോഗ മുക്തി

ആലപ്പുഴ: ആലപ്പുഴ ജില്ലയിൽ ഇന്നലെ 2433 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. 25.3 ശതമാനമാണ് ടെസ്റ്റ് പോസിറ്റിവിറ്റി നിരക്ക്. നാലു പേർ മറ്റ് സംസ്ഥാനത്തു നിന്നും എത്തിയതാണ്. 2423 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. ആറു പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 772 പേർ രോഗമുക്തരായി. ആകെ 1,00,559 പേർ രോഗമുക്തരായി. 25,909 പേർ ചികിത്സയിലുണ്ട്.

മാവേലിക്കര പ്ലാന്റിൽനിന്നുള്ള ഓക്സിജൻ ലഭ്യത ഉറപ്പാക്കാൻ പ്രത്യേക സമിതി

ആലപ്പുഴ: ജില്ലയിൽ ഓക്സിജൻ ലഭ്യത ഉറപ്പാക്കുന്നതിനായി മാവേലിക്കരയിലെ ഓക്സിജൻ ഉത്പാദനസ്ഥാപനമായ ട്രാവൻകൂർ ഓക്സിജൻ ലിമിറ്റഡിന്റെ ദൈനംദിന പ്രവർത്തനം വിലയിരുത്താനാനും ഓക്സിജൻ ലഭ്യത ഉറപ്പാക്കാനുമായി പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ചു.

ചെങ്ങന്നൂർ ഭൂരേഖ തഹസിൽദാരെ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റായി നിയോഗിച്ച് ജില്ലാ കളക്ടർ എ. അലക്സാണ്ടർ ഉത്തരവിട്ടു. മാവേലിക്കര എസ്.എച്ച്.ഒ., ജോയിന്റ് ആർ.ടി.ഒ., ഫയർ-റസ്ക്യൂ സ്റ്റേഷൻ ഓഫീസർ, താലൂക്ക് വ്യവസായ ഓഫീസർ എന്നിവർ അംഗങ്ങളായ സമിതിയും രൂപീകരിച്ചു. ട്രാവൻകൂർ ഓക്സിജൻ ലിമിറ്റഡിന്റെ പ്രവർത്തനം സമിതി ദൈനംദിനം വിലയിരുത്തും. ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലേക്ക് ദൈനംദിനം വേണ്ട ഓക്സിജന്റെ ഉത്പാദനം നടക്കുന്നുണ്ടെന്നും ഉത്പാദിപ്പിക്കുന്ന ഓക്സിജന്റെ 50 ശതമാനം ജില്ലയിൽ ലഭിക്കുന്നുണ്ടെന്നും ബാക്കി മാത്രമേ മറ്റു ജില്ലകളിലേക്ക് ആനുപാതികമായി നൽകുന്നുള്ളൂവെന്നും ഉറപ്പാക്കും. പ്ലാന്റിന്റെ പ്രവർത്തനം തടസമില്ലാതെ 24 മണിക്കൂറും നടക്കുന്നതിന് വൈദ്യുതിവിതരണം സുഗമമാക്കാൻ ഹരിപ്പാട് കെ.എസ്.ഇ.ബി. ചീഫ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നിർദേശം നൽകി.

ഹെൽപ് ലൈൻ സെന്റർ തുടങ്ങി

ഹരിപ്പാട്:കൊവിഡുമായി ബന്ധപ്പെട്ടു. ചിങ്ങോലി പഞ്ചായത്ത് എട്ടാം വാർഡിലെ സേവനങ്ങൾക്കായി ഹെൽപ് ലൈൻ സെന്റർ തുടങ്ങി. പഞ്ചായത്ത് പ്രസിഡന്റ് ജി.സജിനി ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്ഥിരം സമിതി ചെയർമാൻ അനീഷ് എസ് ചേപ്പാട് അധ്യക്ഷത വഹിച്ചു. ജെയിൻ മേരി ഏബ്രഹാം, ആശാ വർക്കർ മീനാകുമാരി, രതീഷ്കുമാർ, വിഷ്ണു കൃഷ്ണൻ, കാർത്തിക, സുഭദ്ര, മുത്തുമണി എന്നിവർ പങ്കെടുത്തു. വാർഡിലെ കോവിഡ് രോഗികൾക്ക് അലോപ്പതി, ഹോമിയോ, ആയുർ വേദ മരുന്നുകൾ ഹെൽപ് ഡസ്ക് മുഖേന ലഭ്യമാക്കും. ഫോൺ: 9526570619, 96561 09772.

ഒറ്റമശ്ശേരിയിലെ കടലാക്രമണം തടയാനായി നിർദ്ദേശം

ആലപ്പുഴ: ഒറ്റമശ്ശേരിയിലെ കടലാക്രമണ ഭീക്ഷണി തടയാൻ ഉടൻ നടപടി സ്വീകരിക്കാൻ നിർദ്ദേശം നൽകി ജില്ല കളക്ടർ എ അലക്സാണ്ടർ. ജിയോ ബാഗുകളും കല്ലും കൊണ്ട് പ്രതിരോധിക്കുന്നതിനായി കാത്തിരിക്കാതെ അടിയന്തിരമായി മണൽ ചാക്കുകൾ അടുക്കുന്ന പ്രവത്തികൾ ചെയ്യാൻ ജലസേചന വകുപ്പിന് നിർദ്ദേശം നൽകി. ഒറ്റമശ്ശേരിയിലെ കടലാക്രമണം തടയുന്നതിനായി ചേർന്ന ഓൺലൈൻ മീറ്റിങ്ങിലായിരുന്നു നിർദ്ദേശം. കല്ലിന്റെ വില റിവേഴ്സ് ചെയ്ത് കിട്ടുന്ന മുറക്ക് 242 മീറ്റർ വരുന്ന വീടുകൾ വരുന്ന ഭാഗത്ത് കല്ല് ഇറക്കി കടലാക്രമണം പ്രതിരോധിക്കാനും ബാക്കി സ്ഥലങ്ങളിൽ ജിയോ ബാഗ് നിരത്താനുമാണ് തീരുമാനം. തോട്ടപ്പള്ളി പൊഴിയിൽ അടിഞ്ഞിരിക്കുന്ന മണൽ നീക്കം ചെയ്ത് പൊഴിയുടെ വടക്ക് കൊണ്ടിടാനും നിർദ്ദേശം നൽകി.

യോഗത്തിൽ എ. എം. ആരിഫ് എംപി, നിയുക്ത എം.എൽ.എ. പി. പ്രസാദ്, ജലസേചന വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ സദാശിവ മുരളി, തഹസിൽദാർ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

പൾസ് ഓക്സിമീറ്റർ വാങ്ങി നൽകി

ചേർത്തല: പൂച്ചാക്കൽ ശ്രീകണ്ഠേശ്വരം ശ്രീനാരായണ ബി. എഡ്. കോളേജിലെ ഇംഗ്ലീഷ് വിഭാഗം വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി പൾസ് ഓക്സിമീറ്റർ വാങ്ങി നൽകി.

ഗൃഹനാഥന് തുണയായി സന്നദ്ധ പ്രവർത്തകരും ഫയർഫോഴ്സും

അമ്പലപ്പുഴ: ശസ്ത്രക്രിയക്കു ശേഷം ആശുപത്രിയിൽ നിന്ന് വീട്ടിൽ പോകാൻ മാർഗമില്ലാതിരുന്ന ഗൃഹനാഥന് തുണയായി സന്നദ്ധ പ്രവർത്തകരും ഫയർഫോഴ്സും.തിരുവല്ല വള്ളികുന്നം ആലോലി വീട്ടിൽ ബിജു ചാക്കോ (40) ക്കാണ് ലോക്ക് ഡൗൺ ദിനത്തിൽ സഹായവുമായി ഇവരെത്തിയത്.തടിപ്പണിക്കാരനായ ഇദ്ദേഹം നാല് മാസം മുൻപ് മരത്തിൽ നിന്നു വീണ് പരിക്കേറ്റ് മെഡിക്കൽ കോളേജാശുപത്രിയിൽ ചികിത്സയിലായിരുന്നു.തുടർന്ന് നടുവിന് ശസ്ത്രക്രിയയും നടത്തി.കഴിഞ്ഞ ദിവസം വീണ്ടും ശസ്ത്രക്രിയ നടത്തി. തൊട്ടുപിന്നാലെ വാർഡിൽ ഒരാൾക്ക് കൊവിഡ് പോസിറ്റീവായതോടെയാണ് അടിയന്തിരമായി ഡിസ്ചാർജ് ചെയ്തത്. എന്നാൽ ലോക്ക് ഡൗൺ ആരംഭിച്ച ഇന്നലെ ഇവർക്ക് വീട്ടിൽപ്പോകാൻ മാർഗമില്ലാതെ ദുരിതമനുഭവിക്കുന്ന വിവരം സന്നദ്ധ പ്രവർത്തകരായ സി. കെ. ഷെരീഫ്, നിസാർ വെള്ളാപ്പള്ളി എന്നിവരുടെ ശ്രദ്ധയിൽപ്പെട്ടു.ഇവർ ഉടൻ തന്നെ ആശുപത്രിയിലടക്കമുള്ള ആംബുലൻസ് അന്വേഷിച്ചെങ്കിലും ഒന്നും ലഭ്യമായില്ല. ഒടുവിൽ ഫയർ ഫോഴ്സ് ജില്ലാ ഓഫീസർ അഭിലാഷിനെ ബന്ധപ്പെട്ടു.ഇദ്ദേഹത്തിന്റെ നിർദേശ പ്രകാരം കായംകുളത്ത് നിന്ന് ഫയർമാൻമാരായ സി.എസ്.അജിത്കുമാർ, ബിജു.ടി.എബ്രഹാം. എന്നിവരുടെ നേതൃത്വത്തിൽ ഫയർഫോഴ്സിന്റെ ആംബുലൻസെത്തി ബിജുവിനെയും കുടുംബത്തേയും തിരുവല്ലയിലെ വീട്ടിലെത്തിച്ചു. ഗ്രാമ പഞ്ചായത്തംഗം യു.എം. കബീർ, സന്നദ്ധ പ്രവർത്തകരായ നിസാർ വെള്ളാപ്പള്ളി,.സി.കെ.ഷെരീഫ്, നിധിൻ, ഷഫീക്ക് ഇബ്രാഹിം, ഹെഡ് നഴ്സ് ബിജി, നഴ്സിംഗ് അസിസ്റ്റന്റ് ആന്റണി എന്നിവർ ചേർന്ന് കുടുംബത്തെ യാത്രയാക്കി.ബിജുവിനും കുടുംബത്തിനും ഭക്ഷ്യധാന്യക്കിറ്റും ഇവരുടെ നേതൃത്വത്തിൽ നൽകി.

തിരുവല്ല വള്ളികുന്നം ആലോലി വീട്ടിൽ ബിജു ചാക്കോയെ സഹായിക്കുന്ന സന്നദ്ധ പ്രവർത്തകർ

വയോജനങ്ങൾക്ക് ആശ്വാസമേകി വാക്സിനേഷൻ രജിസ്ട്രേഷൻ കേന്ദ്രവും കോൾ സെന്ററുകളും

ആലപ്പുഴ: വയോജനങ്ങൾക്ക് കോവിഡ് വാക്സിനേഷന് ഓൺലൈനായി രജിസ്ട്രേഷൻ നടത്തുന്നതിന് ജില്ലാ സാമൂഹിക നീതി ഓഫീസ് കൊവിഡ് വാക്സിനേഷൻ സഹായ കേന്ദ്രം ആരംഭിച്ചു. കളക്ടറേറ്റ് അങ്കണത്തിലെ ജില്ലാ പ്ലാനിംഗ് ഓഫീസ് സമുച്ചയത്തിൽ പ്രവൃത്തിക്കുന്ന വയോക്ഷേമ കോൾ സെന്ററിനോടനുബന്ധിച്ചാണ് വാക്സിനേഷൻ സഹായ കേന്ദ്രം പ്രവൃത്തിക്കുക. സേവനത്തിനായി 0477 2257900 ഫോൺ നമ്പരിൽ ബന്ധപ്പെടാം.

കേന്ദ്രത്തിൽ മൂന്നു സന്നദ്ധ പ്രവർത്തകരെ നിയോഗിച്ചിട്ടുണ്ട്. ഒരാഴ്ചക്കുള്ളിൽ 61 വയോജനങ്ങളുടെ വാക്സിനേഷൻ രജിസ്ട്രേഷൻ പൂർത്തികരിച്ചിട്ടുണ്ട്. വയോക്ഷേമ കോൾ സെന്റർ മുഖേന 1444 വയോ ജനങ്ങൾക്ക് ആശ്വാസമേകി. ജില്ലയിലെ 72 ഗ്രാമപഞ്ചായത്തുകളിലും ആറു നഗരസഭകളിലും പ്രവർത്തിക്കുന്ന കോൾ സെന്ററുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി കോവിഡ് ബ്രിഗേഡിയേഴ്സിനെയും കൗൺസിലർമാരെയും നിയോഗിച്ചിട്ടുണ്ട്. ക്വാറന്റിനിൽ ഇരിക്കുന്നവർക്കും വയോജനങ്ങൾക്കും, ഭിന്നശേഷിക്കാർക്കും ആവശ്യമായ സേവനങ്ങൾ കോൾ സെന്റർ മുഖേന ഏകോപിപ്പിക്കും.



ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന വയോക്ഷേമ കോൾ സെന്ററിലൂടെ അറിയുന്ന വയോജനങ്ങളുടെ വിവിധ ആവശ്യങ്ങൾ ഗ്രാമ പഞ്ചായത്ത്- നഗരസഭ തലത്തിൽ പ്രവർത്തിക്കുന്ന കോൾ സെന്ററിന്റെ സഹായത്തോടെ ലഭ്യമാക്കുന്നു. ഏകോപന മേൽനോട്ട ചുമതല ജില്ലാ സാമൂഹികനീതി ഓഫീസർക്കാണ്.

കോൾ സെനന്ററുകളിൽ സേവനം നൽകുന്ന കൗൺസിലർമാരുടെ പ്രവർത്തനങ്ങളുടെ മേൽനോട്ട ചുമതല ജില്ല വനിത ശിശു വികസന ഓഫീസർക്കാണ്.

ലോക് ഡൗണിനെത്തുടർന്ന് വിജനമായ എടത്വ ടൗണും പരിസരവും

എക്സൈസ് സംഘം പിടികൂടിയ കോട

വ്യാജവാറ്റ് കേന്ദ്രത്തിൽ റെയ്ഡ് , 105 ലിറ്റർ കോട കണ്ടെടുത്തു നശിപ്പിച്ചു

കായംകുളം : ഗോവിന്ദമുട്ടംമുട്ടേൽ പാലത്തിന് പടിഞ്ഞാറ് ഭാഗത്തായി പ്രവർത്തിച്ചിരുന്ന വ്യാജവാറ്റ്കേന്ദ്രത്തിൽ എക്സൈസ് റേഞ്ച് പ്രിവന്റീവ് ഓഫീസർ അബ്ദുൽഷുക്കൂറിന്റെ നേതൃത്വത്തിൽ നടത്തിയ മിന്നൽ പരിശോധനയിൽ 35 ലിറ്ററിന്റെ മൂന്ന് കന്നാസുകളിലായി സൂക്ഷിച്ചിരുന്ന 105 ലിറ്റർ കോട പിടികൂടി. പ്രതികളെപ്പറ്റി അന്വേഷണം ആരംഭിച്ചു. മദ്യശാലകൾ അടഞ്ഞ് കിടക്കുന്നതിനാൽ വ്യാജവാറ്റ് കേന്ദ്രങ്ങളും ,മുൻ പ്രതികളും എക്സൈസിന്റെ നിരന്തര നിരീക്ഷണത്തിലാണ്. സി.ഇ.ഒ മാരായ രതീഷ് , കലേഷ് , അരുൺഅശോക്എന്നിവരും ഉൾപ്പെട്ട എക്സൈസ് സംഘമാണ് റെയ്ഡ് നടത്തിയത് .

ജനകീയ ഭക്ഷണ ശാലക്കായി വിട്ടുനൽകിയ ക്ഷേത്ര ഓഡിറ്റോറിത്തിന്റെ താക്കോൽ ക്ഷേത്ര സമിതി സെക്രട്ടറി പി.പി.നാരായണൻ കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജയിംസ് ചിങ്കുതറയ്ക്ക് കൈമാറുന്നു

കൊവിഡ് പ്രതിരോധ പ്രവർത്തനത്തിന് കൈത്താങ്ങുമായി കണ്ടമംഗലം ക്ഷേത്രം

ചേർത്തല : കൊവിഡ് ഭീഷിണി നേരിടുന്ന കടക്കരപ്പള്ളി പഞ്ചായത്തിലെ ജനങ്ങൾക്ക് വേണ്ടി ജനകീയ ഭക്ഷണ ശാലക്കായി ക്ഷേത്ര ഓഡിറ്റോറിയം വിട്ട് നൽകി കണ്ടമംഗലം ക്ഷേത്രം മാതൃകയായി.

ക്ഷേത്ര മുറ്റത്തു തന്നെയുള്ള ആരാധന ഓഡിറ്റോറിയമാണ് കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ജനകീയ ഭക്ഷണശാലയ്ക്കായി വിട്ടു നൽകിയത്.

ഇരുന്നൂറിൽപരം വരുന്ന കൊവിഡ് രോഗികൾക്കും അതിൽ ഇരട്ടി വരുന്ന ക്വാറന്റൈനിലുള്ളവർക്കും മറ്റ് പാവപ്പെട്ടവർക്കും ഈ ജനകീയ ഭക്ഷണ ശാല ഒരു ആശ്വാസമാകും.

ക്ഷേത്ര സമിതി സെക്രട്ടറി പി.പി.നാരായണൻ കടക്കരപ്പള്ളി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ജയിംസ് ചിങ്കുതറയ്ക്ക് താക്കോൽ കൈമാറി. ക്ഷേത്ര സമിതി പ്രസിഡന്റ് പി.ഡി. ഗാഗാറിൻ അദ്ധ്യക്ഷത വഹിച്ചു. പഞ്ചായത്ത് വൈസ് പ്രസിഡന്റ് സതി അനിൽകുമാർ , ആരോഗ്യ - വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ ടി.കെ. സത്യാനന്ദൻ , പഞ്ചായത്ത് സെക്രട്ടറി വി.ബാബു, എൻ.എൻ. സജിമോൻ , വിവേക് വി. പൊന്നപ്പൻ , ബെൻസി ജോസ് തുടങ്ങിയവർ പങ്കെടുത്തു.

ഭക്ഷണശാലയുടെ പ്രവർത്തനം തിങ്കളാഴ്ച ആരംഭിക്കുമെന്ന് പഞ്ചായത്ത് പ്രസിഡന്റ് ജയിംസ് ചിങ്കുതറ പറഞ്ഞു.

പൊലീസ് ചെങ്ങന്നൂർ സബ്ഡിവിഷൻ അതിർത്തിയിൽ നടത്തിയ വാഹന പരിശോധന

വാഹനങ്ങൾ പിടികൂടി 9500 രൂപ പിഴ ഈടാക്കി

മാവേലിക്കര : പൊലീസ് ചെങ്ങന്നൂർ സബ്ഡിവിഷൻ അതിർത്തിയിൽ ഇന്നലെ 85 വാഹനങ്ങൾ പിടികൂടി 9500 രൂപ പിഴ ഈടാക്കി. വെൺമണി പൊലീസ് സ്റ്റേഷൻ അതിർത്തിയിൽ 18 വാഹനങ്ങൾ പിടികൂടി. മാവേലിക്കര-16, നൂറനാട്-14, മാന്നാർ, ചെങ്ങന്നൂർ 11 വീതം, കുറത്തികാട്-10, വള്ളികുന്നം-5 വാഹനങ്ങൾ പിടികൂടി. രാവിലെ പിടികൂടിയ വാഹനങ്ങൾ പിഴ ഈടാക്കിയ ശേഷം വൈകിട്ടു തിരികെ നൽകി. ഇന്നു (09) മുതൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലോക്ഡൗൺ അവസാനിച്ച ശേഷമേ തിരികെ നൽകൂവെന്നു ചെങ്ങന്നൂർ ഡിവൈഎസ്പി ഡോ.ആർ.ജോസ് അറിയിച്ചു. മേഖലയിൽ വഴിയോര കച്ചവടങ്ങൾ അനുവദിക്കില്ലെന്നും അനാവശ്യമായി പുറത്തിറങ്ങുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമെന്നും പൊലീസ് വ്യക്തമാക്കി.

അവശേഷിക്കുന്ന നെല്ലും സംഭരിക്കണം :ബേബി പാറക്കാടൻ

ആലപ്പുഴ : താൽക്കാലികമായി നിർത്തി വച്ചിരുന്ന നെല്ല് സംഭരണം ചർച്ചകൾ നടത്തി പുനരാരംഭിച്ചെങ്കിലും മില്ലുടമകൾ വീണ്ടും സംഭരണത്തിൽ നിന്ന് പിന്നോക്കം പോയിരിക്കുകയാണന്നും മില്ലുടമകളും ഏജന്റുമാരും മാർക്കറ്റിങ്ങ് ഉദ്യോഗസ്ഥരും പരസ്പരം കൈകഴുകി ഒഴിഞ്ഞുമാറുകയാണന്നും കേരള സംസ്ഥാന നെൽ-നാളികേര കർഷക ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ബേബി പാറക്കാടൻ പറഞ്ഞു. കൃഷിക്കാർ ഊണും ഉറക്കവും ഉപേക്ഷിച്ച് നെൽകളങ്ങളിൽ കാവൽ കിടക്കുകയാണന്നും ഒരു ഭരണാധികാരിയും പ്രശ്നപരിഹാരത്തിനായി ഇടപെടുന്നില്ലന്നും ബേബി പാറക്കാടൻ പറഞ്ഞു.

ഏതു സമയത്തും വേനൽമഴ പെയ്യാവുന്ന സാഹചര്യത്തിൽ നെല്ല് നശിച്ചുപോകാനുള്ള അവസരം ഉണ്ടാക്കാതെ അടിയന്തരമായി സർക്കാർ ഇടപെടണമെന്ന് ആവശ്യപ്പെട്ട് കേരള സംസ്ഥാന നെൽ--നാളികേര കർഷക ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് ബേബി പാറക്കാടൻ ബന്ധപ്പെട്ട മന്ത്രിമാർക്കും ജില്ലാ കളക്ടർക്കും ഇ-മെയിൽ സന്ദേശം അയച്ചു.

അച്ഛൻ പുരുഷോത്തമന്റെ ചരമവാർഷിക ചടങ്ങുകൾക്ക് നീക്കിവെച്ച 20,000/- രൂപ മകൻ മണ്ണഞ്ചേരി വേലിയകത്ത് ഹൗസ് വി പി അശോകൻ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവന നൽകാൻ നിയുക്ത എംഎൽഎ പി പി ചിത്തരഞ്ജന് കൈമാറുന്നു

കൊവിഡ് വ്യാപനം: തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കുന്നതു കമ്മിഷൻ പരിഗണിച്ചു

ന്യൂഡൽഹി: കൊവിഡ് 19 വ്യാപനം രൂക്ഷമായതോടെ പശ്ചിമ ബംഗാളിലെ തെരഞ്ഞെടുപ്പിന്റെ അവസാന ഘട്ടങ്ങൾ മാറ്റിവയ്ക്കുന്നതു പരിഗണിച്ചിരുന്നെന്നു തെരഞ്ഞെടുപ്പു കമ്മിഷൻ വൃത്തങ്ങൾ. എന്നാൽ, അഞ്ചു സംസ്ഥാനങ്ങളിലും ഇതു ഭരണ പ്രതിസന്ധിക്കും രാഷ്ട്രപതി ഭരണത്തിനും കാരണമാകുമെന്നും കമ്മിഷൻ ചില പാർട്ടികൾക്കു വേണ്ടി പക്ഷപാതപരമായി പ്രവർത്തിച്ചെന്ന് ആരോപണമുയരുകയും ചെയ്തേക്കാമെന്നു കണ്ടാണ് ഇതിൽ നിന്നു പിന്തിരിഞ്ഞത്. ഇക്കാര്യം സുപ്രീം കോടതിയെ അറിയിക്കാൻ സത്യവാങ്മൂലം തയാറാക്കിയിരുന്നെന്നും കമ്മിഷൻ വൃത്തങ്ങൾ. വ്യക്തിപരമായി കുറ്റവും ശിക്ഷയും ഏറ്റെടുത്ത് താൻ രാജിവയ്ക്കാമെന്നു തെരഞ്ഞെടുപ്പു കമ്മിഷണർ രാജീവ് കുമാറും നിലപാടെടുത്തിരുന്നു. തന്നെ ശിക്ഷിക്കാമെന്നു കോടതിയെ അറിയിക്കാനും അദ്ദേഹം തയാറെടുത്തിരുന്നെങ്കിലും സുപ്രീം കോടതി കേസ് തീർപ്പാക്കിയതിനാൽ ഈ സത്യവാങ്മൂലം സമർപ്പിക്കപ്പെട്ടില്ല.

ഉത്തരവാദിത്വമില്ലാതെ തെരഞ്ഞെടുപ്പു നടത്തിയ തെരഞ്ഞെടുപ്പു കമ്മിഷനെതിരേ കൊലക്കുറ്റത്തിനു കേസെടുക്കണമെന്ന മദ്രാസ് ഹൈക്കോടതിയുടെ പരാമർശത്തിനെതിരേ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിക്കൊപ്പം സമർപ്പിക്കാനായിരുന്നു കമ്മിഷൻ സത്യവാങ്മൂലം തയാറാക്കിയത്.

പങ്ക് സംബന്ധിച്ച കോടതിയുടെ വാക്കാലുള്ള നിരീക്ഷണങ്ങൾ കമ്മിഷന്റെയും എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥരുടെയും ആത്മവീര്യം കെടുത്തിയെന്നാണ് സത്യവാങ്മൂലത്തിൽ പറയുന്നത്. സ്ഥാപനത്തെയല്ല, വ്യക്തിയെ ശിക്ഷിക്കാമെന്നും വാക്കാലുള്ള നിരീക്ഷണങ്ങൾ പിൻവലിക്കാനോ വ്യക്തിപരമായ ഉത്തരവാദിത്തമായി കണക്കാക്കണമെന്നും അദ്ദേഹം കോടതിയോട് അഭ്യർഥിച്ചതായി പറയപ്പെടുന്നു. വ്യക്തിപരമായ ഉത്തരവാദിത്തം ഏറ്റെടുത്ത് അദ്ദേഹം രാജി സന്നദ്ധത അറിയിക്കുകയായിരുന്നു.

എന്നാൽ, മദ്രാസ് ഹൈക്കോടതി നടത്തിയ വാക്കാലുള്ള പരാമർശം ജുഡീഷ്യൽ രേഖകളിൽ ഉൾപ്പെടുത്തിയിട്ടില്ലെന്നും അതുകൊണ്ടുതന്നെ അതു പ്രത്യേകം നീക്കേണ്ടതില്ലെന്നും വിശദീകരിക്കുകയായിരുന്നു സുപ്രീം കോടതി. ഇതോടെ അധിക സത്യവാങ്മൂലത്തിന് സാങ്കേതികമായി അനുമതി ലഭിക്കില്ലെന്നു കമ്മിഷന്റെ അഭിഭാഷകൻ അറിയിച്ചു. തുടർന്ന് ഇതു സമർപ്പിക്കേണ്ടതില്ലെന്നു തീരുമാനിക്കുകയായിരുന്നു.

കൊവിഡ് പ്രതിരോധത്തിലേക്ക് സൈഡസ് വാക്സിനും; പരീക്ഷണം അന്തിമഘട്ടത്തിൽ

ന്യൂഡൽഹി: കൊവിഡ് 19നെതിരായ രാജ്യത്തിന്റെ പോരാട്ടത്തിനു കരുത്തു നൽകാൻ അഹമ്മദാബാദ് ആസ്ഥാനമായുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനി സൈഡസ് കാഡില്ല വികസിപ്പിച്ച സൈകൊവ്- ഡി എന്ന വാക്സിനും എത്തുന്നു. ഈ മാസം അവസാനത്തോടെ സൈകൊവ് ഡിക്ക് ഉപയോഗാനുമതി തേടി ഡ്രഗ്സ് കൺട്രോളർ ജനറൽ ഒഫ് ഇന്ത്യയെ സമീപിക്കുമെന്നു കമ്പനി അധികൃതർ അറിയിച്ചു. വേദനയില്ലാത്ത കുത്തിവയ്പ്പാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്. അനുമതി ലഭിച്ചാൽ മാസം ഒരു കോടി ഡോസ് വിപണിയിലിറക്കാനാകുമെന്നും അധികം വൈകാതെ ഇതു നാലു കോടിവരെ ഉയർത്താനാകുമെന്നും സൈഡസ് കാഡില്ല അധികൃതർ. വാക്സിൻ നിർമാണ രംഗത്തുള്ള രണ്ടു പ്രമുഖ കമ്പനികളുമായി സൈഡസ് കാഡില്ലയുടെ ചർച്ച പാതിവഴി പിന്നിട്ടെന്ന് എംഡി ഷാർവിൽ പട്ടേൽ.

രാജ്യത്ത് ഇപ്പോൾ അസ്ട്ര സെനേകയുടെ കൊവിഷീൽഡ്, ഭാരത് ബയോടെക്കിന്റെ കൊവാക്സിൻ എന്നിവയാണ് കൊവിഡ് പ്രതിരോധത്തിനായി ഉപയോഗിക്കുന്നത്. റഷ്യൻ വാക്സിൻ സ്പുട്നിക്കും ഈ മാസം മുതൽ ഉപയോഗിക്കുന്നുണ്ട്. അനുമതി ലഭിച്ചാൽ ജൂലൈ മുതൽ സൈകൊവും വിപണിയിലെത്തും. 12- 17 വയസ് പ്രായമുള്ള കുട്ടികൾ ഉൾപ്പെടെ 28,000 പേരിൽ നടത്തിയ പരീക്ഷണം മികച്ച ഫലമാണു നൽകുന്നതെന്നും പട്ടേൽ.

കൊവിഡ് ചികിത്സ തേടാൻ പോസിറ്റീവ് പരിശോധനാ ഫലം നിർബന്ധമില്ല

ചികിത്സാ മാനദണ്ഡങ്ങൾ പുതുക്കി

ന്യൂഡൽഹി: രാജ്യത്തെ കൊവിഡ് ചികിത്സാ മാനദണ്ഡം കേന്ദ്ര ആരോഗ്യ മന്ത്രാലയം പുതുക്കി. ആശുപത്രികളിൽ ചികിത്സ തേടാൻ പോസിറ്റീവ് പരിശോധനാ ഫലം നിർബന്ധമല്ല. ഒരു രോഗിക്കും ഒരു കാരണവശാലും ചികിത്സ നിരസിക്കപ്പെടരുതെന്നും പുതുക്കിയ മാനദണ്ഡത്തിൽ ചൂണ്ടിക്കാണിക്കുന്നു. ഓക്സിജനും ആവശ്യമായ മരുന്നുകളും എല്ലാം നൽകണം. മറ്റൊരു നഗരത്തിൽ നിന്നുള്ള രോഗിയായാലും ചികിത്സ നിഷേധിക്കരുത്. പുതുക്കിയ മാനദണ്ഡങ്ങൾ സംബന്ധിച്ച് സംസ്ഥാന സർക്കാരുകൾക്കു നിർദേശം നൽകിയിട്ടുണ്ടെന്നും മന്ത്രാലയം.

രോഗലക്ഷണങ്ങൾ കാണുന്ന ഏതു രോഗിക്കും കൊവിഡ് ആരോഗ്യ സംവിധാനങ്ങൾ ഉപയോഗപ്പെടുത്താൻ കഴിയുന്ന വിധത്തിലാണ് മാനദണ്ഡങ്ങൾ പുതുക്കിയിരിക്കുന്നത്. ചില ആശുപത്രികളിൽ നഗരത്തിനു പുറത്തുള്ളവർക്കു പ്രവേശനം നിഷേധിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ഏതു പ്രദേശത്തുകാരൻ എന്നു നോക്കാതെ ചികിത്സ നൽകാൻ നിർദേശിക്കുന്നത്.

കൊവിഡ് 19 ജൈവായുധം? ചൈനീസ് രേഖകൾ ചോർത്തി യുഎസ്

■ സാർസ് കൊറോണ വൈറസിനെ ജൈവായുധമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് ചൈനീസ് സേന 2015ൽ ചർച്ച നടത്തി

ന്യൂഡൽഹി: നോവൽ കൊറോണ വൈറസിന്റെ ഉറവിടത്തെക്കുറിച്ചുള്ള ദുരൂഹതകൾ തുടരുന്നതിനിടെ ഇതു ചൈനയുടെ ജൈവായുധമെന്ന ആരോപണത്തിനു ബലം നൽകുന്ന രേഖകൾ പുറത്ത്. സാർസ് കൊറോണ വൈറസിനെ ജൈവായുധമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് 2015ൽ ചൈനയുടെ സൈനിക ശാസ്ത്രജ്ഞർ ചർച്ച നടത്തിയതിന്റെ രേഖകളാണ് യുഎസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് കണ്ടെത്തിയത്. വൈറസിന്റെ ഉറവിടത്തെക്കുറിച്ചു നടത്തുന്ന അന്വേഷണത്തിലാണ് ഞെട്ടിപ്പിക്കുന്ന സൂചനകൾ. ചില അന്താരാഷ്ട്ര മാധ്യമങ്ങളാണ് ഇക്കാര്യം പുറത്തുവിട്ടത്.

2015ൽ ചൈനയുടെ സൈനിക ശാസ്ത്രജ്ഞരും പൊതുജനാരോഗ്യ വിഭാഗം ഉദ്യോഗസ്ഥരും ചേർന്നു തയാറാക്കിയ രേഖകളിലാണ് സാർസ് കൊറോണ വൈറസിനെ ജൈവായുധമായി ഉപയോഗിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ചു പറയുന്നത്.

'സാർസിന്റെ അസ്വാഭാവിക ഉദ്ഭവവും മനുഷ്യ നിർമിത വൈറസിന്റെ ഇനങ്ങളും ജനിതക ജൈവായുധമാക്കുക' എന്ന തലക്കെട്ടിലുള്ള പ്രബന്ധത്തിൽ ജൈവായുധങ്ങളുപയോഗിച്ചു വേണം മൂന്നാം ലോകയുദ്ധത്തിൽ പോരാടാനെന്നും പറയുന്നു. അടുത്ത ലോകയുദ്ധത്തിൽ ജൈവായുധം കൊണ്ടു വേണം പൊരുതാൻ. സാർസ് കൊറോണ വൈറസിനെ പുതിയ യുഗത്തിലെ ജനിതക ആയുധമായി ഉപയോഗിക്കാം. ഇതിനെ പുതുതായി ഉയർന്നുവരുന്ന രോഗകാരിയായ വൈറസിലേക്ക് കൃത്രിമമായി കൂട്ടിച്ചേർത്ത് മുമ്പൊരിക്കലും കാണാത്ത വിധത്തിൽ ആയുധമാക്കി പ്രയോഗിക്കാമെന്നും ചൈനീസ് സൈനിക ശാസ്ത്രജ്ഞർ പറയുന്നു.

സാർസ് കൊവ്- 2 വൈറസിന്റെ ഉറവിടത്തെക്കുറിച്ചുള്ള ദുരൂഹതകൾ തുടരുന്നതിനിടെയാണ് ഇതു ജൈവായുധമെന്ന സംശയങ്ങൾക്കും ആരോപണങ്ങൾക്കും ബലം നൽകുന്ന ചൈനീസ് രേഖകൾ പുറത്തായത്. കൊവിഡ് 19 വൈറസ് വുഹാനിലെ ലാബിന്റെ സൃഷ്ടിയാണെന്നു നേരത്തേ ചൈനീസ് ഒഫ്താൽമോളജിസ്റ്റും വൈറോളജിസ്റ്റുമായ ലി മെങ് യാൻ തുറന്നടിച്ചിരുന്നു. എന്നാൽ, ഇതു നിഷേധിക്കുകയായിരുന്നു ചൈന.

മേജർ ജനറൽ ഡിസോങ് ഷു വിന്റെ നേതൃത്വത്തിലുള്ള ചൈനീസ് കമ്യൂണിസ്റ്റ് പാർട്ടി മിലിറ്ററി വൈറോളജിസ്റ്റുകൾ രാഷ്ട്രീയവും തന്ത്രപരവും പ്രാദേശികവും രാജ്യാന്തരവുമായ മേൽക്കൈ നേടാൻ ജനിതക ആയുധം ഉപയോഗിക്കുന്നതു ചർച്ച ചെയ്തിട്ടുണ്ടെന്നും യാൻ.

വൈറസ് വന്നത് ലാബിൽ നിന്ന്: ബ്രസീൽ പ്രസിഡന്റ്

ബ്രസീലിയ: നോവൽ കൊറോണ വൈറസ് ജൈവ യുദ്ധത്തിന്റെ ഭാഗമായി ലബോറട്ടറിയിൽ സൃഷ്ടിക്കപ്പെട്ടതായിരിക്കാമെന്നു ബ്രസീലിയൻ പ്രസിഡന്റ് ജെയർ ബോൾസോനാരോ. ഇതൊരു പുതിയ വൈറസാണ്. ഇത് ലബോറട്ടറിയിൽ സൃഷ്ടിച്ചതാണോ ചില മൃഗങ്ങളുടെ മാംസം ഭക്ഷിച്ചതിനാൽ മനുഷ്യരിലേക്കു പടർന്നതാണോ എന്ന് ആർക്കും അറിയില്ല. പക്ഷേ, രാസ, ജൈവ, റേഡിയോളജിക്കൽ യുദ്ധങ്ങളെക്കുറിച്ച് സൈന്യത്തിന് എല്ലാം അറിയാം. ബ്രസീലിയയിലെ പ്ലാനാൾട്ടോ പാലസിൽ നടത്തിയ പ്രസംഗത്തിൽ ബോൾസോനാരോ പറഞ്ഞു.

ഈ മഹാമാരിക്കെതിരേ ലോകത്തിന് യുദ്ധം ചെയ്യാൻ കഴിയുമോ എന്നതിൽ ആശങ്കയുണ്ട്. കൊവിഡ് കാലത്ത് ഏത് രാജ്യത്തിന്റെ ജിഡിപിയാണ് ഏറ്റവും കൂടുതൽ വളർന്നതെന്നും എന്നും ബോൾസോനാരോ ചോദിച്ചു. കഴിഞ്ഞ വർഷം വളർച്ച കൈവരിച്ച ഏക ജി -20 സമ്പദ്‌വ്യവസ്ഥയായ ചൈനയെ പരോക്ഷമായി സൂചിപ്പിച്ചാണ് ബ്രീസിയൻ പ്രസിഡന്റിന്റെ പരാമർശം. കഴിഞ്ഞ വർഷത്തെ ചൈനയുടെ ജിഡിപി 2.3 ശതമാനം വർധിച്ചുവെന്നാണ് സൗത്ത് ചൈന മോണിങ് പോസ്റ്റ് റിപ്പോർട്ട് ചെയ്തത്.

പ്രതിദിന മരണം 4,000 കടന്നു

ന്യൂഡൽഹി: രാജ്യത്ത് ഒരു ദിവസം കൊവിഡ് ബാധിച്ചു മരിച്ചവർ നാലായിരം കടന്നു. ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുറത്തുവിട്ട കണക്കു പ്രകാരം 4,187 പേരുടെ മരണമാണ് അവസാന 24 മണിക്കൂറിൽ രേഖപ്പെടുത്തിയത്. ഇതോടെ ഇതുവരെയുള്ള കൊവിഡ് മരണസംഖ്യ 2,38,270 ആയിട്ടുണ്ട്. 4,01,078 പേർക്കു കൂടി പുതുതായി രോഗം ബാധിച്ചു. ഇതുവരെയുള്ള രോഗബാധിതർ 2.19 കോടിക്ക് അടുത്തെത്തി. ഇതിൽ രോഗമുക്തർ 1.79 കോടിയിലേറെയാണ്. ആക്റ്റിവ് കേസുകൾ 37.23 ലക്ഷത്തിലേറെ. പതിനെട്ടു ലക്ഷത്തിലേറെ സാംപിളുകൾ അവസാന ദിവസം പരിശോധിച്ചു.

മഹാരാഷ്ട്രയിൽ 898, കർണാടകയിൽ

വീണ്ടും നാലു ലക്ഷത്തിലേറെ കേസുകൾ

592, ഉത്തർപ്രദേശിൽ 372, ഡൽഹിയിൽ 341, ഛത്തിസ്ഗഡിൽ 208, തമിഴ്നാട്ടിൽ 197, പഞ്ചാബിൽ 165, രാജസ്ഥാനിൽ 164, ഹരിയാനയിൽ 162, ഉത്തരഖണ്ഡിൽ 137, ഝാർഖണ്ഡിൽ 136, ഗുജറാത്തിൽ 119, പശ്ചിമ ബംഗാളിൽ 112 പേർ വീതം അവസാന ദിവസം മരിച്ചു. മഹാരാഷ്ട്രയിലെ ഇതുവരെയുള്ള മരണ സംഖ്യ 74,413. ഡൽഹിയിൽ 18,739, കർണാടകയിൽ 17,804, തമിഴ്നാട്ടിൽ 15,171, ഉത്തർപ്രദേശിൽ 14,873, പശ്ചിമ ബംഗാളിൽ 12,076 പേർ വീതം ഇതുവരെ മരിച്ചിട്ടുണ്ട്.

രാജ്യത്തെ ആക്റ്റിവ് കേസുകളിൽ 80 ശതമാനത്തിലേറെയും കേരളം അടക്കം 12 സംസ്ഥാനങ്ങളിലാണ്. ഏറ്റവും കൂടുതൽ മഹാരാഷ്ട്രയിൽ- 6.57 ലക്ഷം. കർണാടകയിൽ 5.36 ലക്ഷവും കേരളത്തിൽ നാലു ലക്ഷത്തിലേറെയും ഉത്തർപ്രദേശിൽ 2.54 ലക്ഷവും രാജസ്ഥാനിൽ 1.99 ലക്ഷവും സജീവ കേസുകളുണ്ട്. ആന്ധ്രപ്രദേശ്, ഗുജറാത്ത്, തമിഴ്നാട്, ഛത്തിസ്ഗഡ്, പശ്ചിമ ബംഗാൾ, ഹരിയാന, ബിഹാർ എന്നിവയാണ് ഇപ്പോൾ ചികിത്സയിലുള്ളവർ കൂടുതലുള്ള മറ്റു സംസ്ഥാനങ്ങൾ. അവസാന ദിവസം മഹാരാഷ്ട്രയിൽ 54,000ൽ ഏറെ പുതിയ രോഗബാധിതരെ കണ്ടെത്തി. കർണാടകയിൽ 48,781 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു.

ജില്ല	കോവിഡ് 19 കൺട്രോൾ റൂം നമ്പർ	ഓക്സിജൻ വാർ റൂം നമ്പർ
തിരുവനന്തപുരം	9188610100, 1077, 0471 277 9000	7592939426, 7592949448
കൊല്ലം	0474 2797609, 2794006 , 8589015556	75920 03857
ആലപ്പുഴ	0477 2239999, 2238642, 2238651	7594041555
പത്തനംതിട്ട	0468 2222515, 0468 2228220	1077, 8547715558
ഇടുക്കി	18004255640, 0486 2232220, 2233118	18004255640, 04862233118
കോട്ടയം	9188610014, 9188610016, 0481 2304800, 0481 2583200, 0481 2566100, 0481 2566700, 0481 2561300	0481 256 7390
എറണാകുളം	0484 2368702, 0484 2368802, 0484 2368902 അതിഥി കൺട്രോൾ റൂം 9072303275, 9072303276 വാട്ട്സ് ആപ്പ് നമ്പർ 9400021077	75940 46167
തൃശ്ശൂർ	9400066921, 9400066922, 9400066923	9400063430, 7034099935
പാലക്കാട്	0491 251 0580, 04912510583 0491 251 0575, 0491 251 0576, 251 0574	04912510577, 8848902376
മലപ്പുറം	0483 2737858, 0483 2737857, 0483 2733251, 0483 2733252, 2733253	0483 2952950
കോഴിക്കോട്	0495 2371471, 0495 2376063 കലക്ടറേറ്റ് 0495 2371002	7594001419, 7594001485
കണ്ണൂർ	0497 2700194, 2713437, 9400066062, 9400066616	8281899687
വയനാട്	04936 202343, 04936 202375	9526831678
കാസർഗോഡ്	9946000493, 9946000293	9645002811

കേരളത്തിന് 1.84 ലക്ഷം ഡോസ് വാക്സിൻ കൂടി

■ മൂന്നു ദിവസത്തിനിടെ സംസ്ഥാനങ്ങൾക്ക് അനുവദിക്കുന്നത് 53 ലക്ഷം ഡോസുകൾ
■ ഏറ്റവും കൂടുതൽ ഗുജറാത്തിന്- 8.98 ലക്ഷം

ന്യൂഡൽഹി: കേരളത്തിന് 1,84,070 ഡോസ് കൊവിഡ് വാക്സിൻ കൂടി അനുവദിച്ച് കേന്ദ്ര സർക്കാർ. അടുത്ത മൂന്നു ദിവസത്തിനുള്ളിൽ വിവിധ സംസ്ഥാനങ്ങൾക്കായി 53.25 ലക്ഷം ഡോസ് വാക്സിനുകൾ വിതരണം ചെയ്യുമെന്നും സർക്കാർ വൃത്തങ്ങൾ. ഗുജറാത്തിന് 8.98 ലക്ഷം ഡോസുകളും മഹാരാഷ്ട്രയ്ക്ക് 6.03 ലക്ഷം ഡോസുകളുമാണ് നൽകുക. രാജസ്ഥാന് 4.50 ലക്ഷവും ഉത്തർപ്രദേശിന് നാലു ലക്ഷവും ഡോസുകൾ ലഭിക്കുമെന്നും ബന്ധപ്പെട്ട വൃത്തങ്ങൾ.

പശ്ചിമ ബംഗാൾ, ബിഹാർ, ഛത്തിസ്ഗഡ് സംസ്ഥാനങ്ങൾക്ക് യഥാക്രമം 3.95 ലക്ഷം, 3.64 ലക്ഷം, മൂന്നു ലക്ഷം വീതം ഡോസാണു നൽകുന്നത്. ജമ്മു കശ്മീരിന് 84,700 ഡോസ്. സംസ്ഥാനങ്ങളുടെ കൈവശം 84 ലക്ഷത്തിലേറെ വാക്സിൻ ഡോസുകൾ സ്റ്റോക്കുണ്ടെന്ന് ആരോഗ്യ മന്ത്രാലയം പ്രസ്താവനയിൽ വ്യക്തമാക്കി. ഇതുവരെ 17.49 കോടി ഡോസുകളാണ് സംസ്ഥാനങ്ങൾക്കായി വിതരണം ചെയ്തത്. ഇതിൽ 16.7 കോടി ഡോസുകൾ ഉപയോഗിച്ചുകഴിഞ്ഞു.

40.22 ലക്ഷം ഡോസുകളാണു ഡൽഹിക്കു നൽകിയത്. ഇതിൽ 36.09 ലക്ഷമാണ് ഉപയോഗിച്ചതെന്നും മന്ത്രാലയം വിശദീകരിച്ചു. നാലു ലക്ഷത്തിലേറെ ഡോസുകൾ ഡൽഹിയിൽ ഇനിയും ഉപയോഗിക്കാൻ ബാക്കിയുണ്ട്. മൂന്നു ദിവസത്തിനുള്ളിൽ ഒരു ലക്ഷം ഡോസ് കൂടി അവർക്കു ലഭിക്കും.

ഇന്ത്യയ്ക്ക് എല്ലാ സഹായവും നൽകും: കമല ഹാരിസ്

വാഷിങ്ടൺ: കൊവിഡിനെതിരായ പോരാട്ടത്തിൽ ഇന്ത്യയ്ക്ക് എല്ലാ സഹായവും നൽകുമെന്ന് യുഎസ് വൈസ് പ്രസിഡന്റ് കമല ഹാരിസ്. ഇന്ത്യയുടെ ക്ഷേമം അമെരിക്കയ്ക്ക് ഏറെ നിർണായകമാണെന്നും അവർ. ഇന്ത്യയിലെ കൊവിഡ് മരണങ്ങൾ ഹൃദയഭേദകമാണ്. പ്രിയപ്പെട്ടവർ നഷ്ടമായവരുടെ വേദനയ്ക്കൊപ്പം അമെരിക്കയുമുണ്ട്. കഴിയുന്ന എല്ലാ സഹായവും അമെരിക്ക ഇന്ത്യക്ക് എത്തിക്കുന്നുണ്ട്- കമല പറഞ്ഞു. കഴിഞ്ഞവർഷം മഹാമാരി പൊട്ടിപ്പുറപ്പെട്ടപ്പോൾ യുഎസിലെ ആശുപത്രി കിടക്കകളിൽ സമ്മർദമേറി. ഈ സമയത്ത് ഇന്ത്യ സഹായം അയച്ചുതന്നു. ഇന്ന് ഞങ്ങൾ അവരെയും സഹായിക്കാൻ ബാധ്യസ്ഥരാണ്- ഇന്ത്യയ്ക്കു കൊവിഡ് പ്രതിരോധ സഹായം എത്തിക്കുന്നതു സംബന്ധിച്ച വിദേശകാര്യ മന്ത്രാലയത്തിന്റെ ഒരു ചടങ്ങിൽ കമല പറഞ്ഞു.

ലോക്ക്ഡൗൺ: ഭാഗ്യക്കുറി നറുക്കെടുപ്പുകൾ മാറ്റിവച്ചു ഏതാനും ഭാഗ്യക്കുറികൾ റദ്ദാക്കി

കോവിഡ്-19 നിയന്ത്രണങ്ങളുടെ ഭാഗമായി സംസ്ഥാനത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ മെയ് 10, 11, 12, 14 തീയതികളിൽ നറുക്കെടുപ്പ് നിശ്ചയിച്ചിരുന്ന വിൻ വിൻ (W-65), സ്ത്രീശക്തി (SS-260), അക്ഷയ (AK-497), ഭാഗ്യമിത്ര (BM-06) എന്നീ ഭാഗ്യക്കുറികളുടെ നറുക്കെടുപ്പ് മാറ്റിവച്ചു. പുതുക്കിയ നറുക്കെടുപ്പ് തീയതി പിന്നീട് അറിയിക്കും. ഇതിനൊപ്പം മെയ് 13, 14, 17, 18, 19, 20, 21, 22, 24, 25, 26, 27 തീയതികളിൽ നിശ്ചയിച്ചിരുന്ന കാരുണ്യ പ്ലസ് KN-368, നിർമ്മൽ NR-224, വിൻ വിൻ W-616, സ്ത്രീശക്തി SS-261, അക്ഷയ AK-498, കാരുണ്യ പ്ലസ് KN-369, നിർമ്മൽ NR-225, കാരുണ്യ KR-500, വിൻവിൻ W -617, സ്ത്രീശക്തി SS-262, അക്ഷയ AK-499, കാരുണ്യ പ്ലസ് KN-370 ഭാഗ്യക്കുറികൾ റദ്ദാക്കി.

പ്പ്, പബ്ലിസിറ്റി ഓഫീസർ
സംസ്ഥാന ഭാഗ്യക്കുറി വകുപ്പ്

07.05.2021.

ആരോഗ്യപ്രശ്നങ്ങൾക്ക്
ഇ-സഞ്ജീവനി ടെലി മെഡിസിൻ
സേവനം 24 മണിക്കൂറും ലഭ്യമാണ്
നമ്മുടെ ആരോഗ്യം നമ്മുടെ ഉത്തരവാദിത്തം
SMS soap/sanitiser mask social distancing
Break the chain
CRUSH THE CURVE
ഈ പ്രതിസന്ധി ഘട്ടത്തെ ക്ഷമയോടെ, സമചിത്തതയോടെ, ഉത്തരവാദിത്തബോധത്തോടെ നമുക്ക് തരണം ചെയ്യാം.
കൂടുതൽ വിവരങ്ങൾക്ക് വിളിക്കൂ ദിശ
1056,0471-2552056

കൊറോണ വൈറസ് എത്ര ഭേദം!

ക്വാറന്റൈൻ

കെ.ആർ. പ്രമോദ്

(ന്യൂസ് ചാനൽ ഓഫീസ്. രാവിലെ പത്തു മണി. കോട്ടും കണ്ഠകൗപീനവും മുഖാവരണവും ധരിച്ച ചാനൽ മേലാളനും അനുയായികളായ പൈതങ്ങളും കാറുകളിൽ വന്നിറങ്ങി. എല്ലാ ആഴ്ചയിലുമുള്ള രഹസ്യയോഗം തുടങ്ങുകയാണ്. തങ്ങളുടെ ചാനലിന് എരിവും പുളിയും വർധിപ്പിക്കാൻ പുതിയതായി ചേർക്കേണ്ട ചേരുവകകളെക്കുറിച്ച് ചർച്ച ചെയ്യാനായിരുന്നു കോൺഫ്രൻസ്. ആചാരവെടി മുഴങ്ങി. നീചവർഗം ഇരുന്നുകൊണ്ട് വേദിയിലേക്ക് പ്രവേശിച്ചു.)



മേലാളൻ: പ്രിയ സുഹൃത്തുക്കളെ! മത്സരങ്ങളുടെ കാലമാണ് ഇത്. സർവൈവൽ ഒഫ് ദി ഫിറ്റസ്റ്റ് എന്നാണ് പ്രകൃതിനിയമം. ഇലക്ഷൻ കഴിഞ്ഞു, ഫലവും വന്നു. പശു ചത്തു, മോരിലെ പുളിയും പോയി. നമുക്ക് പുതിയ തമാശപ്പരിപാടികൾ ഇനി കണ്ടെത്തേണ്ടിയിരിക്കുന്നു. ജനങ്ങൾ നമ്മുടെ ചാനലിനു മുമ്പിൽ ചടഞ്ഞിരുന്ന് ചിരിക്കുകയും കരയുകയും ചെയ്യണം. ലോക് ഡൗൺ കാലത്തും നമ്മുടെ റേറ്റിങ് വർധിപ്പിക്കണം. പരസ്യങ്ങൾ ധാരാളം കിട്ടണം. മുതലാളി മെലിയാതെ നോക്കണം.

ഒന്നാം പൈതൽ: സർ! റേറ്റിങ് കൂട്ടാൻ ഒരു വിദ്യയുണ്ട്! നമ്മുടെ ചാനൽ മുതലാളിയടെ ഒരു പ്രസംഗം ടെലികാസ്റ്റ് ചെയ്താൽ മതി. ജനങ്ങൾ ചിരിച്ചു ചിരിച്ചു മണ്ണു കപ്പിയിടും!

മേലാളൻ: അതൊന്നും വേണ്ട. മുതലാളിക്ക് പ്രസംഗത്തിലല്ല, മറ്റു പലതിലുമാണ് താല്പര്യമെന്ന് തനിക്ക് അറിഞ്ഞുകൂടേ? താൻ ഒരു വർഗീയ- ഫാസിസ്റ്റ് വിരുദ്ധ ലേഖനം എഴുതിക്കൊടുക്ക്. കുറെ നാളായി മൂപ്പരുടെ പേരിൽ പത്രത്തിൽ ഒരു സൃഷ്ടി വന്നിട്ട്!

ഒന്നാം പൈതൽ: ഉത്തരവ്, സർ!

രണ്ടാം പൈതൽ: കുടുംബങ്ങളിൽ കൊവിഡ് വ്യാപകമായതോടെ ആണുങ്ങളിൽ പലരും അടുക്കളക്കാര്യം നോക്കിത്തുടങ്ങിയിരിക്കുകയാണ്. അവർക്കു വേണ്ടി ഒരു പാചക പരിപാടി ആയാലോ?

മൂന്നാം പൈതൽ: തെരഞ്ഞെടുപ്പിൽ തോറ്റവരുടെ ഭാര്യമാരുടെ കണ്ണീർക്കഥകൾ കൊടുത്താലോ?

രണ്ടാം പൈതൽ: ഈ കൊറോണ നല്ല വിഷയമാണ്. കൊറോണ സംബന്ധമായി ഒരു ജ്യോതിഷ പരിപാടിയും ചാനൽ ചർച്ചയും തുടങ്ങിയാൽ കൊറോണയുടെ പേരിൽ ഒരു വിശ്വാസ സമൂഹത്തെ നമുക്ക് പടച്ചുണ്ടാക്കാൻ സാധിക്കും. മഞ്ഞൾപ്രസാദം, വാൽക്കിണ്ടി, കുളി, തേവാരം തുടങ്ങിയ ആചാരങ്ങളെ തിരിച്ചു കൊണ്ടുവന്ന് ഒരു കൾട്ട് ഉണ്ടാക്കാം. പിന്നെ കാര്യങ്ങൾ എളുപ്പമായി.

നാലാം പൈതൽ: കൊള്ളാം! നല്ല സബ്ജക്ടാണ് സർ! ഒരു സെക്കുലർ വില്പനച്ചരക്കാണ് കൊറോണ എന്നാണ് എനിക്കു തോന്നുന്നത്. കാര്യങ്ങൾ മതേതരമാക്കിയാൽ മാർക്കറ്റ് വിപുലമാകും. ഫണ്ടിങ്ങിനും അവാർഡിനും സ്കോപ്പുണ്ട്.

മേലാളൻ: കൊറോണ നല്ല ഒരു സാധ്യതയാണ്. പല രീതിയിൽ മുതലാക്കാവുന്ന വിഷയവുമാണ്. വിവിധ ആംഗിളുകളിലൂടെ കവർ ചെയ്യണമെന്നു മാത്രം. എന്തായാലും നാട്ടുകാർ ഞെട്ടണം. ആധിയോടെ അവർ ചാനലിനു മുമ്പിലിരിക്കണം. വ്യാധി താനെ വന്നുകൊള്ളും!

രണ്ടാം പൈതൽ: പക്ഷെ, സർ! നാട്ടുകാരെ ഒരു അസുഖത്തിന്റെ പേരുപറഞ്ഞ് ഭയപ്പെടുത്താമോ, സർ? അത് നമ്മുടെ എത്തിക്സിന് എതിരല്ലേ?

മേലാളൻ: താൻ ഈ നാട്ടിലല്ലേ താമസിക്കുന്നത്? എന്തോന്ന് എത്തിക്സ്? അതു നോക്കുകയാണെങ്കിൽ അഹിംസാ പാർട്ടിക്കാർക്ക് ഒരു കോഴിയിറച്ചി പോലും തിന്നാൻ പറ്റുമോ? പണം മുടക്കുന്ന മുതലാളിക്ക് ലാഭം ഉണ്ടാക്കിക്കൊടുക്കണം. അതാണ് നമ്മുടെ എത്തിക്സ്.

മൂന്നാം പൈതൽ: എല്ലാം പിടികിട്ടി സർ! നമ്മൾ കൊറോണാ ചരിതം നന്നായി കൊടുത്തില്ലെങ്കിൽ മറ്റുള്ളവർ മുതലെടുക്കുകയും മുന്നേറുകയും ചെയ്യും എന്നൊരു ദോഷം കൂടിയുണ്ട്. അതിന് അനുവദിക്കരുത്. മറ്റൊരു ചാനലിനും ആഘോഷിക്കാനാവാത്ത വിധം നമ്മൾ ഈ അവസരം ഉപയോഗിക്കണം! കൊറോണ വൈറസ് നമ്മുടെ ലോഗോ ആക്കണം.

മേലാളൻ: കണ്ണീർ കഥകൾ വേണം. ഉത്തരേന്ത്യയിലെ ശ്മശാനങ്ങളിൽ നല്ല തിരക്കുണ്ടെന്ന് ഒരു ചാനൽ കാച്ചിവിടുന്നുണ്ട്. കാശിയിലെ ഗംഗാതീരം കാണിച്ചുകൊണ്ടാണ് വാചകമടി നടക്കുന്നത്! നമ്മൾ ഒരു പടി കൂടി കടന്ന് തന്ത്രം മെനയണം. ഇവിടെ ഓരോ ജില്ലയിലുള്ള ചുടലപ്പറമ്പുകളിൽ ക്യാമറ വയ്ക്കണം. റിപ്പോർട്ടർമാർ ഓബി വാനുകളുമായി ഉടൻ പോകട്ടെ!

മൂന്നാം പൈതൽ: 'ആത്മവിദ്യാലയമേ.....' എന്ന പാട്ട് ഓരോ സീനിലും കേൾപ്പിക്കണം. വേണ്ടി വന്നാൽ ചുടലച്ചാരവും വാരണം.

മേലാളൻ: ആശുപത്രികളിലും ഒരു കണ്ണു വേണം. നല്ല മരണ സീനുകൾ കിട്ടും. മുല്ലപ്പെരിയാർ പൊട്ടുമെന്നു പറഞ്ഞ് വള്ളക്കടവിൽ പോയി കുറെ സീനെടുത്തില്ലേ? അതുപോലെ വേണം. ഒരു സംഭവം ഊതി വലുതാക്കാനാണ് ശ്രദ്ധ വേണ്ടത്. ഊതിക്കെടുത്തിയാൽ അതിന്റെ സാധ്യതകൾ ഇല്ലാതാകും.'

നാലാം പൈതൽ: ചിത ഊതിക്കത്തിക്കുന്ന കാര്യമേറ്റു. കോലം കത്തിയ്ക്കുന്ന നാട്ടിൽ അതിനാണോ പ്രയാസം!

രണ്ടാം പൈതൽ: ഏതൊക്കെ ആശുപത്രികളിൽ പോകണം?

മേലാളൻ: നമുക്ക് പരസ്യം തരാത്തവരുടെ ആശുപത്രികളിലൊക്കെ പോകണം. മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ ബേസിക് തത്വം മറക്കരുത് കേട്ടോ? പരസ്യ മാനെജരെ കണ്ട് സംസാരിച്ചിട്ടു പോയാൽ നന്നായിരിക്കും.

രണ്ടാം പൈതൽ: സ്ക്രീനിൽ മുഴുവൻ പരസ്യമാണ്. ഇനി കിട്ടുന്ന പരസ്യം വാർത്ത വായിക്കുന്നവരുടെ ഉടുപ്പിലും കവിളുകളിലും ഒട്ടിക്കേണ്ടി വരും!

മേലാളൻ : സാരമില്ല. നവ ലിബറൽ സാമ്പത്തിക നയങ്ങളെ വിമർശിച്ചു കൊണ്ട് മുതലാളിയുടെ പേരിൽ ഒരു പുസ്തകം നമുക്ക് പുറത്തിറക്കാം!

മൂന്നാം പൈതൽ: കൊറോണ വൈറസ് എത്ര ഭേദം!

നാലാം പൈതൽ: കൊറോണ വന്നാലുള്ള ശ്വാസംമുട്ടൽ എത്ര ഭേദം!

മേലാളൻ : ശരി! ശരി! ചാനൽ ചർച്ച തുടങ്ങാറായി. ചർച്ചകളിലെ ഹിഡൻ അജണ്ടകളെക്കുറിച്ച് ഒരു ഗൈഡ് ലൈൻ ഉടനെ തരുന്നതാണ്.

പൈതങ്ങൾ (ഒരേ സ്വരത്തിൽ): യെസ്, സർ!

(കർട്ടൻ)

തിരിച്ചുവരവിന്റെ പാഠങ്ങൾ

ഫിഷ് ഐ

ഇ.ആർ. വാരിയർ

നിയമസഭാ തെരഞ്ഞെടുപ്പിലെ തുടർച്ചയായ രണ്ടാം തോൽവി കേരളത്തിലെ കോൺഗ്രസിനെ ദുർബലമാക്കുമെന്നും അതു ബിജെപിക്കു വളരാൻ അവസരമൊരുക്കുമെന്നുമുള്ള നിരീക്ഷണങ്ങൾ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനു മുൻപു തന്നെ പല ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. കോൺഗ്രസിനു പിടിച്ചുനിൽക്കാൻ ഇക്കുറി വിജയിച്ചേ തീരൂ എന്നതായിരുന്നു പാർട്ടിക്കാരിൽ നിന്നു തന്നെയുള്ള പ്രതികരണങ്ങളിൽ മുഴച്ചുനിന്ന സൂചന. തദ്ദേശ തെരഞ്ഞെടുപ്പിലെ തിരിച്ചടികൾ കൂടിയായതോടെ കോൺഗ്രസ് വല്ലാതെ ആശങ്കയിലായി. നിയമസഭാ തെരഞ്ഞെടുപ്പിന്റെ സ്ഥാനാർഥിനിർണയ സമയത്തു കണ്ട പതിവു പ്രതിഷേധങ്ങളും അസ്വസ്ഥതകളും ഒഴിച്ചുനിർത്തിയാൽ ഒറ്റക്കെട്ടായി കോൺഗ്രസിനെയും യുഡിഎഫിനെയും കളത്തിലിറക്കിയതും ഈ അടിയന്തര സാഹചര്യമാണ്.

പക്ഷേ, എല്ലാം വൈകിപ്പോയിരുന്നുവെന്നു ഫലം വന്നപ്പോൾ വ്യക്തമായി. സ്വാഭാവികമായും പഴയ നിരീക്ഷണങ്ങൾ വീണ്ടും പ്രസക്തമാവുകയും ചെയ്തു. കോൺഗ്രസ് ഇനിയെങ്ങനെ തിരിച്ചുവരും എന്നതാണു ചർച്ചകളുടെ ആകെത്തുക. ഈ പശ്ചാത്തലത്തിലാണ് കഴിഞ്ഞ ദിവസത്തെ കെ. മുരളീധരൻ എംപിയുടെ പ്രതികരണം ശ്രദ്ധിക്കപ്പെടുന്നത്. പത്തുവർഷം പ്രതിപക്ഷത്തിരുന്നാലും നശിക്കുന്ന പാർട്ടിയല്ല കോൺഗ്രസ്. കേരളത്തിൽ ഒരിക്കലും കോൺഗ്രസ് തകരില്ല- മുരളി പറയുന്നു. ഏതു കോൺഗ്രസുകാരനും കേൾക്കാനും വിശ്വസിക്കാനും ആഗ്രഹിക്കുന്നതാവും ഈ വാക്കുകൾ. അതിൽ അതിശയോക്തി കാണേണ്ടതുമില്ല.

ഒരു രാഷ്ട്രീയ പാർട്ടിയെ സംബന്ധിച്ചിടത്തോളം പത്തു വർഷം വലിയൊരു കാലയളവല്ല. തുടർച്ചയായി അധികാരത്തിനു പുറത്തായ ശേഷം പാർട്ടികൾ തിരിച്ചുവന്ന ചരിത്രം ഈ രാജ്യത്ത് ആവശ്യത്തിനുണ്ടുതാനും. അതിൽ ഏറ്റവും അവസാനത്തേതാണല്ലോ കഴിഞ്ഞ ദിവസം തമിഴ്നാട്ടിൽ അധികാരമേറ്റ ഡിഎംകെ സർക്കാർ. കരുണാനിധി പുത്രൻ എം.കെ. സ്റ്റാലിന്റെ നേതൃത്വത്തിൽ ഡിഎംകെയുടെ ഇക്കഴിഞ്ഞ വർഷങ്ങളിലെ തിരിച്ചുവരവ് ശുഭാപ്തിവിശ്വാസവും ദൃഢനിശ്ചയവുമുള്ള നേതൃത്വങ്ങൾക്ക് ജനങ്ങളെ ഒപ്പം കൂട്ടാനാവും എന്നതിനു തെളിവാണ്. പത്തു വർഷം പിന്നിലോട്ടൊന്നു പോയിനോക്കണം. കേന്ദ്രത്തിൽ യുപിഎ സർക്കാർ ഭരിക്കുന്ന കാലം. അഴിമതിയാരോപണങ്ങൾ കുന്നുകണക്കിനു വന്നു പതിക്കുകയായിരുന്നു ഡിഎംകെയ്ക്കു മേൽ. കരുണാനിധിയുടെ മകൾ കനിമൊഴിയും വിശ്വസ്തരായ ലഫ്റ്റനന്റുമാരും ആരോപണ വിധേയരായ ടുജി സ്പെക്ട്രം കുംഭകോണം ദേശീയ രാഷ്ട്രീയത്തെ തന്നെ പിടിച്ചുകുലുക്കി. എയർസെൽ- മാക്സിസ് ഇടപാടിൽ മാരൻ സഹോദരൻമാരും ആരോപണ വിധേയരായി. കരുണാനിധിയുടെ കുടുംബവാഴ്ചയിൽ സർവത്ര അഴിമതിയാണെന്നു സ്ഥാപിക്കാൻ ജയലളിതയ്ക്കു കഴിഞ്ഞു.

അഴിമതിയാരോപണങ്ങൾ ഡിഎംകെയുടെ കഥ കഴിക്കുന്നു എന്ന പ്രചാരണം എത്ര ശക്തമായിരുന്നു അക്കാലത്ത്. 2011ലെ തെരഞ്ഞെടുപ്പിൽ ഡിഎംകെ തോറ്റ് അധികാരത്തിനു പുറത്തായി. പിന്നീടും അഴിമതിയാരോപണങ്ങൾ നിരനിരയായി വന്നു. കോൺഗ്രസ് പോലും സഹായിക്കുന്നില്ലെന്നു കരുണാനിധി വിലപിച്ച അവസരവുമുണ്ടായി. 2014ൽ കേന്ദ്രത്തിൽ മൻമോഹൻ സിങ്ങിന്റെ യുപിഎ സർക്കാരിനെ അധികാരത്തിൽ നിന്നു പുറത്താക്കിയതിലും ഇവയടക്കം അഴിമതിയാരോപണങ്ങൾക്കു വലിയ പങ്കുണ്ട്.

ഓരോ തവണയും രാഷ്ട്രീയ പാർട്ടികളെ മാറിമാറി പരീക്ഷിക്കുന്നതാണു തമിഴ്നാട്ടിലെ രീതി. അതുകൊണ്ടുതന്നെ 2011ലെ തോൽവിയിൽ അങ്ങനെ സമാധാനിക്കാം. പക്ഷേ, 2016ൽ എത്തിയപ്പോഴും ഒന്നും ശരിയായില്ല ഡിഎംകെയ്ക്ക്. സ്റ്റാലിൻ തന്നെ മുത്തുവേലിന്റെ പിൻഗാമി എന്ന് ഉറപ്പിച്ചിരുന്നെങ്കിലും കരുണാനിധിയുടെ നിഴലിൽ തന്നെയായിരുന്നു അദ്ദേഹം. അഴിമതിയാരോപണങ്ങളുടെ ഭൂതം വിടാതെ പിന്തുടർന്നു ഡിഎംകെയെ. ചരിത്രം തിരുത്തി ജയലളിത അധികാരത്തുടർച്ച നേടിയപ്പോൾ ഇനി ഡിഎംകെയുടെ കുടുംബാധിപത്യം തമിഴകത്തു നടപ്പില്ല എന്ന് ആവർത്തിച്ചു വിധിയെഴുതിയവർ പലരുണ്ടാവും.

അവിടെനിന്നാണ് സ്റ്റാലിൻ പാർട്ടിയെ കൈപിടിച്ചുയർത്തുന്നത്. 234 അംഗ നിയമസഭയിൽ 159 സീറ്റുകളോടെ ഡിഎംകെയും സഖ്യകക്ഷികളും വിജയം നേടുന്നതുവരെ. അതിൽ ഡിഎംകെയ്ക്കു മാത്രം 131 സീറ്റുണ്ട്, തനിച്ച് വ്യക്തമായ ഭൂരിപക്ഷം. ഇതിനു മുൻപ് അവസാനമായി പാർട്ടി അധികാരത്തിലെത്തിയപ്പോൾ (2006ൽ) മുന്നണിക്കു ഭൂരിപക്ഷമുണ്ടായിരുന്നെങ്കിലും ഡിഎംകെയ്ക്ക് 96 സീറ്റ് മാത്രമായിരുന്നു. സഖ്യകക്ഷികളുടെ പിന്തുണയോടെയായിരുന്നു കരുണാനിധിയുടെ അന്നത്തെ ഭരണം. അവിടെനിന്ന് ക്രമമായ തകർച്ചയ്ക്കു ശേഷം സ്റ്റാലിന്റെ നേതൃത്വത്തിൽ അവർ നടത്തിയ ഈ തിരിച്ചുവരവ് കോൺഗ്രസിനു മാത്രമല്ല രണ്ടു തെരഞ്ഞെടുപ്പു തോൽവികളോടെ എല്ലാം കഴിഞ്ഞു എന്നു കരുതുന്നവർക്കെല്ലാം പാഠമാണ്.

അണികളിലും പ്രവർത്തകരിലും വിശ്വാസവും പ്രതീക്ഷയും വളർത്താൻ കഴിയുന്ന ശക്തമായ നേതൃത്വം ഉണ്ടാവുക എന്നതാണു പ്രധാനം. 2017ന്റെ ആദ്യ നാളുകളിലാണ് (ജനുവരിയിൽ) കരുണാനിധിയുടെ ആരോഗ്യനില മോശമാവുന്ന സാഹചര്യത്തിൽ സ്റ്റാലിൻ പാർട്ടിയുടെ വർക്കിങ് പ്രസിഡന്റാവുന്നത്. അതുവരെ ട്രഷററായിരുന്നു അദ്ദേഹം. 2018ൽ കരുണാനിധിയുടെ ദേഹവിയോഗത്തെത്തുടർന്ന് പാർട്ടി അധ്യക്ഷനുമായി. തന്റെ പിൻഗാമി സ്റ്റാലിൻ തന്നെയെന്ന് ഉറപ്പിച്ചിട്ടാണ് കലൈഞ്ജർ ഈ ലോകം വിട്ടത് എന്നതിനാൽ പാർട്ടിയിൽ യാതൊരു അസ്വസ്ഥതകളും ഉയർന്നില്ല എന്നു പൊതുവേ പറയാം. എന്നാൽ, രാഷ്ട്രീയത്തിൽ ഒന്നും സ്ഥായിയാണെന്നു പറയാനാവില്ല. നേതാക്കളെയും അണികളെയും ഉറപ്പിച്ച് ഒപ്പം നിർത്താൻ സ്റ്റാലിനു കഴിഞ്ഞതുകൊണ്ടാണ് എല്ലാ അസ്വസ്ഥതകളും ഒഴിഞ്ഞത് എന്നു കൂടി പറയാമല്ലോ.

കേന്ദ്ര ഭരണകക്ഷി ബിജെപിക്കും സംസ്ഥാനം ഭരിക്കുന്ന അണ്ണാ ഡിഎംകെയ്ക്കും എതിരേ ഒരേസമയം സമരങ്ങൾ നയിച്ചു സ്റ്റാലിൻ. അണികളോടു നേരിട്ടു സംവദിക്കുകയും കാര്യങ്ങൾ ബോധിപ്പിച്ച് പ്രക്ഷോഭങ്ങളിൽ അവരെ ഒപ്പം ചേർക്കുകയും ചെയ്തു. സംസ്ഥാന താത്പര്യമുള്ള വിഷയങ്ങളിൽ അണ്ണാ ഡിഎംകെയെക്കാൾ വ്യക്തതയോടെ സംസാരിച്ചു. അടുത്ത തലൈവർ സ്റ്റാലിനാണെന്ന കാര്യത്തിൽ പൊതുജനങ്ങളിലും ധാരണ പടർന്നു. 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 39ൽ 38 സീറ്റും ഡിഎംകെ മുന്നണി വാരിക്കൂട്ടിയപ്പോൾ അതു പുതിയ നേതാവിനുള്ള ജനകീയാംഗീകാരമായി. തുടർന്നു നടന്ന തദ്ദേശ തെരഞ്ഞെടുപ്പിലും മികച്ച പ്രകടനം കാഴ്ചവച്ചു.

ക്രമമായ തകർച്ചയ്ക്കു ശേഷം സ്റ്റാലിന്റെ നേതൃത്വത്തിൽ അവർ നടത്തിയ ഈ തിരിച്ചുവരവ് കോൺഗ്രസിനു മാത്രമല്ല രണ്ടു തെരഞ്ഞെടുപ്പു തോൽവികളോടെ എല്ലാം കഴിഞ്ഞു എന്നു കരുതുന്നവർക്കെല്ലാം പാഠമാണ്.

സ്റ്റാലിന്റെ മേധാവിത്തം മറികടക്കാൻ നിരവധി ക്ഷേമ പദ്ധതികൾ പ്രഖ്യാപിക്കുകയുണ്ടായി അവസാന ഘട്ടത്തിൽ എടപ്പാടിയുടെ അണ്ണാ ഡിഎംകെ സർക്കാർ. പക്ഷേ, അതിനൊന്നും പുതിയ തലൈവരുടെ അടിത്തറയിളക്കാനായില്ല. ഈ നിയമസഭാ തെരഞ്ഞെടുപ്പിലും അഴിമതിയും കുടുംബാധിപത്യവും ഡിഎംകെയ്ക്കെതിരേ വിഷയമാക്കി ബിജെപിയും അണ്ണാ ഡിഎംകെയും. ഇതിനിടയിലും മകൻ ഉദയനിധി സ്റ്റാലിനെയും മത്സരിപ്പിക്കാനുള്ള ആത്മവിശ്വാസം കാണിച്ചു അദ്ദേഹം. ചെപ്പോക്കിൽ ഉദയനിധി മത്സരിക്കാനിറങ്ങിയതോടെ ആരോപണങ്ങൾക്കു കടുപ്പമേറി. പക്ഷേ, അതിലൊന്നും കുരുങ്ങിക്കിടന്നില്ല സ്റ്റാലിൻ.

പത്തുവർഷത്തെ കാത്തിരിപ്പിനെക്കുറിച്ചു പറയുമ്പോൾ ബിജെപിയെയും നരേന്ദ്ര മോദിയെയും കുറിച്ചു കൂടി പറയാതെ വയ്യ. രണ്ടു തവണ തുടർച്ചയായി മൻമോഹൻ സിങ് അധികാരത്തിലെത്തിയപ്പോൾ ബിജെപിയാകെ തകരുന്നു എന്നു കണക്കുകൂട്ടിയവരില്ലേ. വാജ്പേയി ഒഴിഞ്ഞ പ്രധാനമന്ത്രിക്കസേര ബിജെപിക്കു തിരിച്ചുപിടിക്കാനാവില്ലെന്ന പ്രവചനങ്ങൾക്കിടെയാണല്ലോ ഗുജറാത്ത് മുഖ്യമന്ത്രിസ്ഥാനത്തു നിന്ന് നരേന്ദ്ര മോദിയുടെ ഇന്ദ്രപ്രസ്ഥത്തിലേക്കുള്ള വരവ്. ദേശീയതലത്തിൽ ഇപ്പോൾ കോൺഗ്രസാണ് പത്താം വർഷത്തെ അടുത്ത തെരഞ്ഞെടുപ്പിനു കാത്തിരിക്കുന്നത്. കേരളത്തിൽ ഇനിയെന്ത് എന്ന ചോദ്യം പോലെ 2019 മുതൽ സജീവമാണ് കേന്ദ്രത്തിൽ ഇനിയെന്ത് എന്ന ചോദ്യവും.

ഇതിന് ഉത്തരം തേടുമ്പോൾ കോൺഗ്രസിനു മുന്നിൽ തന്നെ നല്ലൊരു ഉദാഹരണമുണ്ട്. അതു മധ്യപ്രദേശാണ്. 1993 മുതൽ പത്തുവർഷത്തെ ദിഗ് വിജയ് സിങ്ങിന്റെ ഭരണത്തെത്തുടർന്ന് മധ്യപ്രദേശിൽ പ്രതിപക്ഷത്തായതാണു കോൺഗ്രസ്.

2018ലെ തെരഞ്ഞെടുപ്പു വരെ മധ്യപ്രദേശ് ബിജെപിയുടെ കോട്ട. പതിനഞ്ചു വർഷത്തിനു ശേഷം കമൽനാഥും ജ്യോതിരാദിത്യ സിന്ധ്യയുമൊക്കെ ചേർന്ന് കോൺഗ്രസിനെ അധികാരത്തിൽ തിരിച്ചുകൊണ്ടുവന്നു. പക്ഷേ, ഇവരെ ഒറ്റക്കെട്ടായി നിർത്തുന്നതിൽ ദേശീയ നേതൃത്വം പരാജയപ്പെട്ടപ്പോൾ സിന്ധ്യ ബിജെപിക്കൊപ്പമായി. കോൺഗ്രസ് വീണ്ടും ഭരണത്തിനു പുറത്തുമായി. എന്തൊക്കെയാണു കോൺഗ്രസിന്റെ കുഴപ്പങ്ങളെന്നു തെളിച്ചുകാണിച്ചു മധ്യപ്രദേശ് രാഷ്ട്രീയം. അവിടെ നിന്നുവേണം സ്റ്റാലിനിൽ എത്താനും കേരളത്തിലേക്കു നോക്കാനും.

വ്രതം വിശ്വാസിയുടെ പാഠശാല

നിസാമുദ്ദീൻ ഫാളിലി കൊല്ലം

റംസാനിൽ ഒരു വിശ്വാസി നേടിയിരിക്കേണ്ടത് എന്തെല്ലാം? വിശുദ്ധ ഖുർആൻ നോമ്പിനെ പരിചയപ്പെടുത്തുന്ന വാക്യങ്ങൾ നോക്കൂ. ഹേ സത്യവിശ്വാസികളേ, പൂർവിക സമൂഹങ്ങൾക്കെന്ന പോലെ നിങ്ങൾക്കും നിശ്ചിത ദിനങ്ങളിൽ വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ഭക്തിയുള്ളവരാകാൻ (2:183). ഭക്തിയുള്ളവരാക്കി വിശ്വാസി സമൂഹത്തെ സ്വാംശീകരിക്കുക എന്നതാണ് നോമ്പിന്റെ മർമ്മമെന്ന് ഈ സൂക്തം ചൂണ്ടിക്കാട്ടുന്നു.

ഭക്തി എല്ലാ വിജയങ്ങളുടെയും നിദാനമാണ്. അല്ലാഹു കൽപ്പിച്ച കാര്യങ്ങളെ പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും അവൻ നിഷിദ്ധമെന്ന് പറഞ്ഞ കാര്യങ്ങളെ വെടിയുകയും ചെയ്യലാണ് തഖ അഥവാ ഭക്തി. അതിലേക്ക് ഓരോ വിശ്വാസിയുടെയും ശരീരവും മനസും പാകപ്പെട്ട് വരേണ്ടതുണ്ട്.

അബൂദർറുൽ ഗിഫാരിയോട് നബി (സ) വസിയ്യത്ത് ചെയ്തു. "നിങ്ങൾ എവിടെ ആയിരുന്നാലും അല്ലാഹുവിനെ പേടിക്കണം (തിർമുദി).

വിശുദ്ധ റംസാനിലൂടെ ഭക്തി നേടിയെടുക്കൽ സാധ്യമാണെന്ന് പ്രപഞ്ചനാഥനായ അല്ലാഹു തെളിയിക്കുന്നുണ്ട്. കൃത്യവും ചിട്ടയുമായ ആ പരിശീലനം കൊണ്ട് പിന്നിടുള്ള ജീവിതത്തെ ക്രമീകരിക്കാനും നോമ്പ് കാരണമാകുന്നുണ്ട്.

റംസാൻ കൊണ്ട് നിയന്ത്രിക്കപ്പെടുന്നത് ഉദരം മാത്രമല്ല. നിങ്ങളോട് കയർക്കാൻ തുനിയുന്നവരോട് ഞാൻ നോമ്പുകാരനാണ് എന്നു പറഞ്ഞ് ഒഴിഞ്ഞു മാറണം എന്ന തിരുവചനം ഈ വലിയ ആശയത്തെ പഠിപ്പിക്കുന്നു. വ്രതം വിശ്വാസിയുടെ പാഠശാലയാകണം. ഒരു മാസക്കാലം ശരീരത്തിലെ അവയവങ്ങൾ നിയന്ത്രിക്കപ്പെട്ടത് പോലെ തുടർ ജീവിതത്തിലും നിയന്ത്രണം സാധ്യമാകണം.

വിശുദ്ധ റംസാൻ ഖുർആൻ അവതീർണമായ മാസമാണെന്ന് തൊട്ടടുത്ത സൂക്തങ്ങൾ പ്രതിപാദിക്കുന്നു. ഖുർആൻ സൂക്ഷ്മത പുലർത്തുന്നവർക്ക് സന്മാർഗമായി അവതരിച്ച ഗ്രന്ഥമാണ് (2:2). നോമ്പിന്റെ അകക്കാമ്പ് തിരയുമ്പോൾ വിശുദ്ധ ഖുർആൻ എന്ന മഹാത്ഭുതത്തെ ഉൾക്കൊള്ളാൻ പ്രാപ്തമാക്കുക എന്ന വലിയ ലക്ഷ്യത്തെകൂടി ഈ രണ്ട് സൂക്തങ്ങളിൽ (2:2, 2:184) നിന്ന് നമുക്ക് ഗ്രഹിക്കാനാകും.

സാമ്പത്തിക സാമൂഹിക ഇടപാടുകളിൽ തുടങ്ങി അത്യന്തം റംസാൻ വിശ്വാസിയെ മാറ്റിമറിക്കണം. അപ്പോഴാണ് നോമ്പ് അതിന്റെ ശരിയായ ഫലത്തെ പ്രതിഫലിപ്പിക്കുക. "ആര് തന്റെ കരാർ പാലിക്കുകയും സൂക്ഷ്മത പുലർത്തുകയും ചെയ്തുവോ, സൂക്ഷ്മാലുക്കളെ അല്ലാഹു സ്നേഹിക്കുക തന്നെ ചെയ്യുന്നു.' (ആലു ഇംറാൻ 76).

ക്ഷമയും സൂക്ഷ്മതയും സത്യസന്ധതയും കരാർ പാലനവും തുടങ്ങി ഒരു സത്യവിശ്വാസിയിൽ മേളിക്കേണ്ട ഗുണങ്ങളെ നോമ്പ് നേടിത്തരണം. ഭാര്യമാരോടും മക്കളോടും തുടങ്ങി കുടുംബത്തോടുള്ള കരുതലും ഭക്തിയുടെ ഭാഗമാണ്. "മക്കൾക്കിടയിൽ നീതി പാലിച്ചു തഖ പുലർത്തുക' എന്ന് നബി വചനം (ബുഖാരി).

അല്ലാഹുവിന്റെ സ്നേഹവും സഹായവും ഇഹപര വിജയവും സ്വർഗം നേടുന്നതിലൂടെയുള്ള അതുല്യമായ സൗഭാഗ്യവും നോമ്പിലൂടെ കൈവരിക്കാൻ കഴിയേണ്ടതുണ്ട്. കാരണം അവയെല്ലാം ഭക്തിയിൽ ജീവിച്ചവർക്ക് നാഥനായ അല്ലാഹു വാഗ്ദാനം ചെയ്ത അനുഗ്രഹങ്ങളാണ്. ഇനി ഏതാനും ദിവസങ്ങളാണ് ബാക്കിയുള്ളത്. നോമ്പിന്റെ ലക്ഷ്യത്തെ കൈവരിച്ച് സന്മാർഗത്തിൽ നടക്കാൻ പരിശ്രമിക്കുക.

(ലേഖകൻ എസ്എസ്എഫ് സംസ്ഥാന പ്രസിഡന്റാണ്)

കൊടകര കുഴൽപ്പണക്കേസ് അന്വേഷിക്കാൻ പ്രത്യേക സംഘം

സ്വന്തം ലേഖകൻ

ഡിഐജിയുടെ നേതൃത്വത്തിൽ ക്രൈം ബ്രാഞ്ച് സംഘത്തിന് ചുമതല

തൃശൂർ: കൊടകര കുഴൽപ്പണക്കേസ് അന്വേഷിക്കാൻ പ്രത്യേക സംഘത്തെ നിയോഗിച്ചു. തൃശൂർ റേഞ്ച് ഡിഐജിയുടെ നേതൃത്വത്തിലുള്ള ക്രൈം ബ്രാഞ്ച് സംഘത്തിനാണ് അന്വേഷണ ചുമതല. ഡിജിപിയുടെ ഉത്തരവിനെ തുടർന്നാണ് തീരുമാനം. അന്തർസംസ്ഥാന പണമിടപാട് കണ്ടെത്തിയ സാഹചര്യത്തിലാണ് നപടി.

കവർച്ചാസംഘത്തിൽ ഉൾപ്പെട്ട എല്ലാവരെയും കഴിഞ്ഞ ദിവസങ്ങളിൽ പൊലീസ് പിടികൂടിയിരുന്നു. ഇതിനു പിന്നാലെയാണ് പണത്തിന്റെ ഉറവിടം കണ്ടെത്താനുൾപ്പെടെ അന്വേഷണം വ്യാപിപ്പിക്കുന്നത്. പണം കൊടുത്തുവിട്ട കോഴിക്കോട്ടെ അബ്കാരി ധർമരാജന് ആർഎസ്എസ് ബന്ധമുണ്ടെന്ന് പൊലീസ് നേരത്തെ കണ്ടെത്തിയിരുന്നു.

കേസിൽ പൊലീസ് ദിവസങ്ങൾക്ക് മുമ്പ് തെളിവെടുപ്പ് തുടങ്ങിയിരുന്നു. പണം തട്ടാനുള്ള പ്രതികളുടെ യാത്ര പുനരാവിഷ്കരിച്ചായിരുന്നു തെളിവെടുപ്പ്. കവർച്ച നടത്തുന്നതിന്റെ തലേന്ന് രാത്രിയിൽ തൃശൂരിൽ തങ്ങി പുലർച്ചെയാണ് കൊടകര വരെ പോയി സംഘം കവർച്ച നടത്തിയത്. ഈ യാത്രയാണ് പ്രതികളുമായി പൊലീസ് നടത്തിയത്. താമസിച്ച ലോഡ്ജ് മുതൽ കൊടകര മേൽപ്പാലം കഴിഞ്ഞ് നൂറ് മീറ്ററോളം യാത്ര നടത്തി. അപകടമുണ്ടാക്കി കവർച്ച നടത്തിയ രീതിയും ആസൂത്രണവുമടക്കം പ്രതികളിൽ നിന്നും ചോദിച്ചറിഞ്ഞു. തെളിവെടുപ്പിനിടയിൽ കൊരട്ടി സ്റ്റേഷനിൽ എത്തിച്ച് പ്രതികളെ ചോദ്യം ചെയ്യുകയും ചെയ്തു.

കേസിൽ കവർച്ചാസംഘത്തിൽ ഉൾപ്പെട്ട 19 പേരെയാണ് പൊലീസ് ഇതുവരെ പിടികൂടിയത്. മുഖ്യപ്രതികളിലൊരാളായ കണ്ണൂർ ഇരിട്ടി സ്വദേശി അബ്ദുൾ റഹീമിനെ കഴിഞ്ഞ ദിവസമാണ് അറസ്റ്റ് ചെയ്തത്. കണ്ണൂർ ഇരിട്ടി മുഴക്കുന്ന് സക്കീന മൻസിലിൽ കുനൂൽ വീട്ടിൽ നിന്നാണ് ഇയാളെ പിടികൂടിയത്. ഇയാളിൽ നിന്ന് മാത്രം 13 ലക്ഷം രൂപ കണ്ടെടുത്തിരുന്നു. മോഷണ പദ്ധതി ആസൂത്രണം ചെയ്ത പ്രതി തട്ടിപ്പിന്റെ ആദ്യാവസാന പങ്കാളിയാണെന്നാണ് പൊലീസ് പറയുന്നത്.

ഏപ്രിൽ മൂന്നിനാണ് കൊടകരയിൽ വ്യാജ വാഹനാപകടമുണ്ടാക്കി കുഴൽപ്പണം കവർന്നത്. 25 ലക്ഷം രൂപയാണ് കവർന്നതെന്നായിരുന്നു ധർമരാജന്റെയും ഡ്രൈവറായ ഷംജീറിന്റെയും പരാതി. എന്നാൽ ഇതിനെക്കാളേറെ പണം കാറിലുണ്ടായിരുന്നതായി പൊലീസ് അന്വേഷണത്തിൽ കണ്ടെത്തി. ഏകദേശം മൂന്നരക്കോടിയോളം രൂപയാണ് നഷ്ടപ്പെട്ടതെന്നാണ് പൊലീസിന്റെ കണ്ടെത്തൽ. പിടികൂടിയ പ്രതികളിൽ നിന്ന് ഇതുവരെ ഏകദേശം 45 ലക്ഷത്തിലധികം രൂപ കണ്ടെടുത്തിരുന്നു.

കാറിലുണ്ടായിരുന്നത് മൂന്നരക്കോടി

കാറിലുണ്ടായിരുന്നത് മൂന്നരക്കോടി രൂപയെന്ന് പണം നൽകിയ ധർമരാജൻ പൊലീസിന് മൊഴി നൽകി. 25 ലക്ഷം രൂപ നഷ്ടമായെന്നായിരുന്നു ധർമരാജൻ ആദ്യം പൊലീസിന് പരാതി നൽകിയത്. എന്നാൽ സംഭവവുമായി ബന്ധപ്പെട്ട് കൂടുതൽ പേർ പൊലീസിന്റെ പിടിയിലായതോടെ 25 ലക്ഷത്തിലധികം രൂപ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമായി. ഏകദേശം 50 ലക്ഷത്തിലധികം രൂപ പൊലീസ് വീണ്ടെടുക്കുകയും ചെയ്തു.

ഇതോടെയാണ് മൂന്നരക്കോടി രൂപ കാറിലുണ്ടായിരുന്നെന്ന് ധർമരാജൻ മൊഴി നൽകിയത്. കാറിനുള്ളിൽ പ്രത്യേക അറയുണ്ടാക്കിയാണ് പണം സൂക്ഷിച്ചത്. ഡ്രൈവർ ഷംജീറിന് ഇക്കാര്യം അറിയില്ലെന്നും ജില്ലാ പൊലീസ് മേധാവി ജി. പൂങ്കുഴലിയുടെ നേതൃത്വത്തിൽ നടന്ന ചോദ്യംചെയ്യലിലെ മൊഴിയിൽ പറയുന്നു.

മുഖ്യമന്ത്രിമാരുമായി ഫോണിൽ സംസാരിച്ച് മോദി

ന്യൂഡൽഹി: അതതു സംസ്ഥാനങ്ങളിലെ കൊവിഡ് സാഹചര്യത്തെക്കുറിച്ച് മുഖ്യമന്ത്രിമാരുമായി ഫോണിൽ നേരിട്ടു സംസാരിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. മഹാരാഷ്ട്ര, മധ്യപ്രദേശ്, ഹിമാചൽ പ്രദേശ്, തമിഴ്നാട് മുഖ്യമന്ത്രിമാരുമായാണ് ഇന്നലെ അദ്ദേഹം സംസാരിച്ചത്. കഴിഞ്ഞ ദിവസങ്ങളിലും വിവിധ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുമായി സംസാരിച്ചു വരുകയായിരുന്നു പ്രധാനമന്ത്രി.

രാജ്യത്ത് വൈറസ് ഏറ്റവും മോശമായി ബാധിച്ച സംസ്ഥാനമാണ് മഹാരാഷ്ട്ര. ഇവിടുത്തെ സ്ഥിതിഗതികൾ വിശദമായി തന്നെ മുഖ്യമന്ത്രി ഉദ്ധവ് താക്കറെ പ്രധാനമന്ത്രിയെ ധരിപ്പിച്ചു. മുംബൈ പോലുള്ള ചില നഗരങ്ങളിൽ സാഹചര്യം അൽപ്പം മെച്ചപ്പെട്ടിട്ടുണ്ടെങ്കിലും മറ്റു ചില ഭാഗങ്ങളിൽ ആശങ്കാജനകമായി തുടരുകയാണ്. തമിഴ്നാട്ടിൽ കഴിഞ്ഞ ദിവസം മുഖ്യമന്ത്രിയായി അധികാരമേറ്റ എം. കെ. സ്റ്റാലിൻ നാളെ മുതൽ സംസ്ഥാനത്ത് രണ്ടാഴ്ച ലോക്ഡൗൺ പ്രഖ്യാപിച്ചിട്ടുണ്ട്. മധ്യപ്രദേശിൽ രോഗവ്യാപനം കുറയുന്നതിൽ മോദി സംതൃപ്തി അറിയിച്ചതായി മുഖ്യമന്ത്രി ശിവരാജ് സിങ് ചൗഹാൻ പറഞ്ഞു. മോദിയുമായുള്ള ആശയവിനിമയം ഫലപ്രദമായിരുന്നുവെന്ന് ഹിമാചൽ മുഖ്യമന്ത്രി ജയറാം ഠാക്കൂറും വ്യക്തമാക്കി.

ഏറ്റെടുത്തത് ഇടതു വികസന ബദലിനെ: തോമസ് ഐസക്

തിരുവനന്തപുരം: പിണറായി സർക്കാരിന്റെ ഇടതുവികസന ബദലിനെയാണ് കേരള ജനത ഏറ്റെടുത്തതെന്ന് മന്ത്രി ഡോ. ടി.എം തോമസ് ഐസക്. തുടർഭരണത്തിനുള്ള ജനവിധി സ്വാഭാവികമാണെന്ന് ലോക്നീതി സിഎസ്ഡിഎസ് സർവെ അടിവരയിടുന്നുവെന്ന് സർവെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിന്റെ ധനമന്ത്രി ഫെയ്സ് ബുക്കിൽ കുറിച്ചു.

ഭരണവിരുദ്ധ വികാരം ഒട്ടുമേ ദൃശ്യമാകാത്ത തിരഞ്ഞെടുപ്പായിരുന്നു. ജനങ്ങൾ പൊതുവെ സർക്കാരിന്റെ പ്രവർത്തനത്തിൽ സംതൃപ്തരുമായിരുന്നു. സർക്കാരിന്റെ മുൻഗണനകളെല്ലാം ജനങ്ങൾ അംഗീകരിച്ചുവെന്നു തന്നെയാണ് സർവെ സൂചിപ്പിക്കുന്നത്. മുഖ്യമന്ത്രിയെന്ന നിലയിൽ പിണറായി വിജയന്റെ നേതൃശേഷിയും ജനസമ്മതി നേടിയെന്ന് മന്ത്രി ചൂണ്ടിക്കാട്ടി.

സർവെയിൽ പങ്കെടുത്തവരിൽ 73 ശതമാനവും സർക്കാരിന്റെ പ്രവർത്തനങ്ങളിൽ സംതൃപ്തരാണ്. പൂർണമായ അസംതൃപ്തി പ്രകടിപ്പിച്ചത് വെറും 15 ശതമാനം മാത്രം. സർക്കാരിന്റെ പ്രവർത്തനങ്ങളോട് രാഷ്ട്രീയ വിയോജിപ്പുകൾക്ക് അതീതമായി ജനങ്ങൾക്കിടയിൽ മതിപ്പുണ്ട് എന്നാണ് ഇതു കാണിക്കുന്നത്. അതൊരു വലിയ അംഗീകാരമാണ്. ഓരോ ഘടകങ്ങൾ വെവ്വെറെ എടുത്തു പരിശോധിച്ചാലും ഇതു തന്നെയാണ് സ്ഥിതി. വികസന മുൻഗണന നിശ്ചയിക്കുന്ന കാര്യത്തിൽ സർക്കാരിന് പിഴച്ചിട്ടില്ല എന്ന് ജനങ്ങളുടെ പ്രതികരണം തെളിവു നൽകുന്നു. സർക്കാർ ആശുപത്രിയിൽ കൊണ്ടുവന്നിട്ടുള്ള സൗകര്യങ്ങളിൽ വന്ന മാറ്റം 73 ശതമാനം പേരും അംഗീകരിച്ചു. 72 ശതമാനം പേരും സ്കൂളുകളിൽ വന്ന മാറ്റം അംഗീകരിച്ചിട്ടുണ്ട്. റോഡുകൾ, വൈദ്യുതി, കുടിവെള്ളം, പൊതുഗതാഗത സംവിധാനത്തിന്റെ മെച്ചപ്പെടൽ എന്നിവയൊക്കെ തൊട്ടു പിന്നാലെയുണ്ട്.

പൊതുആരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ ഇതുപോലെ മുതൽമുടക്ക് നടത്തിയ മറ്റു സംസ്ഥാനങ്ങളില്ല. ആ വികസനനയത്തെ കേരളം പൂർണമനസോടെ സ്വീകരിച്ചിരിക്കുകയാണ്. പലരും പുച്ഛിക്കുന്നതുപോലെ ഇത് കിറ്റു കൊടുത്തുണ്ടാക്കിയെടുത്ത വിജയമല്ല.

മതന്യൂനപക്ഷങ്ങൾക്കും ദളിത് പിന്നാക്ക ജനവിഭാഗങ്ങൾക്കുമിടയിൽ ഇടതുപക്ഷ സ്വാധീനം വർധിക്കുന്നുവെന്നാണ് സർവെ തെളിയിക്കുന്നത്. ദളിത് പിന്തുണ കഴിഞ്ഞ തവണ 51 ശതമാനമായിരുന്നത് ഇപ്പോൾ 69 ശതമാനമായി. ഏറ്റവും നഷ്ടം സംഭവിച്ചത് ബിജെപിക്കാണ്. 23ൽ നിന്ന് ഏഴു ശതമാനത്തിലേക്ക് ദളിത് പിന്തുണ ഇടിഞ്ഞു. എല്ലാ മതവിഭാഗങ്ങളിലും പെട്ട പാവങ്ങൾ എൽഡിഎഫിലേക്ക് കൂടുതൽ അടുക്കുന്നു. പുതിയ തലമുറയ്ക്ക് പഥ്യം ഇടതു രാഷ്ട്രീയമാണെന്നും സർവെ സൂചന നൽകുന്നു- മന്ത്രി വിശദീകരിക്കുന്നു.

മാധ്യമങ്ങളും പ്രതിപക്ഷവും ഉയർത്തിക്കൊണ്ടുവന്ന വിഷയങ്ങളോ ചർച്ചയോ പൊതുമണ്ഡലത്തിൽ ഒരു സ്വാധീനവും ചെലുത്തിയില്ല. യുഡിഎഫും ബിജെപിയും മാധ്യമങ്ങളും നടത്തേണ്ട ആത്മപരിശോധനയുടെ അജണ്ടയാണ് ഈ സർവെ മുന്നോട്ടുവെയ്ക്കുന്നതെന്ന് തോമസ് ഐസക് വ്യക്തമാക്കി.

മുല്ലപ്പള്ളിക്കെതിരെ തലസ്ഥാനത്ത് പോസ്റ്റർ പ്രതിഷേധം

തിരുവനന്തപുരം: നിയമസഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസിനുണ്ടായ കനത്ത തോൽവി വിലയിരുത്താൻ ചേർന്ന കെപിസിസി രാഷ്ട്രീയകാര്യ സമിതിയോഗത്തിന് പിന്നാലെ അധ്യക്ഷൻ മുല്ലപ്പള്ളി രാമചന്ദ്രനെതിരെ തലസ്ഥാനത്ത് പോസ്റ്റർ പ്രതിഷേധം. കടിച്ച് തൂങ്ങിയാൽ പ്രവർത്തകർക്ക് അടിച്ചിറക്കേണ്ടി വരുമെന്നാണ് പോസ്റ്ററിൽ വ്യക്തമാക്കിയിരിക്കുന്നത്.

സേവ് കോൺഗ്രസിന്റെ പേരിൽ എംഎൽഎ ഹോസ്റ്റലിന് മുന്നിലാണ് പോസ്റ്ററുകൾ പ്രത്യക്ഷപ്പെട്ടത്. ''പാർട്ടിയെ വെന്റിലേറ്ററിലാക്കി, ഇനി ശവദാഹം കൂടി നടത്തിയേ മാറൂ എന്നാണോ പറയുന്നേ'' എന്നും പോസ്റ്ററിൽ വിമർശനമുണ്ട്. പ്രവർത്തകരിൽ നിന്നും പിരിച്ച കോടികളുടെ ഫണ്ട് സ്ഥാനാർഥികൾക്കല്ലാതെ ആർക്ക് കൊടുത്തെന്നും പോസ്റ്ററിൽ ചോദിക്കുന്നു.

നിയമസഭാ തെരഞ്ഞെടുപ്പിലുണ്ടായ തോൽവിയുടെ പശ്ചാത്തലത്തിൽ മുല്ലപ്പള്ളി കെപിസിസി അധ്യക്ഷസ്ഥാനം ഒഴിയണമെന്ന ആവശ്യം പ്രവർത്തകർക്കിടയിൽ നിന്നും ഉയർന്നു വന്നിരുന്നു. ഈ ആവശ്യം എ, ഐ ഗ്രൂപ്പുകളും കേന്ദ്ര നേതൃത്വത്തിന് മുന്നിൽ വച്ചിട്ടുണ്ട്.എന്നാൽ കഴിഞ്ഞ ദിവസം ചേർന്ന രാഷ്ട്രീയകാര്യ സമിതിയിൽ ഇക്കാര്യത്തിൽ തീരുമാനമെടുത്തിരുന്നില്ല.

അതേസമയം, തോൽവിയിൽ എല്ലാവർക്കും പങ്കുണ്ടെന്നിരിക്കെ ഉത്തരവാദിത്തം കെപിസിസി പ്രസിഡന്റ് എന്ന നിലയിൽ തന്റെ തലയിൽ മാത്രം കെട്ടിവയ്ക്കാൻ ചിലർ ശ്രമിക്കുകയാണെന്നാണ് മുല്ലപ്പള്ളി രാമചന്ദ്രന്റെ ആരോപണം. കഴിഞ്ഞ ദിവസം നടന്ന രാഷ്ട്രീയകാര്യ സമിതി യോഗത്തിലും ഈ ആരോപണം മുല്ലപ്പള്ളി ഉന്നയിച്ചിരുന്നു.

പൊലീസിന് വീഴ്ച, പോസ്റ്റ് പിൻവലിച്ച് തടിയൂരി

തിരുവനന്തപുരം: ലൈക്കും ഷെയറും ലക്ഷ്യമിട്ട് സാധാരണ ചെറുപ്പക്കാർ സോഷ്യൽ മീഡിയകളിൽ ചെയ്യുന്നവ സൃഷ്ടിക്കുന്നതിനേക്കാൾ വലിയ വീഴ്ച കേരള പൊലീസിനുണ്ടായാലോ? സാമൂഹിക മാധ്യമ ഇടപെടലുകളിലെ ആ വീഴ്ച കൈയോടെ തിരുത്തി പൊലീസിന് തടിതപ്പേണ്ടി വന്നു.

അറസ്റ്റ് ചെയ്യുന്ന പ്രതികളുടെ ചിത്രങ്ങളും വീഡിയോകളും സമൂഹമാധ്യമത്തിൽ പങ്കുവച്ച പൊലീസിന്റെ നടപടിയാണ് വിവാദമായത്. നിയമവിരുദ്ധമായ നടപടിയെന്നു ബോധ്യമായതിനു പിന്നാലെ ഫെയ്സ്ബുക്ക് പേജിൽ നിന്നും വിവാദ പോസ്റ്റുകൾ നീക്കം ചെയ്തു. ഏതെങ്കിലും കുറ്റകൃത്യത്തിൽപ്പെട്ട പ്രതിയെ അറസ്റ്റ് ചെയ്താൽ അയാളുടെ ചിത്രമോ വീഡിയോയോ സമൂഹമാധ്യമത്തിൽ പങ്കുവയ്ക്കാൻ പൊലീസിന് അനുമതിയില്ലാതിരിക്കെയാണ് അവർ നടത്തിയ ഈ 'കുറ്റകൃത്യം'.

ഈ അടുത്ത ദിവസങ്ങളിൽ കേരളാ പൊലീസിന്റെ ഫെയ്സ്ബുക്ക് പേജിൽ രണ്ട് വീഡിയോകൾ വൈറലായിരുന്നു. റോഡ് ബ്രേക്കർ ബ്രേക്ക് ചെയ്ത യുവാവിനെ കൊണ്ട് തന്നെ അത് നന്നാക്കുന്നതാണ് അതിലൊന്ന്. ലാത്തിയുമായി പൊലീസ് ചുറ്റും നിൽക്കുന്നതും ദൃശ്യങ്ങളിൽ കാണാമായിരുന്നു. 'സാഗർ എന്ന മിത്രത്തെ നിനക്കറിയൂ, ജാക്കി എന്ന ശത്രുവിനെ നിനക്കറിയില്ല' എന്ന ഡയലോഗ് അടക്കം പോസ്റ്റ് ചെയ്ത വീഡിയോ ആയിരുന്നു അത്.

കുറ്റാരോപിതരെ സമൂഹമാധ്യമങ്ങൾക്ക് മുന്നിൽ ഏത് തരത്തിൽ പ്രദർശിപ്പിച്ചാലും അത് ഭരണഘടനയുടെ അനുഛേദം 21 ന്റെ ലംഘനമാണെന്ന് നിയമവിദഗ്ധർ ചൂണ്ടിക്കാട്ടി. മൗലികാവകാശങ്ങളുടെ ലംഘനം പൊലീസിനെ ഓർമപ്പെടുത്തി ഒട്ടേറെ പേരാണ് രംഗത്തെത്തിയത്. അതോടെ പോസ്റ്റ് പിൻവലിക്കാൻ അവർ നിർബന്ധിതമാവുകയായിരുന്നു.

കർഫ്യൂ പാസ്

വാക്സിൻ സ്വീകരിക്കാനും താമസസ്ഥലത്തിനു തൊട്ടടുത്തു നിന്ന് അത്യാവശ്യ സാധനങ്ങൾ വാങ്ങാനുമുള്ള യാത്രയ്ക്ക് ഈ ഫോറം കട്ട് ചെയ്ത് പൂരിപ്പിച്ച് ഉപയോഗിക്കാം.

2021

KERALA POLICE

സത്യവാങ്മൂലം

.....നമ്പർ വാഹനത്തിൽ (സ്കൂട്ടർ/മോട്ടോർസൈക്കിൾ/കാർ,എസ്.യു.വി/.....)

യാത്രചെയ്യുന്ന.....എന്ന ഞാൻ

.....

.....(വിലാസം)

.....

.....(ആവശ്യം)

എന്നോടൊപ്പമുള്ളത് ശ്രീ/ശ്രീമതി.....

.....ആണ്.

ഞാൻ.....(തീയത്/സമയം) തിരിച്ച് പോകും.

ഒപ്പ്

പേര്

മൊബൈൽ നമ്പർ

തീയതി :...../...../2021

സമയം :

സ്ഥലം :

State Police Media Centre Kerala

നന്ദി ആരോട് ഞാൻ ചൊല്ലേണ്ടൂ...

മോർച്ചറിക്ക് മുന്നിൽ മൃതശരീരങ്ങൾക്കായി കാത്തിരിപ്പ്.

കൊവിഡ് മഹാമാരിയുടെ രണ്ടാം വരവ് അതിശക്തമാണെന്ന് അറിഞ്ഞതോടെ ജനങ്ങൾ ഭയപ്പെട്ടു എന്നത് സത്യമാണ്. ആദ്യ തരംഗം ഉണ്ടായപ്പോൾ ജനങ്ങൾ പേടിച്ചിരുന്നു. അതിനേക്കാൾ കൂടുതൽ ഭയം ഇപ്പോൾ ഉണ്ടാകുവാൻ കാരണം, ഇക്കുറി മരണങ്ങൾ യുവാക്കളിലും മറ്റു രോഗങ്ങൾ ഇല്ലാത്തവരിലുമാണ് എന്നതാണ്. ഡിഎംസിയുടെ നേതൃനിരയിലുള്ള ഡൽഹിയിലെ പ്രമുഖ സാമൂഹ്യ പ്രവർത്തകൻ പി. ജയരാജ് വിശ്രമമില്ലാതെ വടക്കേ ഇന്ത്യയിലെ ഒട്ടേറെ കൊവിഡ് രോഗികൾക്ക് രക്ഷകനായത് ഒന്നാം തരംഗം മുതൽ തന്നെ. മനസിൽ തട്ടിയ നൂറുകണക്കിന് സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്ന് അദ്ദേഹം പറയുന്നു. ഇവിടെ ജയരാജ് പ്രതിനിധീകരിക്കുന്നത് രാജ്യ തലസ്ഥാനത്തെ ആയിരക്കണക്കിനു സാമൂഹ്യ പ്രവർത്തകരെയാണ്.

ആരോഗ്യ പ്രശ്നമുള്ള ഒരാളുടെ അടുത്തേയ്ക്ക് ചെല്ലാൻ പോലും ഇപ്പോൾ പലരും മടിക്കുന്നു. രോഗം കൊവിഡാണെന്ന് സ്ഥിരീകരിക്കേണ്ട കാര്യം പോലുമില്ല. അയൽക്കാരും ബന്ധുക്കളും സുഹൃത്തുക്കളും ഒഴിഞ്ഞുമാറുന്നിടത്താണ് രക്ഷകരായി ജയരാജിനെപ്പോലുള്ള സാമൂഹ്യ പ്രവർത്തകരും, ആരോഗ്യ പ്രവർത്തകരും എത്തുന്നത്. എന്തും കൊവിഡ് രോഗമാണെന്ന് സമൂഹം തെറ്റിദ്ധരിക്കുന്നു.

ജയരാജിനെ തേടി സുഹൃത്തിന്റെ ഫോൺ വരുന്നു. വളരെ അവശതയോടെയാണ് സംസാരം. തീരെ വയ്യ, ശ്വാസം കിട്ടുന്നില്ല. പനി വിട്ടു മാറുന്നില്ല. ഒരു വണ്ടിയോ, ആംബുലൻസോ കിട്ടുന്നില്ല. ഉടനെ എന്നെ ആശുപത്രിയിൽ എത്തിച്ചില്ലെങ്കിൽ... സംസാരം മുഴുമിപ്പിക്കാൻ ജയരാജ് സമ്മതിച്ചില്ല. സ്വന്തം വണ്ടിയുടെ പിൻസീറ്റിൽ സുഹൃത്തിനെ കിടത്തി ആശുപത്രിയിലെത്തിച്ചു. സാമൂഹ്യ പ്രവർത്തകനെന്ന സ്വാധീനത്തിൽ പ്രവേശനം ശരിയാക്കി. ജീവിതത്തിലേക്കു മടങ്ങിയെത്തിയ സുഹൃത്തിനെ ഇന്നലെ വീട്ടിൽ തിരിച്ചെത്തിച്ചു. സുഹൃത്തിന്റെ കുടുംബം കൈ കൂപ്പി സന്തോഷത്തിന്റെ നിറകണ്ണുകളോടെ നന്ദി അറിയിച്ച നിമിഷം ജീവിതത്തിൽ മറക്കുന്നതെങ്ങനെ എന്നാണ് ജയരാജ് ചോദിക്കുന്നത്. ഇത്തരം നിമിഷങ്ങൾ നൽകുന്ന സംതൃപ്തിയാണ് അംഗീകാരമെന്ന് അദ്ദേഹം പറഞ്ഞു.

11 സുധീർ നാഥ്

ജീവൻ രക്ഷിക്കാൻ ആശുപത്രിയിൽ കൊണ്ടുപോകുന്നതുപോലെ തന്നെയാണ് ജീവൻ നഷ്ടപ്പെട്ടവരുടെ അവസ്ഥയും. മാന്യമായ വിടചൊല്ലൽ അവർക്ക് ലഭിക്കുന്നില്ല. കുടുംബക്കാർക്കു പോലും സംസ്ക്കാര ചടങ്ങിൽ പലപ്പോഴും പങ്കെടുക്കാൻ സാധിക്കാറില്ല. ജയരാജിനെ പോലുള്ള സാമൂഹ്യ പ്രവർത്തകർ പന്ത്രണ്ട് മാസത്തിലേറെ നീണ്ട കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിൽ നൂറുകണക്കിന് വ്യക്തികളുടെ സംസ്ക്കാരച്ചടങ്ങും നടത്തിയിരിക്കുന്നു. ഇതുപോലുള്ള സാമൂഹ്യ പ്രവർത്തകർക്കും ആരോഗ്യ പ്രവർത്തകർക്കുമുള്ള നന്ദി എങ്ങനെ, എപ്പോൾ, ആരോടു പറയും...?

കേരളത്തിലെ ട്രെയ്നുകളിലും ഐസോലേഷൻ വാർഡ് ഒരുക്കും

● ഷൊർണൂരിലും എറണാകുളത്തും ആദ്യ ഘട്ടം
● കോച്ചുകളിൽ ഐസിയു, ഓക്സിജൻ ബെഡുകൾ

പി.ബി. ബിച്ചു

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് വ്യാപനം രൂക്ഷമാകുന്നതു കണക്കിലെടുത്ത് കേരളത്തിലെ ട്രെയ്നുകളിലും ഐസൊലേഷൻ വാർഡുകൾ തയാറാക്കാനൊരുങ്ങുകയാണ് ദക്ഷിണ റെയ്ൽവേ. പദ്ധതിയുടെ ഏകോപനത്തിനായി കേരളത്തിന്റെ നോഡൽ ഓഫീസറായി തിരുവനന്തപുരം ഡിവിഷണൽ മാനേജർ ആർ. മുകുന്ദിന് റെയ്ൽവേബോർഡ് ചുമതല തൽകി.

സംസ്ഥാനത്തെ രോഗികളുടെ എണ്ണം അനുദിനം വർധിച്ച് ആശുപത്രികളും സിഎഫ്എൽടിസികളും നിറയുന്നത് കണക്കിലെടുത്താണ് ഇതര സംസ്ഥാനങ്ങളിൽ നടപ്പാക്കിയ മാതൃകയിൽ ട്രെയ്നുകളിൽ ഐസൊലേഷൻ വാർഡുകൾ തയാറാക്കാൻ റെയ്ൽവേയ്ക്ക് നിർദേശം നൽകിയിരിക്കുന്നത്. സർക്കാർ നിർദേശം എത്തുന്ന മുറയ്ക്ക് സ്റ്റേഷനുകളിൽ നിർത്തിയിട്ടിരിക്കുന്ന ട്രെയ്നുകളിൽ ഇതിനായുള്ള സൗകര്യങ്ങൾ ഒരുക്കാനാണ് തീരുമാനമെന്ന് റെയ്ൽവേഅധികൃതർ വ്യക്തമാക്കി.

സംസ്ഥാനം നിലവിൽ സ്കൂളുകളും ഓഡിറ്റോറിയങ്ങളും കോളെജുകളും സിഎഫ്എൽടിസികളായി മാറ്റിക്കൊണ്ടിരിക്കുകയാണ്. ഇവയിലും രോഗികൾ നിറയുന്ന അവസ്ഥയുണ്ടായാൽ ട്രെയ്നിലെ കോച്ചുകളിലേക്കു രോഗികളെ മാറ്റും. ആദ്യഘട്ടമായി ഷെർണൂർ, എറണാകുളം എന്നിവിടങ്ങളിലാണ് ഐസോലേഷൻ കോച്ചുകൾ സജ്ജീകരിക്കുക. കോച്ചുകളിലേക്ക് രോഗികളെത്തിത്തുടങ്ങിയാൽ ഇതുവഴിയുള്ള ജനങ്ങളുടെ സഞ്ചാരവും നിയന്ത്രിക്കും.

കൊവിഡ് വ്യാപനം അതിരൂക്ഷമായ ഏഴു സംസ്ഥാനങ്ങളിലായി 17 സ്റ്റേഷനുകളിൽ നിലവിൽ ഐസോലേഷൻ കോച്ചുകൾ ഉപയോഗിക്കുന്നുണ്ട്. 4,700 ബെഡ്ഡുകളാണ് ഇവിടെയാകെ ഒരുക്കിയിരിക്കുന്നത്. മഹാരാഷ്ട്രയിലെ നന്ദൂർബാർ സ്റ്റേഷനിൽ 60 കോച്ചുകളിൽ 116 രോഗികൾ ചികിത്സയിൽ കഴിയുന്നുണ്ട്. നിരീക്ഷണത്തിൽ കഴിയുന്നവർക്ക് പുറമെ ആരോഗ്യപ്രവർത്തകർക്ക് താമസിക്കാനുള്ള സൗകര്യവും കോച്ചുകളിൽ ഉണ്ടാവും. ഐസിയു, ഓക്സിജൻ സൗകര്യമുള്ള ബെഡ്ഡുകൾ തുടങ്ങിയവും ഉണ്ടാവും. കൈകഴുകാനുള്ള സൗകര്യങ്ങളും ശുചിമുറി സംവിധാനങ്ങളും മെച്ചപ്പെടുത്തും. സർക്കാരിന്റെ ഉത്തരവ് ലഭിച്ചാലുടൻ കോച്ചുകൾ രൂപമാറ്റം വരുത്താനുള്ള എല്ലാ സജ്ജീകരണങ്ങളും തയാറാണെന്ന് റെയ്ൽവേഅധികൃതർ മെട്രോവാർത്തയോട് പറഞ്ഞു..

പൊലീസ് പാസ്: ഓൺലൈൻ മുഖേന

www.pass.bsafe.kerala.gov.in

തിരുവനന്തപുരം: അടിയന്തരഘട്ടങ്ങളിൽ യാത്ര ചെയ്യുന്നതിന് പൊലീസ് നൽകുന്ന പാസിന് അപേക്ഷിക്കാനുള്ള ഓൺലൈൻ സംവിധാനം പ്രവർത്തനക്ഷമമായതായി മുഖ്യമന്ത്രി പിണറായി വിജയൻ.

വളരെ അത്യാവശ്യമുള്ളവർ മാത്രമേ ഓൺലൈൻ പാസിന് അപേക്ഷിക്കാവൂ.

www.pass.bsafe.kerala.gov.in എന്ന വെബ്സൈറ്റിലൂടെ പാസിന് അപേക്ഷിക്കാം. അവശ്യസർവീസ് വിഭാഗത്തിലെ തിരിച്ചറിയൽ കാർഡ് ഇല്ലാത്തവർക്കും വീട്ടുജോലിക്കാർ, തൊഴിലാളികൾ എന്നിവർക്കുമാണ് ഓൺലൈനായി അപേക്ഷിക്കാവുന്നത്. ഇവർക്കുവേണ്ടി ഇവരുടെ തൊഴിൽദായകർക്കും അപേക്ഷിക്കാം. യാത്രാനുമതി കിട്ടിയാൽ ഈ വെബ്സൈറ്റിൽ നിന്നുതന്നെ പാസ് ഡൗൺലോഡ് ചെയ്യാമെന്ന് മുഖ്യമന്ത്രി അറിയിച്ചു.

ജില്ലവിട്ട് യാത്ര ചെയ്യുന്നത് പൊതുവെ നിരുത്സാഹപ്പെടുത്തും. അടുത്ത ബന്ധുവിന്റെ മരണം, വിവാഹം, വളരെ അടുത്ത ബന്ധുവായ രോഗിയെ സന്ദർശിക്കൽ, ഒരു രോഗിയെ ചികിൽസാ ആവശ്യത്തിനായി മറ്റൊരിടത്തേക്ക് കൊണ്ടുപോകൽ മുതലായ കാര്യങ്ങൾക്ക് മാത്രമേ ജില്ല വിട്ട് യാത്ര അനുവദിക്കൂ. പൊലീസ് പാസിനോടൊപ്പം തിരിച്ചറിയൽ കാർഡ് കൂടി കരുതണം.

വാക്സിനേഷന് പോകുന്നവർക്കും അത്യാവശ്യസാധനങ്ങൾ വാങ്ങാനായി തൊട്ടടുത്തുള്ള കടകളിൽ പോകുന്നവർക്കും സത്യവാങ്മൂലം മതി. അതിന്റെ മാതൃകയും ഈ വെബ്സൈറ്റിൽ ലഭിക്കും. ഈ മാതൃകയിൽ വെള്ളപേപ്പറിൽ സത്യവാങ്മൂലം തയാറാക്കിയാലും മതിയാകുമെന്ന് മുഖ്യമന്ത്രി അറിയിച്ചു..

ആരോഗ്യ പ്രവർത്തകർക്ക് പ്രത്യേക സർവീസുകളുമായി കെഎസ്ആർടിസി

തിരുവനന്തപുരം: ലോക്ഡൗണിനെ തുടർന്ന് സംസ്ഥാനത്ത് ബസ് സർവീസുകൾ പൂർണമായി നിലച്ചെങ്കിലും ആരോഗ്യപ്രവർത്തകർക്കായി പ്രത്യേക സർവീസുകൾ നടത്തുന്നുണ്ടെന്ന് കെഎസ്ആർടിസി അറിയിച്ചു. ജില്ലകളിലെ വിവിധ ഡിപ്പോകളിൽ നിന്നും ജില്ലാ കേന്ദ്രങ്ങളിലെ മെഡിക്കൽ കോളെജുകൾ , പ്രധാന ആശുപത്രികൾ കേന്ദ്രീകരിച്ചാണ് രാവിലെ 6.30 മുതൽ രാത്രി 8.30 മണി വരെ സർവീസുകൾ.

തിരുവനന്തപുരം സോണിൽ 17 ഷെഡ്യൂളും, (തിരുവനന്തപും- 8, കൊല്ലം -8, പത്തനംതിട്ട-1). എറണാകുളം സോണിൽ 30 ഷെഡ്യൂളും (ആലപ്പുഴ- 7, കോട്ടയം- 6, എറണാകുളം- 8, തൃശൂർ- 9) , കോഴിക്കോട് സോണിൽ- 7 (കോഴിക്കോട്- 1, വയനാട്- 6) സർവീസുമടക്കം 54 ഷെഡ്യൂളുകളാണ് ഓപ്പറേറ്റ് ചെയ്യുന്നത്.

ആശുപത്രി ജീവനക്കാർക്കും രോഗികൾക്കുമായി സർവീസ് നടത്തുന്നതിന് കെഎസ്ആർടിസി തയാറാണ്. അതിന് ബന്ധപ്പെട്ട ആശുപത്രി സൂപ്രണ്ടുമാർ അതാത് സ്ഥലങ്ങളിലെ യൂണിറ്റ് ഓഫീസമാരെ അറിയിച്ചാൽ ആവശ്യമുള്ള സർവ്വീസുകൾ നടത്തും . അല്ലെങ്കിൽ കെഎസ്ആർടിസിയുടെ കൺട്രോൾ റൂമിൽ ബന്ധപ്പെട്ടാലും അതിനുള്ള സജീകരണം ഒരുക്കുമെന്നും കെഎസ്ആർടിസി അറിയിക്കുന്നു.

കൊവിഡ് സഹായം: ഇളങ്കോവന് ചുമതല

തിരുവനന്തപുരം: കൊവിഡ് ചികിത്സയ്ക്കും പ്രതിരോധത്തിനും ആവശ്യമായ മരുന്നുകളും ഉപകരണങ്ങളും വിദേശരാജ്യങ്ങളിൽ നിന്നും സമാഹരിക്കുവാനുള്ള ശ്രമം നോർക്ക റൂട്ട്സ് ആരംഭിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഈ ഉദ്യമത്തിൽ പങ്കു ചേരണമെന്ന് എല്ലാ പ്രവാസികളോടും സംഘടനകളോടും മുഖ്യമന്ത്രി അഭ്യർഥിച്ചു.

വിദേശത്തു നിന്നുള്ള കൊവിഡുമായി ബന്ധപ്പെട്ട സഹായങ്ങളുടെ ഏകോപനത്തിന് മൂന്ന് ഐഎഎസ് ഉദ്യോഗസ്ഥർ അടങ്ങിയ സ്പെഷ്യൽ സെൽ പ്രവർത്തിക്കും. സ്വയം ബന്ധപ്പെടുന്നവരുണ്ട്. അവർക്ക് വിവരങ്ങൾ കൈമാറാനാകണം. നോർക്കയുടെ ചുമതലയുള്ള വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഇളങ്കോവനായിരിക്കും ചുമതല. കൊവിഡ് സഹായവുമായി ബന്ധപ്പെട്ട ഏതാവശ്യത്തിനും ഇവരെ വിളിക്കാമെന്ന് മുഖ്യമന്ത്രി.

ഇളങ്കോവൻ: ഫോൺ: 94460 01265.
എസ്. കാർത്തികേയൻ (94477 11921).
കൃഷ്ണ തേജ (ഫോൺ- 94009 86111).
ഹെൽപ് ലൈൻ നമ്പർ: 83300 11259.

വിവരങ്ങൾ നൽകാത്ത ആശുപത്രികൾക്ക് എതിരെ നടപടി

തിരുവനന്തപുരം: കൊവിഡ് സംബന്ധിച്ച് സർക്കാർ ആവശ്യപ്പെട്ട വിവരങ്ങൾ ജില്ലാ കൺട്രോൾ റൂമിൽ ഓരോ നാലു മണിക്കൂറിലും റിപ്പോർട്ട് ചെയ്യാത്തവർക്കെതിരെ നടപടിയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

ബെഡുകൾ, ഐസിയു ബെഡുകൾ, വെന്റിലേറ്ററുകൾ, ഓക്സിജൻ ബെഡുകൾ തുടങ്ങിയവ കൊവിഡ് രോഗികളുടെയും കൊവിഡേതര രോഗികളുടെയും ചികിത്സയ്ക്കായി ഉപയോഗിക്കുന്നതിന്റെ വിശദാംശങ്ങൾ എല്ലാ സർക്കാർ - സ്വകാര്യ ആശുപത്രികളും ഓരോ നാലു മണിക്കൂർ കൂടുന്തോറും നിർബന്ധമായും ജില്ലാ കൺട്രോൾ സെന്ററുകളിൽ റിപ്പോർട്ട് ചെയ്യണം. ഇതിൽ വീഴ്ച വരുത്തുന്നത് കണ്ടെത്തിയാൽ കേരള എപിഡമിക് ഡിസീസസ് ആക്റ്റ്, ഡിസാസ്റ്റർ മാനെജ്മെന്റ് ആക്റ്റ് എന്നിവ അനുസരിച്ച് കർശനമായ നിയമ നടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും മുഖ്യമന്ത്രി മുന്നറിയിപ്പ് നൽകി.

സ്വകാര്യ ക്ലിനിക്കുകളിൽ ചിലതെല്ലാം കൊവിഡ് പ്രോട്ടോകോളുകൾ ശരിയായ രീതിയിൽ പാലിക്കാതെ പ്രവർത്തിക്കുന്നുണ്ട്. കൊവിഡ് ടെസ്റ്റിനാവശ്യമായ സ്വാബുകൾ ശേഖരിക്കുന്ന കാര്യത്തിലും, തിരക്കുകൾ നിയന്ത്രിക്കുന്ന കാര്യത്തിലും പാലിക്കേണ്ട മാനദണ്ഡങ്ങളിൽ വീഴ്ചയുണ്ടാകരുത്. കർശനമായ നിയമനടപടികൾ അത്തരം സ്ഥാപനങ്ങൾ നേരിടേണ്ടി വരും. ഉപയോഗിച്ച മാസ്കുകൾ വലിച്ചെറിയുന്നത് വ്യാപകമാണ്. ഇത് രോഗപ്പകർച്ചയ്ക്കു പുറമെ മാലിന്യ പ്രശ്നവും ഉണ്ടാക്കും. മാസ്കുകൾ ഉപയോഗത്തിന് ശേഷം നശിപ്പിക്കാൻ ശ്രദ്ധിക്കണമെന്ന് മുഖ്യമന്ത്രി നിർദേശിച്ചു.

നോർക്ക അറ്റസ്റ്റേഷൻ ഇല്ല

തിരുവനന്തപുരം: നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം ഹെഡ് ഓഫീസിലും എറണാകുളം, കോഴിക്കോട് റീജിയണൽ സെന്ററുകളിലും ജില്ലാ ഓഫീസുകളിലും ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷനുൾപ്പെടെയുള്ള പ്രവർത്തനങ്ങളു ണ്ടായിരിക്കില്ലെന്ന് സി.ഇ.ഒ. അറിയിച്ചു. ലോക് ഡൗൺ പശ്ചാത്തലത്തിലാണ് തീരുമാനം.

വേനൽ മഴ ശക്തം

തിരുവനന്തപുരം: സംസ്ഥാനത്ത് വേനൽമഴ ശക്തമായി തുടരുന്നു. വ്യാഴാഴ്ച രാവിലെ മുതൽ ഇന്നലെ രാവിലെ വരെയുള്ള കണക്ക് അനുസരിച്ച് നെടുമങ്ങാട്, വൈക്കം ഏഴ് സെ.മീ, കാഞ്ഞിരപ്പള്ളി നാല് സെ.മീ, തിരുവനന്തപുരം നഗരം, കോട്ടയം, ചാലക്കുടി മൂന്ന് സെ.മീ, ആലപ്പുഴ, കണ്ണൂർ, ആലുവ, പെരുമ്പാവൂർ, പറമ്പിക്കുളം, തൃത്താല രണ്ട് സെ.മീ എന്നിങ്ങനെ മഴ ലഭിച്ചു.

ഈ മാസം 12 വരെ മഴ തുടരുമെന്നാണ് പ്രവചനം. മഴയ്ക്കൊപ്പം മണിക്കൂറിൽ 40 കിമീ വരെ വേഗതയുള്ള കാറ്റിനും ഇടിമിന്നലിനും സാധ്യതയുണ്ടെന്നും പ്രവചനമുണ്ട്. ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു.

കെഎംഎംഎൽ കൊവിഡ് ആശുപത്രി സ്ഥാപിക്കും

തിരുവനന്തപുരം: സംസ്ഥാനത്ത് കൊവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ കൊവിഡ് രോഗികളെ കിടത്തി ചികിത്സിക്കാൻ പൊതുമേഖലാ വ്യവസായ സ്ഥാപനം കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് (കെഎംഎംഎൽ) കൊവിഡ് ആശുപത്രി സജ്ജമാക്കും. കമ്പനിക്ക് സമീപത്തെ ചവറ ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിൽ ആരോഗ്യവകുപ്പുമായി ചേർന്നാണ് ആശുപത്രി തയാറാക്കുന്നത്.

ഓക്സിജൻ സൗകര്യത്തോടെ 200 ബെഡുകളാണ് ആദ്യഘട്ടത്തിൽ ആരോഗ്യ വകുപ്പിന് കൈമാറുക. കമ്പനിയിലെ ഓക്സിജൻ പ്ലാന്റിൽ നിന്ന് പൈപ്പ്ലൈൻ വഴി നേരിട്ടാണ് ആശുപത്രിയിലേക്ക് ഓക്സിജൻ ലഭ്യമാക്കുന്നത്. 700 മീറ്റർ ദൂരമാണ് ഓക്സിജൻ പ്ലാന്റും സ്കൂളും തമ്മിലുള്ളത്.

കെഎസ്ഇബി ഇടപാടുകൾ ഓൺലൈനിൽ നടത്താം

തിരുവനന്തപുരം: സംസ്ഥാനത്ത് ലോക് ഡൌൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ കെഎസ്ഇബി യുടെ സെക്ഷൻ ഓഫിസുകളിലെ ക്യാഷ് കൗണ്ടറുകൾ പരിമിതമായേ പ്രവർത്തിക്കുകയുള്ളൂ. ഇക്കാലയളവിൽ വൈദ്യുതി സംബന്ധമായ പണമിടപാടുകൾ ഓൺലൈനായി നടത്താം. ഇതിനുള്ള സംവിധാനങ്ങൾ 24 മണിക്കൂറും പ്രയോജനപ്പെടുത്താം.

ഉപഭോക്താക്കൾക്ക് വീടുകളിൽ നിന്നും പുറത്തിറങ്ങാതെ www.kseb.in എന്ന വെബ്സൈറ്റ് വഴിയോ മൊബൈൽ ആപ് വഴിയോ കെഎസ്ഇബി യുമായി ബന്ധപ്പെട്ട എല്ലാ വിധത്തിലുള്ള പേയ്മെന്റുകളും നടത്താം.

ഇത് സംബന്ധിച്ച ഏതു സംശയങ്ങളും പരിഹരിക്കാൻ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾസെന്ററിന്റെ ടോൾ ഫ്രീ നമ്പറായ 1912 ൽ ലാൻഡ് ഫോണിൽ നിന്നും മൊബൈൽ ഫോണിൽ നിന്നും എസ്ടിഡി കോഡില്ലാതെ തന്നെ വിളിക്കാം. ലോക്ഡൗൺ കാലയളവിലും കാൾ സെന്റർ മുഴുവൻ സമയവും പ്രവർത്തിക്കും. വൈദ്യുതിയുമായി ബന്ധപ്പെട്ട ഏത് തരത്തിലുള്ള പരാതി പരിഹാരത്തിനും 1912ൽ വിളിക്കാം.

സത്യപ്രതിജ്ഞാ ചടങ്ങിൽ ക്ഷണിതാക്കൾ മാത്രം

തിരുവനന്തപുരം: രണ്ടാം പിണറായി വിജയൻ സർക്കാരിന്റെ സത്യപ്രതിജ്ഞ തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ നടക്കും. 20ന് വൈകിട്ട് ചടങ്ങ് നടത്താനാണ് സാധ്യത. മന്ത്രിമാരെയടക്കം തീരുമാനിക്കുന്നതിനായി 17ന് ചേരുന്ന എൽഡിഎഫ് യോഗത്തിൽ ഇത് സംബന്ധിച്ച് അന്തിമ തീരുമാനമുണ്ടാകും.

കൊവിഡ് പശ്ചാത്തലത്തിൽ പ്രവേശനം ക്ഷണിക്കപ്പെട്ട വർക്കു മാത്രമായി ചുരുക്കിയാകും ചടങ്ങുകൾ. പൊതുജനങ്ങൾക്കു ചടങ്ങിൽ പ്രവേശനമുണ്ടാകില്ല. കൊവിഡ് നിയന്ത്രണങ്ങൾ കർശനമായി പാലിക്കുന്നതിനായി സെൻട്രൽ സ്റ്റേഡിയത്തിനുള്ളിൽ പ്രത്യേകം സജ്ജീകരിച്ച വേദിയിലാകും സത്യപ്രതിജ്ഞ.

200 കിലോ കഞ്ചാവ് പിടിച്ചു

തിരുവനന്തപുരം: ലോക് ഡൗണിന്റെ മറവിൽ കടത്തിയ 200 കിലോഗ്രാം കഞ്ചാവ് എക്സൈസ് പിടികൂടി. മൂന്നുപേരെ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. ആക്കുളം റോഡിൽ എക്സൈസ് എൻഫോഴ്സ്മെന്റ് സംഘം നടത്തിയ പരിശോധനയിലാണ് കഞ്ചാവ് പിടികൂടിയത്. പിടിച്ചെടുത്ത കഞ്ചാവിന് രണ്ടര കോടിയോളം വില വരുമെന്നാണ് എക്സൈസ് ഉദ്യോഗസ്ഥരുടെ അറിയിപ്പ്.

ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തേയ്ക്ക് വൻ തോതിൽ കഞ്ചാവ് കടത്തുന്നുണ്ടെന്ന് എക്സൈസിന് വിവരം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. കഴിഞ്ഞ ദിവസം തിരുവനന്തപുരം തച്ചോട്ടുകാവിൽ നിന്ന് 205 കിലോ കഞ്ചാവ് പിടികൂടിയിരുന്നു. ലോക് ഡൗൺ സാഹചര്യത്തിൽ ചരക്ക് വാഹനങ്ങളിൽ കർശന പരിശോധന നടത്തേണ്ടെന്ന് സർക്കാർ ഉത്തരവുണ്ടായിരുന്നു. ഇതിന്റെ മറവിൽ കഞ്ചാവ് കടത്താനുള്ള നീക്കമാണ് എക്സൈസ് പിടികൂടിയത്.

തിരുവമ്പാടിക്കാർ കാത്തിരിക്കുന്നു, ലിന്റോയുടെ സ്ഥാനാരോഹണം കാണാൻ

ദീപു മറ്റപ്പള്ളി

തിരുവമ്പാടി(കോഴിക്കോട്): ഇടതു കൈയിലേന്തിയ ഊന്നുവടിയുമായി പതിനഞ്ചാം നിയമസഭയിലേക്ക് ഇദ്ദേഹം നടന്നുകയറുമ്പോൾ അത് ഒരുപാട് സന്തോഷവും ഏറെ ആവേശവും നിറഞ്ഞ കാഴ്ചയായിരിക്കും, പ്രത്യേകിച്ച് തിരുവമ്പാടിക്കാർക്ക്. പറഞ്ഞു വരുന്നത് തിരുവമ്പാടിയുടെ നിയുക്ത എംഎൽഎ ലിന്റോ ജോസഫിന്റെ കാര്യമാണ്. വലതുകാലിന്റെ ചലനശേഷി നഷ്ടമാക്കിയ വാഹനാപകടത്തിന്റെ ഓർമകളെ മനക്കരുത്തും ഊന്നുവടിയുടെ കരുത്തും കൊണ്ട് മറികടന്നാണ് ലിന്റോ തിരുവമ്പാടിയെ ഇടതുപക്ഷത്ത് ഉറപ്പിച്ച് നിർത്തിയത്.

എങ്ങനെയാണ് ലിന്റോയുടെ കൈയിൽ ഊന്നുവടി വന്നത് എന്ന് ചോദിച്ചാൽ അതിൽ നൊമ്പരപ്പെടുത്തുന്ന ഒരു അതിജീവന കഥയുണ്ട്. നാട് പ്രളയത്തിൽ മുങ്ങി 2019 ഓഗസ്റ്റ് 12ന് പെരുന്നാൾ ദിനത്തിൽ കൂമ്പാറ മാങ്കുന്ന് ആദിവാസി കോളനിയിലെ ട്യൂമർ രോഗിയായ ബിജുവിനെ ആംബുലൻസിൽ ആശുപത്രിയിലേക്ക് കൊണ്ടുപോകുമ്പോൾ മുക്കം മാമ്പറ്റയിൽ ആംബുലൻസിൽ ടിപ്പർ ലോറി ഇടിക്കുകയായിരുന്നു. പ്രളയ രക്ഷാപ്രവർത്തനങ്ങൾക്ക് ശേഷം രാത്രി ഒമ്പതോടെയാണ് ആശുപത്രിയിലേക്ക് പുറപ്പെട്ടത്.

കൂമ്പാറ ജുമാ മസ്ജിദ് കമ്മിറ്റിയുടെതായിരുന്നു ആംബുലൻസ്. പെരുന്നാൾ ദിവസം മറ്റ് ഡ്രൈവർമാർ ഇല്ലാത്തതിനാൽ ആ ദൗത്യവും ലിന്റോ ഏറ്റെടുക്കുകയായിരുന്നു. ഒരു മാസം കോഴിക്കോട് മെഡിക്കൽ കോളെജിൽ ചികിത്സ നടത്തി. മൂന്ന് ശസ്ത്രക്രിയക്ക് ശേഷമാണ് അൽപ്പം മുടന്തിയാണെങ്കിലും നടക്കുന്നത്. ആറ് മാസത്തെ വിശ്രമത്തിനു ശേഷം വയ്യാത്ത കാലുമായി അശരണർക്ക് ആശ്വാസവുമായി ലിന്റോ എവിടെയുമുണ്ടായിരുന്നു. അതുകൊണ്ട് തന്നെയാണ് തദ്ദേശ തെരഞ്ഞെടുപ്പിൽ ജനങ്ങൾ ഈ ചെറുപ്പക്കാരനെ തെരഞ്ഞെടുത്തതും കൂടരഞ്ഞിയിൽ സിപിഎം പഞ്ചായത്ത് പ്രസിഡന്റാക്കിയതും.

ലിന്റോ ജോസഫ്

ലിന്റോയുടെ വലതുകാലിന്റെ മുട്ടിന് താഴോട്ട് മരവിപ്പാണ്, തൊട്ടാൽപോലും അറിയില്ല. മൂന്ന് തവണ എസ്എഫ്ഐ ജില്ലാ സെക്രട്ടറിയായും ഡിവൈഎഫ്ഐ ജില്ലാക്കമ്മിറ്റി അംഗവും സിപിഎം തിരുവമ്പാടി ഏരിയ കമ്മിറ്റി അംഗവുമായിരുന്നു. രാഷ്ട്രീയ പേരാട്ടങ്ങൾക്ക് ഒപ്പം കായിക രംഗത്തും തന്റെ കഴിവ് തെളിയിച്ച ഒരാളായിരുന്നു ലിന്റോ. അപകടത്തോടെ അതിന് വിരാമമായിരിക്കുകയാണ്. 1500 മീറ്റർ ഓട്ടം, ക്രോസ് കൺട്രി എന്നിവയിൽ സംസ്ഥാന ജേതാവ്. 2007ലെ ഗോവ ദേശീയ മീറ്റിൽ ക്രോസ് കൺട്രിയിൽ സംസ്ഥാനത്തെ പ്രതിനിധീകരിച്ചു. പുല്ലൂരാംപാറ മലബാർ സ്പോർട്സ് അക്കാഡമിയിലൂടെയാണ് കായിക രംഗത്ത് വളർന്നത്.

യുഡിഎഫിന്റെ ഉറച്ച കോട്ടയെന്ന് പേര് കേട്ടിരുന്ന തിരുവമ്പാടി മണ്ഡലം അവർക്ക് നഷ്ടപ്പെടാൻ തുടങ്ങിയത് 2006ൽ മത്തായി ചാക്കോയുടെ വരവോടുകൂടിയാണ്. 1977 മുതൽ കോൺഗ്രസിന്റേയും ലീഗിന്റേയും എംഎൽഎമാർ മാത്രം വിജയിച്ച കോഴിക്കോട്ടെ മലയോര മണ്ഡലം. 2011-ൽ മണ്ഡലം വീണ്ടും യു.ഡി.എഫിലേക്ക് പോയെങ്കിലും 2016ൽ ഇടതിലേക്ക് തന്നെ തിരിച്ചെത്തി. 2021ൽ ലിന്റോ അത് നിലനിർത്തി.

ഇത്തവണ മുസ്ലിം ലീഗിലെ സി.പി. ചെറിയ മുഹമ്മദിനെ 4643 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് പരാജയപ്പെടുത്തിയത്. ബിജെപിയിലെ ബേബി അമ്പാട്ടിന് നേടാനായത് 7,794 വോട്ടുകൾ മാത്രം. യുവത്വത്തിന്റെ തീപ്പൊരി നേതാവെന്ന നിലയിൽ നാട്ടിൽ തിളങ്ങിയ ലിന്റോ ജോസഫ് പരിചയസമ്പത്തിന്റെ പിൻബലത്തിൽ നിയമസഭയിൽ കുടിയേറ്റ കർഷകരുടെ ശബ്ദമായി മാറുന്ന കണക്കുകൂട്ടലിലാണ് തിരുവമ്പാടിക്കാർ.

പശ്ചിമ ബംഗാളിലെ അക്രമം: ഗവർണർ ചീഫ് സെക്രട്ടറിയെ വിളിപ്പിച്ചു

കോൽക്കത്ത: സംസ്ഥാനത്തെ ക്രമസമാധാന പ്രശ്നങ്ങളെക്കുറിച്ചു വിശദമായ വിവരങ്ങൾ നൽകത്തതിൽ പശ്ചിമ ബംഗാൾ ഗവർണർ ജഗദീപ് ധൻകർ അതൃപ്തി പ്രകടിപ്പിച്ചു. ചീഫ് സെക്രട്ടറിയെയും ഡിജിപിയെയുമാണു ഗവർണർ തന്റെ അപ്രീതി അറിയിച്ചത്.

നേരത്തേ, ആഭ്യന്തര സെക്രട്ടറി വിവരങ്ങൾ നൽകുന്നില്ലെന്ന് ആരോപിച്ച് ചീഫ് സെക്രട്ടറി ആലാപൻ ബന്ദോപാധ്യായയെയും ഡിജിപി വീരേന്ദ്രയെയും ഗവർണർ വിളിച്ചുവരുത്തിയിരുന്നു. ഒരു രേഖയുമില്ലാതെയാണ് ആഭ്യന്തര സെക്രട്ടറി തന്നെ കാണാനെത്തിയതെന്നും ഗവർണർ. തുടർന്നാണ് ഏഴു മണിക്കുള്ളിൽ കൃത്യമായ വിവരങ്ങളുമായി തന്നെ കാണാൻ ചീഫ് സെക്രട്ടറിയോടു നിർദേശിച്ചത്.

Metro Vaartha
SUNDAY 09 MAY 2021
METRO PLUS

വെള്ളിത്തിളക്കത്തിൽ ഇർഷാദ്

പി.ജി.എസ്. സൂരജ്

വ്യത്യസ്തമായ വേഷപ്പകർച്ചകളിലൂടെ ത്രില്ലടിപ്പിക്കുന്ന സിനിമാറ്റിക് അനുഭവമായിരുന്നു 'വൂൾഫ്' എന്ന ചിത്രത്തിൽ ഈർഷാദ് അലിയുടെ പ്രകടനം. അനുനിമിഷംകൊണ്ട് മാറിമറിയുന്ന ജോ എന്ന കഥാപാത്രം ഇർഷാദ് എന്ന നടനിൽ ഭദ്രമായിരുന്നു. 25 വർഷമായി ഈർഷാദ് അഭിനയ ജീവിതം തുടങ്ങിയിട്ട്. തന്റെ കരിയറിൽ പ്രേക്ഷകർ ഏറ്റവുമധികം ആഘോഷിച്ച കഥാപാത്രമായിരുന്നു വൂൾഫിലെ ജോ എന്ന് ഇർഷാദ് പറയുന്നു. നവാഗതനായ തരുൺ മൂർത്തി സംവിധാനം ചെയ്ത ഓപ്പറേഷൻ ജാവയിലെ പ്രതാപൻ എന്ന പൊലീസ് ഓഫീസറും ഇർഷാദ് ഗംഭീരമാക്കിയിരുന്നു. ഇർഷാദ് മെട്രോ വാർത്തയ്ക്കൊപ്പം.

? എങ്ങനെ ആയിരുന്നു വൂൾഫ് എന്ന ചിത്രത്തിലേക്ക് എത്തിയത്..

വൂൾഫ് എന്ന ചിത്രം തുടങ്ങുന്നത് ഷാജി അസീസും സാഹിത്യകാരൻ ഇന്ദുഗോപനും തമ്മിലുള്ള സൗഹൃദത്തിൽ നിന്നുമാണ്. 'ഒരിടത്തൊരു പോസ്റ്റ്മാൻ' എന്ന ചിത്രത്തിന് ശേഷം നീണ്ട പത്തു വർഷങ്ങൾക്ക് ശേഷമാണ് ഷാജി അസീസ് 'വൂൾഫ്' ചെയ്യുന്നത്. ജനപ്രിയ ടെലിവിഷൻ സീരിയൽ ആയിരുന്ന എം.ഐറ്റി മൂസയും ഇതിനിടയിൽ ഷാജി ചെയ്തിരുന്നു. കഴിഞ്ഞ ഓഗസ്റ്റിലാണ് സിനിമയുടെ ആശയം ഇന്ദുഗോപൻ ഷാജി അസീസിനോട് പറയുന്നത്. ലോക് ഡൌൺ പശ്ചാത്തലത്തിൽ വികസിപ്പിച്ച കഥ എന്നാണ് ഇന്ദുഗോപൻ ഷാജിയോട് പറഞ്ഞത്.

രണ്ടു ചെറുപ്പക്കാരുടെ സംഘർഷമായിരുന്നു ഇന്ദുഗോപൻ പറഞ്ഞ ആദ്യ കഥയിൽ ഉണ്ടായിരുന്നത്. എന്നാൽ അതിലൊരാൾക്ക് 40 വയസിൽ കൂടുതൽ വേണമെന്ന് പറഞ്ഞത് ഷാജി ആയിരുന്നു. അതിനു ശേഷമാണ് ഷാജി എന്നെ വിളിച്ച് ഈ കഥയെക്കുറിച്ച് സംസാരിക്കുന്നത്. ഒരു കഥാപാത്രത്തിന് 40 വയസിൽ കൂടുതലുള്ള പ്രായം വച്ചത് എന്നെക്കൂടി ഈ സിനിമയിൽ ഉൾപ്പെടുത്താൻ വേണ്ടിയായിരുന്നു.

ഇന്ദുഗോപനുമായുള്ള ദീഘ സംഭാഷണങ്ങൾ ജോ എന്ന കഥാപാത്രത്തിന്റെ കൃത്യമായ ഘടന മനസിലാക്കാൻ ഒരുപാട് സഹായിച്ചു. ജോ ശരിക്കും ഒരു ട്രാവലർ ആയിരുന്നു. ഇടുക്കിയിൽ ജനിച്ചു വളർന്ന ജോയുടെ ബാല്യം അരക്ഷിതവും അരാജകവുമായിരുന്നു. അമ്മയെ ക്രൂരമായി പീഡിപ്പിക്കുന്ന അച്ഛൻ. പിന്നീടെപ്പോഴോ ജോ നാടുവിട്ട് സൌത്താഫ്രിക്കയിൽ ചേക്കേറുകയാണ്. കാടുകളിൽ അലഞ്ഞുതിരിഞ്ഞ ജോ നല്ലൊരു വേട്ടക്കാരനാകുന്നു. കാടിന്റെ വന്യമായ സൌന്ദര്യം എന്തെന്നറിഞ്ഞ ജോയുടെ സ്വഭാവത്തിലും ക്രമേണ ആ വന്യത വളരുകയാണ്. പല നഗരങ്ങളിലൂടെയും പല കാടുകളിലൂടെയും പല കാലാവസ്ഥകളിലൂടെയും ജോ സഞ്ചരിട്ടുണ്ട്. സംഭാഷണങ്ങളിലൂടെ മാത്രം നിഗൂഢത തോന്നിപ്പിക്കുന്ന ജോ എന്ന കഥാപാത്രത്തെ പിടിച്ച്കെട്ടുന്നത് അത്ര എളുപ്പമായിരുന്നില്ല.

? വൂൾഫിലെ വേഷപ്പകർച്ചകൾ ശ്രദ്ധ നേടിയല്ലോ...

ശരിയാണ്. ഇതുവരെ എന്നെ കാണാത്ത രൂപത്തിലാണ് വൂൾഫിൽ പ്രത്യക്ഷപ്പെട്ടത്. അതിനു നന്ദി പറയേണ്ടത് കൊറോണയോടാണ്. ലോക്ഡൗൺ കാരണം മറ്റൊന്നും ചെയ്യാൻ കഴിയാതെ തടിയും മുടിയും വളർന്നിറങ്ങിയിരുന്നു. ആ സമയത്താണ് എന്നിലേക്ക് ജോ വരുന്നത്. ആ രൂപത്തിലേക്ക് ജോയെ പറിച്ച് നടുന്നത് എളുപ്പമായിരുന്നു. ജോയെ കൂടുതൽ ഭാഗിയാക്കിയത് മേക്കപ്പ് മാൻ രഞ്ജിത് മണലിപ്പറമ്പാണ്. കൈയിലും കഴുത്തിലും ടാറ്റൂ കുത്തി ജോയെ രഞ്ജിത് കൂടുതൽ മിഴിവുറ്റതാക്കി. പത്ത് കിലോയോളം തടി കുറച്ചു. ചുരുട്ട് വലിക്കുന്ന കഥാപാത്രമാണ് ജോ. ഞാൻ സൗഹൃദസദസുകളിൽ അപൂർവമായി മാത്രം പുകവലിക്കുന്നൊരാളാണ്. ജോ ആകുന്നതിനായി രണ്ടു മാസത്തോളം സിഗാർ വലിച്ച് ശീലിച്ചു.

? ആദ്യ ലോക് ഡൌണിനു ശേഷമുണ്ടായ ഹിറ്റ് ചിത്രം ഓപ്പറേഷൻ ജാവയിലെ പ്രതാപ് എന്ന വളരെ സ്റ്റൈലിഷായ പൊലീസ് ഓഫിസറെ ഗംഭീരമാക്കിയല്ലോ..

ഓപ്പറേഷൻ ജാവ പൂർണമായും തരുൺ മൂർത്തി എന്ന സംവിധായകന് അവകാശപ്പെട്ട ചിത്രമാണ്. പൊലീസ് വേഷമെന്ന് പറഞ്ഞപ്പോൾ ഞാൻ പിൻമാറിയതാണ്. അനവധി പൊലീസ് വേഷങ്ങളാണ് ഇതിനോടകം ചെയ്തിട്ടുള്ളത്. സൈബർ സെല്ലിലെ യൂണിഫോമില്ലാത്ത പൊലീസ് ആണെന്നു പറഞ്ഞപ്പോഴാണ് കഥ കേൾക്കാമെന്ന് തരുണിനോട് പറഞ്ഞത്. കഥ കേട്ടയുടൻ തരുണിന് കൈകൊടുത്തു. വളരെ സൌമ്യനും ഡ്രസിങ്ങിൽ വളരെ സ്റ്റൈലിഷുമായ പ്രതാപൻ എന്ന ഓഫീസറെ എനിക്ക് ഇഷ്ടപ്പെട്ടു. ഗർവോ ജാടയോ ഒന്നും കാണിക്കാത്ത ശാന്തനായ പൊലീസ് ഓഫീസർ. രണ്ടു ചെറുപ്പക്കാർ വന്ന് ചില കാര്യങ്ങൾ പറയുമ്പോൾ അതൊക്കെ ശാന്തമായി കേട്ടു ഉൾക്കൊള്ളാൻ അയാൾക്കാവുന്നുണ്ട്. എന്റെ കഥാപാത്രം നന്നായതിലുള്ള ക്രെഡിറ്റ് തരുൺ മൂർത്തിക്ക് അവകാശപ്പെട്ടതാണ്.

? കരിയറിന്റെ ആദ്യ കാലത്ത് നരസിംഹം പോലെയുള്ള സൂപ്പർ ഹിറ്റ് ചിത്രങ്ങളുടെ ഭാഗമായിരുന്നിട്ടും പിന്നീട് വേണ്ടത്ര ശ്രദ്ധിക്കപ്പെടുന്ന കഥാപാത്രങ്ങൾ അധികമായി ലഭിച്ചില്ലല്ലോ.

എന്തുകൊണ്ട് എന്ന ചോദ്യത്തിന് സിനിമയിൽ വലിയ പ്രസക്തിയില്ല. പല ഘടകങ്ങളും ചേർന്നാണ് ഒരു സിനിമ സംഭവിക്കുന്നത്. സിനിമയിൽ നിലനിൽക്കണമെങ്കിൽ ഭാഗ്യവും കൂടി വേണം. നിരന്തരമായ ഉത്സാഹത്തോടെ ഒരു നടൻ നിന്നെങ്കിൽ മാത്രമേ കൂടുതൽ അവസരങ്ങൾ എത്തുകയുള്ളൂ. പൊതുവേ മടിയനായ ഞാൻ കൂടുതൽ ശ്രമങ്ങൾ നടത്താത്തതും നല്ല കഥാപാത്രങ്ങൾ ലഭിക്കാത്തതിന്റെ കാരണമാകാം. സിനിമയിൽ ആരുടെ ഭാവിയും പ്രവചിക്കാൻ കഴിയില്ല. നമ്മൾ നിരന്തരം സിനിമയെ ശ്വസിച്ചുകൊണ്ടു സിനിമയെ വിശ്വസിച്ചുകൊണ്ടേയിരിക്കുക. അപ്പോൾ സിനിമ നമ്മളിലേക്ക് എത്തിച്ചേരും.

? താങ്കളുടെ അഭിനയ ജീവിതം 25 വർഷം പിന്നിടുകയാണല്ലോ..

'ബിഗ് ബ്രദർ' എന്ന സിനിമയുടെ പ്രൊമോഷൻ പരിപാടിക്കിടെ ഒരു ചാനൽ അവതാരകനാണ് അക്കാര്യം ഓർമിപ്പിച്ചത്. ജീവിതത്തിൽ അങ്ങനെ കണക്കെടുപ്പുകളൊന്നും ഇല്ലാത്ത ആളാണ് ഞാൻ. ഇത്രയും വർഷമായി അഭിനയിച്ച സിനിമകളുടെയും സീരിയലുകളുടെയും കണക്കൊന്നും ഞാൻ സൂക്ഷിച്ചിട്ടില്ല. ഒരുപാട് പേർ ചേർത്തു പിടിച്ചതുകൊണ്ടാണ് ഞാൻ ഇന്ന് ഇവിടെ എത്തി നിൽക്കുന്നത്.

കഴിഞ്ഞ 25 വർഷമായി സിനിമ കൊണ്ടാണ് ജീവിക്കുന്നത്. അഭിനയമല്ലാതെ മറ്റൊരു തൊഴിലും ഇതിനിടയിൽ ചെയ്തിട്ടുമില്ല. 25 വർഷമായി സിനിമയിൽ നിലനിൽക്കുക എന്നത് ഒരു ചെറിയ കാര്യമല്ലല്ലോ. ഞാൻ വന്ന കാലത്ത് സിനിമയിൽ ചാൻസ് ചോദിച്ചു നടന്നവരിൽ ചിലർ ഇന്നും ചാൻസു ചോദിക്കുന്നുണ്ട്. അതൊക്കെ നോക്കുമ്പോൾ ഞാൻ എത്രയോ ഭാഗ്യവാനാണ്. ഇർഷാദ് എന്ന നടനെ അടയാളപ്പെടുത്താൻ കഴിയുന്ന ഒരുപിടി കഥാപാത്രങ്ങളെ അവതരിപ്പിക്കാൻ കഴിഞ്ഞു എന്നത് തന്നെ പുണ്യമായി കരുതുന്നു. ഇതുവരെ കൂടെ നിന്നവരെയെല്ലാം നന്ദിയോടെ ഓർക്കുകയാണ്.

? പുതുമുഖ സംവിധായകരുടെ ചിത്രങ്ങളിലാണല്ലോ ഇപ്പോൾ കൂടുതലും കാണുന്നത്...

പുതിയ തലമുറയിലെ ചെറുപ്പക്കാരും എന്നെ സ്വീകരിക്കുന്നു എന്നതു തന്നെ വലിയ സന്തോഷം. അവരുടെ കൂടെ പ്രവർത്തിക്കുമ്പോൾ ലഭിക്കുന്ന ഊർജം എന്നിലെ നടനും വൈവിധ്യമായ അനുഭവമാണ് സമ്മാനിക്കുന്നത്. ഗിരീഷ് സംവിധാനം ചെയ്ത തണ്ണീർമത്തൻ ദിനങ്ങളിലെ സ്കൂൾ പ്രിൻസിപ്പലിന്റെ കഥാപാത്രവും എനിക്ക് നല്ലൊരു ബ്രേക്കായിരുന്നു.

? ആദ്യ കാലങ്ങളിൽ ടി.വി. ചന്ദ്രൻ, പ്രിയനന്ദനൻ, കെ.ടി. കുഞ്ഞുമുഹമ്മദ് തുടങ്ങിയ സംവിധായകരുടെ സിനിമകളിലാണല്ലോ താങ്കളെ കൂടുതൽ കണ്ടിരുന്നത്...

എന്റെ നാടക കാലം മുതൽ കൂടെയുള്ള സുഹൃത്താണ് പ്രിയനന്ദനൻ. ഞാനും പ്രിയനന്ദനനും ഒന്നിച്ചാണ് സിനിമയിലേക്കുള്ള യാത്ര ആരംഭിക്കുന്നത്. പ്രിയന്റെ ഒന്നോ രണ്ടോ സിനിമകളിലാണ് ഞാൻ അഭിനയിക്കാതിരുന്നിട്ടുള്ളത്. ഞാൻ ആദ്യമായി നായക തുല്യ വേഷം ചെയ്യുന്നത് ചന്ദ്രേട്ടന്റെ (ടി.വി. ചന്ദ്രൻ) ചിത്രമായ പാഠം ഒന്ന് ഒരു വിലാപത്തിലാണ്. അതിനു ശേഷമുള്ള അദ്ദേഹത്തിന്റെ മിക്ക സിനിമകളിലും അഭിനയിട്ടുണ്ട്. ഒരു സഹനടൻ എന്ന നിലയിൽ ആദ്യമായി ഒരു നല്ല വേഷം ചെയ്യുന്നത് പി.ടി കുഞ്ഞുമുഹമ്മദിന്റെ 'മഗ്രിബ്' എന്ന ചിത്രത്തിലാണ്. സമാന്തര സിനിമാക്കാരുടെ അത്തരം ഒരുപാട് സിനിമകളിൽ ഞാൻ അഭിനയിച്ചിട്ടുണ്ട്. അത് കുറേക്കാലം കൊമേഷ്സ്യൽ സിനിമാക്കാർ എന്നെ മാറ്റി നിർത്താനും കാരണമായിട്ടുണ്ട്. എനിക്ക് ലഭിച്ച കഥാപാത്രങ്ങൾ ഞാൻ ചെയ്തു എന്നതിനപ്പുറം ബോധപൂർവമായ ഒരു ശ്രമമായിരുന്നില്ല അത്.

? ആണ്ടാൾ എന്ന ചിത്രത്തിലൂടെ നിർമാതാവിന്റെ കുപ്പായവും അണിയുകയാണല്ലോ...

കാന്തൻ എന്ന ചിത്രത്തിന് ശേഷമാണ് ഞാൻ സംവിധായകൻ ഷെരീഫ് ഈസയെ പരിചയപ്പെടുന്നത്. കാന്തന് ചെലവായത് 10 ലക്ഷം രൂപയാണ്. ചെറിയ അത്തരം കഥകൾ ഉണ്ടെങ്കിൽ ഞാൻ സഹകരിക്കാം എന്ന് ഞാൻ ഷെരീഫിനോടു നേരത്തെ പറഞ്ഞിരുന്നു. ഒരു ദിവസം ഗവി വരെ ഒന്നുപോകാം എന്ന് ഷെരീഫ് എന്നോടു പറയുന്നു. എന്റെ മനസിൽ ഇപ്പോഴുള്ള കഥ സംഭവിക്കാൻ പോകുന്നത് അവിടെയാണ് എന്നും പറഞ്ഞു. അങ്ങനെ ഞാനും ഷെരീഫും തിരക്കഥാകൃത്തായ പ്രമോദ് കുവേരിയും കൂടി ഗവിയിൽ പോയി. അവിടെ ചെന്നപ്പോഴാണ് ആണ്ടാൾ എന്ന കഥയുടെ മനോഹരമായ പശ്ചാത്തലം കാണുന്നത്. 25-30 ലക്ഷം രൂപയുണ്ടെങ്കിൽ സിനിമ ചെയ്യാം എന്ന് ഷെരീഫ് പറഞ്ഞു. ഇത്തരത്തിലുള്ള ഒരു കഥയ്ക്കു വേണ്ടി ഒരു നിർമാതാവിനെ കിട്ടുക എളുപ്പമല്ലെന്ന് എനിക്കറിയാമായിരുന്നു. അതുകൊണ്ടു തന്നെ ഞാനും എന്റെ കുറേ സുഹൃത്തുകളും കൂടി സിനിമ ചെയ്യാം എന്ന് തീരുമാനിക്കുകയായിരുന്നു. 40 ലക്ഷം രൂപയോളമാണ് ആണ്ടാളിനു ചെലവായത്.

? താങ്കൾ കടുത്ത ഇടതുപക്ഷ വിശ്വാസിയാണെന്ന് കേട്ടിട്ടുണ്ട്..

ഇടതുപക്ഷമെന്നോ വലതുപക്ഷമെന്നോ എന്നതിനപ്പുറം മനുഷ്യപക്ഷത്ത് നിൽക്കുന്ന ആളാണെന്ന് പറയാനാണ് ഞാനാഗ്രഹിക്കുന്നത്. ഞാൻ കുറേക്കാലം ഡിവൈഎഫ്ഐ പ്രവർത്തകനായിരുന്നു. 2000 ത്തിൽ ബ്ലോക്ക് ഡിവിഷനിലേക്ക് ചുറ്റിക അരിവാൾ നക്ഷത്രത്തിൽ മത്സരിച്ചു. ജയിക്കാൻ കഴിഞ്ഞില്ല. സിനിമയിൽ സജീവമായതിന് ശേഷമാണ് ഞാൻ സജീവ രാഷ്ട്രീയം ഉപേക്ഷിച്ചത്. അടുത്ത കാലത്ത് വീണ്ടും പാർട്ടി മെമ്പർഷിപ്പ് എടുത്തു.

? പിണറായി വിജയൻ എന്ന മുഖ്യമന്ത്രിയെ എങ്ങനെ വിലയിരുത്തുന്നു..

പാർട്ടി സെക്രട്ടറി ആയിരുന്ന കാലം മുതൽ ഞാൻ പിണറായി വിജയന്റെ പക്ഷത്ത് നിൽക്കാനാണ് ആഗ്രഹിച്ചിട്ടുള്ളത്. കമ്മ്യൂണിസ്റ്റ് മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് നമ്മുടെ നാടിന്റെ വികസനത്തെ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാമെന്ന് കാണിച്ചു തന്ന ഭരണാധികാരിയാണ് പിണറായി വിജയൻ. കേരളീയ ജനതയെ ഇത്രയധികം ചേർത്തുപിടിച്ച ഒരു ഭരണാധികാരി വേറെയില്ല.

? മകനും അഭിനേതാവായല്ലോ. കുടുംബത്തെക്കുറിച്ച്...

മകന്റെ പേര് റാംഷക്. യാദൃച്ഛികമായി രണ്ടു സിനിമയിൽ അഭിനയിച്ചു എന്നല്ലാതെ അവന് കാര്യമായി അഭിനയ മോഹമൊന്നുമില്ല. അവന്റെ മേഖല ഫോട്ടോഗ്രാഫിയാണ്. ഞാൻ എന്റെ സ്വപ്നങ്ങളിലൂടെയും അവൻ അവന്റെ സ്വപ്നങ്ങളിലൂടെയും സഞ്ചരിക്കുന്നു. ഭാര്യ റാംസീന ബാങ്കിൽ ജോലി ചെയ്യുന്നു.

വായിച്ചു തീരാത്ത പുസ്തകമായി ബാലേട്ടൻ..... ഒപ്പം മാറാമറയാട്ടവും

ശരത് ഉമയനെല്ലൂർ

കെ.ഡി. ഷൈബു മുണ്ടയ്ക്കൽ

അഭിനയിച്ചു തീരാത്ത ഏതോ ഒരു വേഷം പകുതിയിൽ പതറി നിർത്തി പി. ബാലചന്ദ്രൻ എന്ന ബാലേട്ടൻ പടിയിറങ്ങി... ജീവിതത്തിന്റെ അരങ്ങിൽ നിന്ന്... വേഷപ്പകർച്ചകളില്ലാത്ത ലോകത്തേക്ക്... നടൻ, തിരക്കഥാകൃത്ത്, നാടക പ്രവർത്തകൻ, അധ്യാപകൻ, എഴുത്തുകാരൻ വിശേഷണങ്ങൾ അനവധി ആ പേരിനൊപ്പം ചേർത്തുവായിക്കാമെങ്കിലും പ്രിയപ്പെട്ടവർക്ക് എന്നും ബാലേട്ടനായിരുന്നു പി.ബാലചന്ദ്രൻ. കാലദേശമില്ലാതെ, പ്രായഭേദമില്ലാതെ സൗഹൃദങ്ങളെ നെഞ്ചോടു ചേർത്തിരുന്ന ബാലചന്ദ്രന്റെ മാറാമറയാട്ടം എന്ന തോറ്റത്തിന് കവിതാഭാഷ്യം രചിച്ച് ആദരം തീർക്കുകയാണ് ഒരുകൂട്ടം കലാകാരന്മാർ. സംവിധായകനും യുവകവിയുമായ കെ.ഡി. ഷൈബു മുണ്ടയ്ക്കലാണ് മാറാമറയാട്ടത്തിന് കാവ്യഭാഷ്യം ചമയ്ച്ചത്. യുട്യൂബിലൂടെ കാവ്യപ്രേമികളിലെത്തിയിരിക്കുകയാണ് മാറാമറയാട്ടം.

" തായെന്നും തകയെന്നും
ആകാശത്തിടി മുട്ടി
തെയ്യെന്നൊരു തീവെട്ടി-
യാഞ്ഞുവെട്ടി! "
എന്ന കവിതാ രൂപത്തിലുള്ള സ്മരണാഞ്ജലിക്ക് ഈണം നൽകിയിരിക്കുന്നത് അജയ് തിലകാണ്. അജയ് തന്നെയാണു ദൃശ്യഭാഷ്യത്തിലും പ്രത്യക്ഷപ്പെടുന്നത്.

കനലായുയിർത്തതും
പൂവായ് ജ്വലിച്ചതും
പുഴയായ് തെളിഞ്ഞതും
കടലായ് തിളച്ചതും
പടനിലത്തുരയറ്റൊടുവിൽ
വിരലറ്റു നിന്നതും... തുടങ്ങിയ വരികളിലൂടെ കത്തിപ്പടർന്ന് കവിത അതിന്റെ പടപ്പുറപ്പാട് വിളിച്ചറിയിക്കുന്നു. തോറ്റത്തിന്റെ താളവും ആവേഗവും അനുവാചകനെ വിസ്മയിപ്പിക്കുന്നുണ്ട്.

ആ മഴയ്ക്കല്ലയോ
മേലോക കന്നിമാർ
കതിവന്നൂർവീരനെ
വേൾക്കുവാൻവന്നത്!
തായെന്നും തകയെന്നും
ആകാശത്തിടിമുട്ടി
തെയ്യെന്നവനാകാശ
തെയ്യമായി
മലമേലെ മഴമേഘ
രൂപനായി!.....

എന്ന വരികളിൽ കവിതയുടെ രംഗഭാഷയ്ക്ക് തിരശീല വീഴുന്നു. ഉലത്തീയിൽ സ്ഫുടപാകം ചെയ്യപ്പെട്ട പി. ബാലചന്ദ്രൻ അംഗീകരിക്കപ്പെടുന്നതായി ചമച്ചിരിക്കുന്ന ഈ കാവ്യദൃശ്യഭാഷയുടെ ക്യാമറ ചലിപ്പിച്ചിരിക്കുന്നത് പ്രമോദ് നിലമ്പൂരാണ്. ജിബിൻ സുരേന്ദ്രനാണ് എഡിറ്റിങ് നിർവഹിച്ചിരിക്കുന്നത്..

വർഷങ്ങൾക്കു മുൻപ് തിരുവനന്തപുരത്തെ 'അഭിനയ' നാടകക്കളരിക്കായി മാറാമറയാട്ടം ചെയ്യുമ്പോൾ യൂണിവേഴ്സിറ്റി കോളെജിലെ മാവിൻ ചുവട്ടിൽ ബാലേട്ടനുമായി മണിക്കൂറുകളോളം സർഗാത്മക സൗഹൃദം പങ്കിട്ടതിന്റെ ഓർമകളിൽ നിന്നാണ് മാറാമറയാട്ടം കവിതയും ദൃശ്യാവിഷ്കാരവും ഇപ്പോൾ രൂപാന്തരം പ്രാപിക്കാൻ കാരണമെന്ന് ഷൈബു മുണ്ടയ്ക്കൽ.

ചങ്ങാതിക്കൂട്ടങ്ങളിൽ എന്നും ചേർന്നു നിന്ന ബാലേട്ടനായി എന്തെങ്കിലും ചെയ്യണമെന്ന തീരുമാനത്തിലാണ് മുഴക്കവും മുറുക്കവുമുള്ള മായാമറയാട്ടം തോറ്റത്തിന് കാവ്യഭാഷ ഷൈബു സൃഷ്ടിച്ചത്. മനസുകൊണ്ട് പാരമ്പര്യത്തിന്റെ കളിമൺ പാതയിൽ ഉറച്ചു നിന്നപ്പോഴും ബാലേട്ടൻ ചിന്തകൾ കൊണ്ട് ആകാശങ്ങൾക്കും അപ്പുറമുള്ള ലോകത്തെയാണ് അഭിമുഖീകരിച്ചതെന്നു ഷൈബു. പാരമ്പര്യ വഴികളിൽ നിന്നും മലയാളകവിതയെ ആധുനികതയുടെ അഭിരുചികളിലേക്കു ചേർത്തു നിർത്തുകയാണ് കെ.ഡി. ഷൈബു എന്ന കലാകാരൻ ചെയ്യുന്നത്.

പെരുമ്പാവൂർ സ്വദേശിയായ ഷൈബു പതിനഞ്ചാം വയസു മുതൽ കവിതകളെഴുതി തുടങ്ങി. ആനുകാലികങ്ങളിലും മിനി മാഗസിനുകളിലും പ്രസിദ്ധീകരിച്ചു. രാഷ്ട്രീയ, നാടക, സാഹിത്യ, സാംസ്കാരിക പ്രവർത്തനങ്ങളിൽ ചെറിയ പ്രായം മുതൽ സജീവമായി. സ്വന്തം നാട്ടിൽ പുരോഗമന നാടക പ്രവർത്തക സംഘം എന്ന പേരിൽ സ്വന്തമായി സമിതി രൂപീകരിച്ച് ഒട്ടനവധി
നാടകങ്ങൾ അവതരിപ്പിച്ചു. സ്പാർട്ടക്സ്, ചന്തിരാനും കൂട്ടരും, ചുനരി, കറുത്ത ദൈവത്തെ തേടി, ജന മേജയ, ആസ്ഥാനവിഡ്ഢികൾ, ശുഭാന്തം എന്നിവ ഇവയിൽ ചിലതാണ്.

എറണാകുളം കലൂർ ജയിൻ അപ്പാർട്മെന്റിൽ താമസിക്കുന്ന കെ.ഡി. ഷൈബു 1996-ൽ തിരുവനന്തപുരം കോളെജ് ഒഫ് ഫൈൻ ആർട്സിൽ കലാപഠനം ഒന്നാം റാങ്കിൽ, സ്വർണ്ണ മെഡലോടെ പൂർത്തിയാക്കി. പഠന ശേഷം തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ അനിമേഷൻ കമ്പനിയിൽ ജോലിയിൽ പ്രവേശിച്ചു. ഡെറക്ടാംബ്, ബിൽ
ഡെന്നിസ്, ബിൽ മാത്യൂസ്, ഇഷുപട്ടേൽ തുടങ്ങിയ പ്രശസ്തർക്ക് കീഴിൽ പ്രവർത്തിക്കാൻ അവസരം ലഭിച്ചു.

2005-മുതൽ തിരുവനന്തപുരത്തെ വിസ്മയാസ്മാക്സ് അനിമേഷൻസ് ഡയറക്ടർ ആയി പ്രവർത്തിച്ചു വരുന്നു. സിനിമാരംഗത്ത് 'ഗോൾഡ് പാന്റ്' അന്താരാഷ്ട്ര അവാർഡ് അടക്കം ഒട്ടനവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ചില ഹോളിവുഡ് സിനിമകൾക്ക് വേണ്ടിയും പ്രവർത്തിച്ചിട്ടുണ്ട്. ഇപ്പോൾ സംഘകാല ചരിത്രത്തിലൂന്നി മലയാളത്തിൽ സ്വന്തമായി തിരക്കഥയെഴുതി സംവിധാനം ചെയ്യുന്ന 'അകനാനൂറ്' എന്ന ചല ച്ചിത്രത്തിന്റെ പണിപ്പുരയിലാണ്. ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചു എൽഡിഎഫ് സംഘടിപ്പിച്ച സംസ്ഥാന ജാഥയുടെ തീം സോങ് ഉൾപ്പെടെയുള്ള പാട്ടുകളെഴുതിയതു ഷൈബുവായിരുന്നു. ജാഥയുടെ ഉദ്ഘാടനം നടന്ന കാസർഗോഡ് മുഖ്യമന്ത്രി പിണറായി വിജയനായിരുന്നു സിഡി പ്രകാശനം.

ചാംപ്യൻസ് ലീഗ് ഫൈനൽ ഇംഗ്ലണ്ടിൽ

സൂറിച്ച്: തുർക്കിയിലെ ഇസ്താംബുളിൽ വച്ച് നടക്കേണ്ട ചാമ്പ്യൻസ് ലീഗിന്റെ വേദി ഇംഗ്ലണ്ടിലേക്കു മാറ്റും കൊറോണ വ്യാപിക്കുന്നതിനാൽ തുർക്കിയെ ബ്രിട്ടൺ റെഡ് സോണിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. അതുകൊണ്ട് തന്നെ ബ്രിട്ടണിൽ നിന്നുള്ളവരെ തുർക്കിയിലേക്ക് യാത്ര ചെയ്യാൻ ഗവൺമെന്റ് അനുവദിക്കില്ല. ഇംഗ്ലീഷ് ടീമുകളായ ചെൽസിയും മാഞ്ചസ്റ്റർ സിറ്റിയുമാണ് ചാമ്പ്യൻസ് ലീഗ് ഫൈനലിൽ നേർക്കുനേർ വരുന്നത്. 10000 ആരാധകർക്ക് മത്സരം കാണാൻ അവസരം ഉണ്ട് എങ്കിലും ഇംഗ്ലണ്ടിൽ നിന്ന് ആർക്കും യാത്ര ചെയ്യാൻ സാധിക്കില്ല.കളിക്കാൻ വേണ്ടി യാത്ര ചെയ്യുന്ന താരങ്ങൾക്ക് ആകട്ടെ തിരികെ വന്നാൽ ക്വാറന്റൈനിൽ കഴിയേണ്ടതായും വരും. ഈ കാരണങ്ങൾ ഒക്കെ കൊണ്ട് തന്നെ ചാമ്പ്യൻസ് ലീഗ് ഫൈനൽ തുർക്കിയിൽ നിന്ന് മാറ്റണം എന്നാണ് ക്ലബുകളും യു കെ ഗവണ്മെന്റും പറയുന്നത്. ഇംഗ്ലണ്ടിൽ വെംബ്ലിയുൽ വെച്ച് ചാമ്പ്യൻസ് ലീഗ് ഫൈനൽ നടത്താൻ ഒരുക്കമാണെന്നും ഇംഗ്ലീഷ് എഫ് എ അറിയിച്ചു.

ഇന്ത്യക്ക് നാട്ടിലും ഇംഗ്ലണ്ടിലും ക്വാറന്റൈൻ

മുംബൈ: ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിനും ഇംഗ്ലണ്ടിനെതിരായ അഞ്ച് ടെസ്റ്റ് മത്സര പരമ്പരയ്ക്കുമായി ഇംഗ്ലണ്ടിലേക്ക് പുറപ്പെടാൻ തയ്യാറെടുക്കുന്ന ഇന്ത്യൻ ടീമിന്റെ കൊവിഡ് മാനദണ്ഡങ്ങളായി. ഇംഗ്ലണ്ടിൽ നടക്കുന്ന പരമ്പരയ്ക്കായി ഇന്ത്യ എട്ട് ദിവസം നാട്ടിലും 10 ദിവസം ഇംഗ്ലണ്ടിലും ക്വാറന്റൈനിൽ ഇരിക്കണം. ന്യൂസീലൻഡിനെതിരായ ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിനും വേദിയാവുന്നത് ഇംഗ്ലണ്ടാണ്. ഇന്ത്യയിൽ കോവിഡിന്റെ വ്യാപനം രൂക്ഷമായതിനാൽ നേരത്തെ തന്നെ ക്വാറന്റൈനിൽ ബയോബബിൾ സുരക്ഷയൊരുക്കി താരങ്ങളെ പരമ്പരയ്ക്ക് അയക്കാനാണ് ബിസിസിഐയുടെ ശ്രമം.

ഇന്ത്യൻ താരങ്ങൾ മെയ് 25നാവും ബയോബബിൾ സുരക്ഷയിൽ ക്വാറന്റൈനിൽ പ്രവേശിക്കുക. ഇന്ത്യയിൽ എട്ട് ദിവസമാണ് ക്വാറന്റൈൻ. പരിശോധനകൾക്ക് ശേഷം ജൂൺ രണ്ടിന് ഇംഗ്ലണ്ടിലേക്ക് യാത്ര തിരിക്കും. ഇംഗ്ലണ്ടിലെത്തിയാൽ വീണ്ടും 10 ദിവസം ക്വാറന്റൈനിൽ കഴിയണം. എന്നാൽ ഇംഗ്ലണ്ടിൽ ക്വാറന്റൈനിൽ കഴിയുന്ന സമയത്തും ബയോബബിൾ സുരക്ഷയിൽ പരിശീലനവും വ്യായാമവും നടത്താം.

ഇന്ത്യൻ താരങ്ങൾക്ക് ഇംഗ്ലണ്ടിലേക്ക് പോവാൻ ബയോബബിൾ സുരക്ഷയിൽ ചാർട്ടേർഡ് വിമാന സൗകര്യമാണ് ഒരുക്കിയിരിക്കുന്നത്. ഓരോ ഘട്ടത്തിലും താരങ്ങൾക്ക് പരിശോധന നടത്തും'-ബിസിസിഐ മുതിർന്ന അംഗം വ്യക്തമാക്കി.

ടെസ്റ്റ് ചാമ്പ്യൻഷിപ്പിന്റെ ഫൈനലിന് ശേഷം നടക്കുന്ന ഇംഗ്ലണ്ട് പരമ്പരയ്ക്ക് മുന്നോടിയായി അൽപ്പം ഇടവേളയുണ്ടാവും. നിലവിൽ ഐപിഎല്ലിന്റെ ഇടവേളയെത്തുടർന്ന് താരങ്ങളെല്ലാം വീടുകളിലാണുള്ളത്. അതിനാൽത്തന്നെ മടങ്ങിവരുമ്പോൾ ആർക്കൊക്കെ കോവിഡ് സ്ഥിരീകരിക്കുമെന്ന് കണ്ടറിയണം. ഐപിഎല്ലിൽ കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിലാണ് ടൂർണമെന്റ് പാതിവഴിയിൽ നിർത്തിവെക്കേണ്ടി വന്നത്. ജൂൺ 18 മുതൽ 22വരെയാണ് ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ. സതാംപ്ടണാണ് വേദി.

ഇംഗ്ലണ്ടിനെതിരായ അഞ്ച് മത്സരങ്ങളടങ്ങിയ ടെസ്റ്റ് പരമ്പര ഓഗസ്റ്റ് നാലിന് നോട്ടിങ്ഹാമിലാണ് ആരംഭിക്കുന്നത്. സെപ്റ്റംബർ 10ന് മാഞ്ചസ്റ്ററിലാണ് പരമ്പര അവസാനിക്കുന്നത്. ഇംഗ്ലണ്ട് ഇന്ത്യയിലെത്തിയപ്പോൾ വമ്പൻ വിജയമാണ് ഇന്ത്യ നേടിയത്. ഇതിന് പകരം വീട്ടാനുറച്ചാവും ഇംഗ്ലണ്ട് കാത്തിരിക്കുന്നത്. 20 അംഗ ടീമിനെ പരമ്പരയ്ക്കായി ഇന്ത്യ പ്രഖ്യാപിച്ചിരുന്നു.

കോവിഡിന്റെ സാഹചര്യം പരിഗണിച്ച് റിസർവ് താരങ്ങളെയടക്കം ഏറ്റവും മികച്ച താരങ്ങളുമായാണ് ഇന്ത്യ ഇംഗ്ലണ്ടിലേക്ക് പോകുന്നത്. ഒന്നാം നമ്പർ ടീമായി ടെസ്റ്റ് ചാമ്പ്യൻഷിപ്പ് കലാശപ്പോരാട്ടത്തിനിറങ്ങുന്ന ഇന്ത്യക്ക് കെയ്ൻ വില്യംസൺ നയിക്കുന്ന ന്യൂസിലൻഡ് കടുത്ത വെല്ലുവിളിയാവുമെന്നുറപ്പാണ്.-

നെയ്മർ പിഎസ്ജിയിൽ തന്നെ

പാരീസ്: പി എസ് ജി താരം നെയ്മർ ക്ലബ് വിട്ടു പോകില്ല എന്ന് ഉറപ്പായി. നെയ്മറും പി എസ് ജിയുമായി പുതിയ കരാർ ധാരണയിൽ എത്തിയതായി ക്ലബ് ഔദ്യോഗികമായി പ്രഖ്യാപിച്ചു. 2025 വരെയുള്ള കരാർ ആണ് നെയ്മർ ഒപ്പുവെച്ചത്. 29കാരനായ താരം 2017 മുതൽ പി എസ് ജിക്ക് ഒപ്പം ഉണ്ട്. പി എസ് ജിക്ക് വേണ്ടി ഇതുവരെ 112 മത്സരങ്ങൾ കളിച്ചിട്ടുണ്ട്. 85 ഗോളുകൾ താരം ഈ സമയം കൊണ്ട് നേടി. ഒപ്പം 51 അസിസ്റ്റും താരം സംഭാവന ചെയ്തു. ക്ലബിനൊപ്പം ഒമ്പത് കിരീടങ്ങളും നെയ്മർ നേടി.

അടുത്ത മൂന്ന് വർഷത്തിൽ ചാമ്പ്യൻസ് ലീഗ് കിരീടം പി എസ് ജി നേടുക ആണെങ്കിൽ വലിയ ബോണസ് ലഭിക്കുന്ന രീതിയിലാണ് നെയ്മറിന്റെ പുതിയ കരാർ. വർഷം മൂന്നു കോടി യൂറോയോളമാകും പുതിയ കരാറിലൂടെ നെയ്മർ സമ്പാദിക്കുക. ക്ലബിന്റെ ഭാവി പദ്ധതികളിൽ താരം സന്തോഷവാൻ ആണ് എന്ന് താരം കരാർ ഒപ്പുവച്ചു കൊണ്ട് പറഞ്ഞു. മുമ്പ് പി എസ് ജി വിടാൻ ഏറെ ശ്രമിച്ച താരമാണ് നെയ്മർ. ഈ കരാർ വാർത്ത വന്നതോടെ ബാഴ്സലോണയുടെ നെയ്മറിനെ സ്വന്തമാക്കാം എന്ന പ്രതീക്ഷ അവസാനിച്ചു-

സീമ ബിസ്‌ലയ്ക്ക് ഒളിംപിക് യോഗ്യത

ന്യൂഡൽഹി: ലോക ഗുസ്തി ഒളിംപിക്സ് ക്വാളിഫയറിന്റെ 50 കിലോ വിഭാഗം ഫൈനൽ സ്ഥാനം ഉറപ്പിച്ച സീമ ബിസ്‌ലയ്ക്ക് ഒളിംപിക്സ് യോഗ്യതയും. ഫൈനൽ സ്ഥാനം ഉറപ്പാക്കിയതോടെയാണ് സീമയ്ക്ക് ഒളിമ്പിക്സ് യോഗ്യത ലഭിയ്ക്കുന്നത്. ഇന്ത്യയ്ക്ക് വേണ്ടി ടോക്കിയോ ഒളിംപിക്സിലേക്ക് യോഗ്യത നേടുന്ന എട്ടാമത്തെ താരമാണ് സീമ ബിസ്ല.ഇന്ത്യയ്ക്ക് വേണ്ടി യോഗ്യത നേടുന്ന നാലാമത്തെ വനിത ഗുസ്തി താരമാണ് സീമ. 2016 ഒളിംപിക്സിൽ ഇന്ത്യയെ പ്രതിനിധീകരിച്ചത് എട്ട് ഗുസ്തിക്കാരാണ്. ബൾഗേറിയയിലാണ് യോഗ്യത മത്സരങ്ങൾ നടന്നത്.

ലീഗ് വൺ: ലില്ലെ കിരീടത്തിലേക്ക്

പാരീസ്: ഫ്രാൻസിലെ ലീഗ് പോരാട്ടത്തിൽ പി എസ് ജിക്ക് വലിയ നിരാശ നൽകുന്നതിന് തൊട്ടടുത്ത് എത്തിയിരിക്കുകയാണ് ലില്ല. ഇന്നലെ ലീഗിലെ നിർണായക പോരാട്ടത്തിൽ ലെൻസിനെ പരാജയപ്പെടുത്തിയതോടെ ലില്ല കിരീടത്തിന് തൊട്ടടുത്ത് എത്തി. ഇനി അവസാന രണ്ടു മത്സരങ്ങളിൽ കൂടെ വിജയിച്ചാൽ കിരീടം സ്വന്തമാക്കാൻ അവർക്കാകും. എതിരില്ലാത്ത മൂന്നു ഗോളുകൾക്കായിരുന്നു ലില്ലെയുടെ വിജയം.തുടക്കത്തിൽ തന്നെ ലീഡ് എടുക്കാൻ ലില്ലെയ്ക്കായി.

പെനാൽറ്റിയിൽ നിന്ന് തുർക്കിഷ് താരമായ യിൽമാസ് ആണ് നാലാം മിനുട്ടിൽ ലില്ലയ്ക്ക് ലീഡ് നൽകിയത്. 35ആം മിനുട്ടിലെ ചുവപ്പ് കാർഡ് വാങ്ങി മിചലിൻ പുറത്തായതോടെ ലെൻസ് പത്തു പേരായി ചുരുങ്ങി. ഇതോടെ ലില്ലെക്ക് കാര്യങ്ങൾ എളുപ്പമായി. 40ആം മിനുട്ടിൽ യിൽമാസ് തന്നെ ലില്ലയുടെ ലീഡ് ഇരട്ടിയാക്കി. 60-ാം മിനുറ്റിൽ ഡേവിഡിന്റെ വക മൂന്നാം ഗോളും പിറന്നു.ഈ വിജയം ലില്ലയെ 36 മത്സരങ്ങളിൽ 79 പോയിന്റിൽ എത്തിച്ചു. 75 പോയിന്റുമായാണ് പി എസ് ജ രണ്ടാമത് നിൽക്കുന്നത്. പി എസ് ജി ഒരു മത്സരം കുറവാണ് കളിച്ചത്.

റാമോസിനു വീണ്ടും പരുക്ക്

മാഡ്രിഡ്: റയൽ മാഡ്രിഡ് ക്യാപ്റ്റൻ സെർജിയോ റാമോസിന് വീണ്ടും പരിക്ക്. കഴിഞ്ഞ മത്സരത്തിൽ മാത്രമായിരുന്നു റാമോസ് പരിക്കും കൊറോണയും ഒക്കെ മാറി എത്തിയത്. താരത്തിന് വീണ്ടും പരിക്കേറ്റു എന്നും അടുത്ത മത്സരങ്ങളിൽ കളിക്കുന്നത് സംശയമാണെന്നും ക്ലബ് അറിയിച്ചു. റാമോസ് ചെൽസിക്ക് എതിരായ ചാമ്പ്യൻസ് ലീഗ് സെമി ഫൈനലിൽ കളിച്ചിരുന്നു.

ഫെബ്രുവരി മുതൽ റാമോസ് പരിക്കിന്റെയും കൊറോണയുടെയും പിടിയിലായിരുന്നു.റാമോസിന് പരിക്കേറ്റത് റയലിന്റെ പ്രശ്നങ്ങൾ വർധിപ്പിക്കും. ലാലിഗയിൽ നിർണായക മത്സരത്തിൽ സെവിയ്യയെ നേരിടാൻ ഇരിക്കുകയാണ് റയൽ മാഡ്രിഡ്. റാമോസ് മാത്രമല്ല മറ്റൊരു സെന്റർ ബാക്കായ വരാനെയും റൈറ്റ് ബാക്കായ കാർവഹാലും പരിക്കേറ്റ് പുറത്താണ്.

റയൽ, ബാഴ്സ,യുവെ ക്ലബുകൾക്ക് വിലക്ക്?

ലണ്ടൻ: യൂറോപ്യൻ സൂപ്പർ ലീഗിന്റെ ഭാഗമായി ഇപ്പോഴും നിൽക്കുന്ന ക്ലബുകളായ ബാഴ്സലോണ, റയൽ മാഡ്രിഡ്, യുവന്റസ് എന്നീ ക്ലബ്ബുകളെ വിലക്കാൻ യുവേഫ നടപടികൾ ആരംഭിച്ചു. സൂപ്പർ ലീഗിനോടു സഹകരിക്കാൻ തീരുമാനിച്ച ഇവർക്ക് രണ്ടു വർഷത്തേക്ക് യുവേഫ ടൂർണമെന്റുകളായ ചാമ്പ്യൻസ് ലീഗ്, യൂറോപ്പ ലീഗ് എന്നിവയിൽ നിന്ന് വിലക്കാനാണ് യുവേഫ ആലോചിക്കുന്നത്. ഇത്തവണത്തെ ചാമ്പ്യൻസ് ലീഗ് ഫൈനലിനു പിന്നാലെ ഇത് സംബന്ധിച്ച് ഔദ്യോഗികമായ വിധി വരും.വിലക്കിന് ഒപ്പം ഒരോ ക്ലബുകളും 50 മില്യൺ വീതം പിഴ ആയും നൽകേണ്ടി വരും. ഇത്തരം ഒരു നടപടി വരികയാണങ്കിൽ അത് യുവേഫയും വലിയ ക്ലബുകളുമായുള്ള ബന്ധം കൂടുതൽ വഷളാക്കും.

സൂപ്പർ ലീഗുമായി സഹകരിച്ച ബാക്കി 9 ക്ലബുകളും 15മില്യൺ യുവേഫയുടെ ഗ്രാസ് റൂട്ട് ഫുട്ബോളിനായി സംഭാവന നൽകാനും ഒപ്പം അടുത്ത വർഷത്തെ യുവേഫ ടൂർണമെന്റിൽ നിന്നുള്ള വരുമാനത്തിന്റെ 5% പിഴ ആയി യുവേഫക്ക് നൽകാനും ഇന്നലെ തീരുമാനം ആയിരുന്നു.

പ്രസിദ്ധ് കൃഷ്ണയ്ക്കും കൊവിഡ്

കോൽക്കത്ത: കോൽക്കത്ത നൈറ്റ് റൈഡേഴ്സ് താരം പ്രസിദ്ധ് കൃഷ്ണ കൊവിഡ് പോസിറ്റീവ്. ഫ്രാഞ്ചൈസിയിലെ നാലാമത്തെ താരമാണ് ഇപ്പോൾ കോവിഡ് ബാധിച്ചിരിക്കുന്നത്. നേരത്തെ വരുൺ ചക്രവർത്തിയും സന്ദീപ് വാര്യരും കൊറോണ പോസിറ്റീവ് ആണെന്ന് കണ്ടെത്തിയതോടെയാണ് ഐപിഎൽ നിർത്തി വയ്ക്കേണ്ട സാഹചര്യം ഉയർന്ന് വന്നത്.പിന്നീട് ഇന്നലെ ടിം സീഫെർട്ടിനും കൊറോണ സ്ഥിരീകരിച്ചിരുന്നു. ഇപ്പോൾ പ്രസിദ്ധ് കൃഷ്ണയും കോവിഡ് ബാധിതനാണെന്ന് മനസ്സിലാകുന്നതോടെ ഇത് നാലാമത്തെ താരമാണ് ഫ്രാഞ്ചൈസിയിൽ കോവിഡ് ബാധിതനാകുന്നത്.-

തടി കുറയ്ക്കൂ, പരിഗണിക്കാം: പൃഥ്വി ഷായോട് ബിസിസിഐ

മുംബൈ: തടി കുറയ്ക്കാതെ ഇന്ത്യൻ ടീമിലേക്കു മടങ്ങിവരുന്നതിനെക്കുറിച്ച് ആലോചിക്കേണ്ടെന്നു യുവ ഓപ്പണർ പൃഥ്വി ഷായോട് ബിസിസിഐ. ബിസിസിഐ സെലക്ടർമാർ. അമിതഭാരം പൃഥ്വിക്കു അമിതഭാരമുണ്ടെന്നും ഇതു കുറയ്ക്കാതെ ദേശീയ ടീമിലേക്കു താരത്തെ തിരിച്ചുവിളിക്കില്ലെന്നുമുള്ള ഉറച്ച നിലപാടിലാണ് ചേതൻ ശർമയുടെ കീഴിലുള്ള സെലക്ഷൻ കമ്മിറ്റി. ലോക ചാംപ്യൻഷിപ്പ്, ഇംഗ്ലണ്ടിനെതിരായ പരമ്പര എന്നിവയിൽ രോഹിത് ശർമ, ശുഭ്മാൻ ഗിൽ, മായങ്ക് അഗർവാൾ, കെഎൽ രാഹുൽ എന്നിവരാണ് ഓപ്പണർമാരായി ടീമിലെത്തിയിരിക്കുന്നത്.

ബംഗാൾ താരം അഭിമന്യു ഈശ്വരൻ ബാക്കപ്പ് ഓപ്പണറായും ഇന്ത്യക്കൊപ്പമുണ്ട്. റിഷഭ് പന്തിനെ കണ്ടുപഠിക്കാനാണ് പൃഥ്വിയോടു സെലക്ടർമാർ ആവശ്യപ്പെട്ടിരിക്കുന്നത്. നേരത്തേ അമിതഭാരം കാരണം ടീമിനു പുറത്തായ റിഷഭ് ഭാരം കുറച്ച ശേഷം പ്രകടനം ഏറെ മെച്ചപ്പെട്ടതായും ഇത് ദേശീയ ടീമിൽ മടങ്ങിയെത്താൻ താരത്തെ സഹായിച്ചതായും സെലക്ടർമാർ ചൂണ്ടിക്കാട്ടുന്നു.

പൃഥ്വിക്കു വേഗം കുറവാണ് 21 വയസ് മാത്രമേയുള്ളൂവെങ്കിലും ഫീൽഡിൽ പൃഥ്വിക്കു വേഗത കുറവാണ്. അമിതഭാരം തന്നെയാണ് ഇതിനു കാരണം. കുറച്ച് കിലോ ഭാരം താരം കുറയ്ക്കേണ്ടതുണ്ട്. ഓസ്ട്രേലിയയിൽ ഫീൽഡിങിനിടെ പൃഥ്വിക്കു ഏകാഗ്രതക്കുറവും കാണപ്പെട്ടിരുന്നു. ഓസ്ട്രേലിയയിൽ മടങ്ങിയെത്തിയ ശേഷം അവൻ കഠിനാധ്വാനം നടത്തുന്നുണ്ട്. റിഷഭ് പന്ത് മികച്ച ഉദാഹരണമായി പൃഥ്വിക്കു മുന്നിലുണ്ട്. കുറച്ചു മാസങ്ങൾ കൊണ്ട് റിഷഭിനും കാര്യങ്ങൾ മാറ്റിമറിക്കാൻ കഴിഞ്ഞുവെങ്കിൽ പൃഥ്വിക്കും അതിനു കഴിയുമെന്ന് ബിസിസിഐ വൃത്തങ്ങൾ ചൂണ്ടിക്കാട്ടി. മികച്ച പ്രകടനം തുടരണം ഇന്ത്യൻ ടീമിലേക്കു തിരഞ്ഞെടുക്കപ്പെടണമെങ്കിൽ പൃഥ്വി മികച്ച പ്രകടനം തുടരേണ്ടതുണ്ട്. അടുത്ത കുറച്ച് ടൂർണമെന്റുകളിൽ കൂടി പൃഥ്വി മികവ് തുടരണം. ഒരു മികച്ച പരമ്പരയുടെ പേരിലാണ് അവൻ പലപ്പോഴും ഇന്ത്യൻ ടീമിലേക്കു തിരഞ്ഞെടുക്കപ്പെടാറുള്ളത്.

അതിനു ശേഷം പൃഥ്വി അന്താരാഷ്ട്ര ക്രിക്കറ്റിൽ പതറുകയും ചെയ്യും. ഏറെക്കാലം മാറ്റിനിർത്താൻ സാധിക്കാത്ത വിധ മികച്ച താരമാണ് പൃഥ്വിയെന്നും ബിസിസിഐ വൃത്തങ്ങൾ വിലയിരുത്തി. പൃഥ്വിയുടെ തിരിച്ചുവരവ് ഇന്ത്യക്കു വേണ്ടി ടെസ്റ്റിലൂടെ അരങ്ങേറിയ പൃഥ്വിക്കു പിന്നീട് പരിക്കും വിലക്കുമെല്ലാം നേരിടേണ്ടി വന്നിരുന്നു. മോശം ഫോം കാരണം 2020ലെ ഐപിഎല്ലിൽ ഡൽഹി ക്യാപ്റ്റൽസിന്റെ പ്ലെയിങ് ഇലവനിൽ നിന്നും താരം ഒഴിവാക്കപ്പെട്ടു. പിന്നാലെ ഇന്ത്യൻ ടീമിലു പൃഥ്വിക്കു സ്ഥാനം നഷ്ടമായി. ഈ വർഷത്തെ വിജയ് ഹസാരെ ട്രോഫിയിലൂടെ ഗംഭീര തിരിത്തുവരവാണ് താരം നടത്തിയത്. 800ന് മുകളിൽ റൺസ് വാരിക്കൂട്ടിയ പൃഥ്വി ഐപിഎല്ലിൽ ഡിസിക്കായി എട്ടു മത്സരങ്ങളിൽ നിന്നും 308 റൺസും നേടിയിരുന്നു.യുവ ഓപ്പണർ പൃഥ്വി ഷായെ ഐസിസിയുടെ ലോക ടെസ്റ്റ് ചാംപ്യൻഷിപ്പ് ഫൈനലിനും ഇംഗ്ലണ്ടിനെതിരേയുള്ള അഞ്ചു ടെസ്റ്റുകൾക്കമുള്ള ഇന്ത്യൻ ടീമിൽ ഉൾപ്പെടുത്തിയിരുന്നില്ല. മികച്ച ഫോമിലുള്ള പൃഥ്വി തീർച്ചയായും ഇന്ത്യൻ ടീമിലേക്കു മടങ്ങിവരുമെന്നായിരുന്നു പ്രതീക്ഷിക്കപ്പെട്ടത്. പക്ഷെ സെലക്ടർമാർ ഒരിക്കൽക്കൂടി താരത്തെ തഴയുകയായിരുന്നു. കഴിഞ്ഞ ഓസ്ട്രേലിയൻ പര്യടനത്തിലെ ടെസ്റ്റ് പരമ്പരയിലാണ് പൃഥ്വി അവസാനമായി കളിച്ചത്. എന്നാൽ മോശം പ്രകടനത്തെ തുടർന്നു ആദ്യ ടെസ്റ്റിനു ശേഷം ഒഴിവാക്കപ്പെട്ട താരം പിന്നീട് ഇന്ത്യക്കായി കളിച്ചിട്ടില്ല.

ലെസ്റ്ററിനെതിരേ ഗോൾ നേടിയ ന്യൂകാസിലിന്റെ കാലം വിൽസൺ

ലെസ്റ്ററിനു വൻ തോൽവി

ലണ്ടൻ: ചാമ്പ്യൻസ് ലീഗിന് യോഗ്യത നേടാൻ ഉറപ്പിച്ച് സ്വന്തം ഗ്രൗണ്ടിൽ ഇറങ്ങിയ ലെസ്റ്റർ സിറ്റിക്ക് വമ്പൻ തോൽവി. റെലെഗേഷൻ ഭീഷണി നേരിടുന്ന ന്യൂ കാസിൽ യുണൈറ്റഡ് ആണ് ലെസ്റ്റർ സിറ്റിക്ക് വമ്പൻ പരാജയം സമ്മാനിച്ചത്. രണ്ടിനെതിരെ നാല് ഗോളുകൾക്കായിരുന്നു ന്യൂ കാസിൽ യുണൈറ്റഡിന്റെ ജയം. ജയത്തോടെ റെലെഗേഷൻ ഭീഷണി ഒഴിവാക്കാൻ ന്യൂ കാസിലനായി. നിലവിൽ മൂന്നാം സ്ഥാനത്തുള്ള ലെസ്റ്റർ സിറ്റി മാഞ്ചസ്റ്റർ സിറ്റിക്കെതിരെ ചെൽസി ജയിച്ചാൽ നാലാം സ്ഥാനത്തേക്ക് പിന്തള്ളപ്പെടും.

മത്സരത്തിന്റെ തുടക്കത്തിൽ സോയ്ഞ്ചുവിന്റെ പിഴവ് മുതലെടുത്ത് വില്ലോക്ക് ആണ് ന്യൂ കാസിലിന് വേണ്ടി ആദ്യ ഗോൾ നേടിയത്.

തുടർന്ന് ആദ്യ പകുതി അവസാനിക്കുന്നതിന് മുൻപ് തന്നെ ഡമ്മറ്റിന്റെ ഗോളിലൂടെ ന്യൂ കാസിൽ തങ്ങളുടെ ലീഡ് ഇരട്ടിയാക്കി. രണ്ടാം പകുതിയിലും മികച്ച പ്രകടനം പുറത്തെടുത്ത ന്യൂ കാസിൽ കാലം വിൽസന്റെ ഇരട്ട ഗോളുകളുടെ പിൻബലത്തിൽ മത്സരത്തിൽ 4-0 മുൻപിലെത്തുകയായിരുന്നു.എന്നാൽ അവസാന 10 മിനുട്ടിൽ രണ്ട് ഗോളുകൾ തിരിച്ചടിച്ച് ലെസ്റ്റർ സിറ്റി മത്സരത്തിലേക്ക് തിരിച്ചുവരാൻ ശ്രമം നടത്തിയെങ്കിലും കൂടുതൽ ഗോൾ വഴങ്ങാതെ ന്യൂ കാസിൽ മത്സരം പൂർത്തിയാകുകയായിരുന്നു. ആൾബ്രൈറ്റനും ഇഹിനാചോയുമാണ് ലെസ്റ്റർ സിറ്റിയുടെ ഗോളുകൾ നേടിയത്. ന്യൂ കാസിൽ ഗോൾ കീപ്പർ മാർട്ടിൻ ഡുബ്രാവുകയുടെ മികച്ച രക്ഷപെടുത്തലുകളാണ് ന്യൂ കാസിലിന് തുണയായത്.

കൊവിഡ്: ഇന്ത്യയുടെ ക്രിക്കറ്റ് ഷെഡ്യൂൾ അവതാളത്തിൽ

മുംബൈ: 2021ലും കോവിഡ് വ്യാപനം ശക്തമായി തുടരുന്നതിനാൽ ഇന്ത്യൻ ക്രിക്കറ്റ് ടീമിന്റെ ഷെഡ്യൂളുകളിൽ മാറ്റം വരാം. വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ പാതിവഴിയിൽ ഐപിഎൽ നിർത്തിവെക്കേണ്ടി വന്നു. നിലവിൽ ഇന്ത്യൻ ടീമിന്റെ സ്ഥിരീകരിച്ചിരിക്കുന്ന ഷെഡ്യൂളുകൾ ഇവയാണ്. നിലവിൽ നടക്കുമെന്ന് ഉറപ്പ് പറയാവുന്ന ഇന്ത്യൻ ടീമിന്റെ പരമ്പര ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പും ഇംഗ്ലണ്ട് പരമ്പരയുമാണ്. ഇംഗ്ലണ്ട് വേദിയാവുന്ന ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ ന്യൂസിലൻഡിനെയാണ് നേരിടുന്നത്. ജൂൺ 18 മുതൽ 22വരെയാണ് ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ നടക്കുന്നത്.

ഇതിന് ശേഷം അഞ്ച് മത്സരങ്ങളടങ്ങിയ ഇംഗ്ലണ്ടിനെതിരായ ടെസ്റ്റ് പരമ്പരയും നടക്കുന്നുണ്ട്. ഓഗസ്റ്റ് 4-8വരെയാണ് ഇംഗ്ലണ്ടിനെതിരായ ആദ്യ ടെസ്റ്റ് നടക്കുന്നത്.നോട്ടിങ്ഹാമാണ് വേദി. രണ്ടാം മത്സരം ലണ്ടനിലും മൂന്നാം മത്സരം ലീഡ്സിലും നാലാം മത്സരം ലണ്ടനിലും അഞ്ചാം മത്സരം മാഞ്ചസ്റ്ററിലും നടക്കും. ഈ മത്സര ക്രമത്തിൽ മാറ്റമുണ്ടാകാനുള്ള സാധ്യത കുറവാണ്.

നിലവിൽ ജൂൺ രണ്ടിന് ഇന്ത്യ ഇംഗ്ലണ്ടിലേക്ക് യാത്ര തിരിക്കുമെന്നാണ് വിവരം. കോവിഡ് ബാധ താരങ്ങൾക്ക് സ്ഥിരീകരിച്ചില്ലെങ്കിൽ ടൂർണമെന്റുമായി മുന്നോട്ട് പോകും. നിലവിൽ ഇന്ത്യ ടൂർണമെന്റിനുള്ള ടീമിനെയും പ്രഖ്യപിച്ചിട്ടുണ്ട്. പ്രമുഖരെയെല്ലാം ഉൾപ്പെടുത്തിയുള്ള ശക്തമായ താരനിരയാണ് ഇന്ത്യ പ്രഖ്യാപിച്ചിരിക്കുന്നത്. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിലെ ഒന്നാം നമ്പർ ടീമായാണ് ഇന്ത്യ എത്തുന്നതെങ്കിലും കരുത്തരായ ന്യൂസീലൻഡാണ് എതിരാളികളെന്നത് ഇന്ത്യക്ക് വലിയ വെല്ലുവിളിയാണ്. ഇന്ത്യ തട്ടകത്തിൽ നാണംകെടുത്തിയതിന് കണക്കുതീർക്കാനുറച്ചാണ് ഇംഗ്ലണ്ട് നാട്ടിൽ കാത്തിരിക്കുന്നത്. അതിന് ശേഷം ടി20 ലോകകപ്പ് ഒക്ടോബറിലും നവംബറിലുമായി നടത്താൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും കോവിഡ് സാഹചര്യത്തിനനുസരിച്ച് ഇതിൽ മാറ്റം വന്നേക്കാം. ഇന്ത്യ- ദക്ഷിണാഫ്രിക്കൻ പര്യടനവും ന്യൂസീലൻഡ് ഇന്ത്യൻ പര്യടനവും തീരുമാനിച്ചിരുന്നെങ്കിലും നിലവിലെ സാഹചര്യത്തിൽ അത് അനിശ്ചിതത്വത്തിലായിരിക്കുകയാണ്. ഇന്ത്യയിലെ കോവിഡ് സാഹചര്യം അതി രൂക്ഷമാണ്.

അതിനാൽത്തന്നെ ഇന്ത്യയിൽ നിന്നുള്ളവർക്ക് മറ്റ് രാജ്യങ്ങളെല്ലാം യാത്രാ വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പിന് മുമ്പ് ഇന്ത്യൻ താരങ്ങളിൽ എത്ര പേർക്ക് കോവിഡ് ബാധിക്കുമെന്ന ആശങ്ക ഇപ്പോഴും നിലനിൽക്കുന്നുണ്ട്.കുടുംബാങ്ങൾക്കും പോകാംമുംബൈ: ഇംഗ്ലണ്ടിലേക്ക് ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിനായി യാത്രയാകുന്ന ഇന്ത്യൻ ടീമിനൊപ്പം കുടുംബാംഗങ്ങൾക്കും യാത്രയാകാമെന്ന് അറിയിച്ച് ബിസിസിഐ. മേയ് 25ന് ഇന്ത്യൻ ടീം ഒരുമിച്ചെത്തിയ ശേഷം എട്ട് ദിവസത്തെ ക്വാറന്റൈന് വിധേയരാകുമെന്നും അതിന് ശേഷം ജൂൺ 2ന് ടീം ഇംഗ്ലണ്ടിലേക്ക് യാത്രയാകുമെന്നും ബിസിസിഐ വക്താവ് അറിയിച്ചു.

പാക്കിസ്ഥാനു കൂറ്റൻ സ്കോർ

കറാച്ചി: സിംബാബ്വേയ്ക്കെതിരെ രണ്ടാം ടെസ്റ്റിൽ പാക്കിസ്ഥാന് കൂറ്റൻ സ്കോർ. ആദ്യം മാറ്റ് ചെയ്ത പാക്കിസ്ഥാൻ എട്ടിന് 510 എന്ന നിലയിൽ തങ്ങളുടെ ഒന്നാം ഇന്നിംഗ്സ് ഡിക്ലയർ ചെയ്തു. ചായയ്ക്ക് ശേഷം മടങ്ങിയെത്തിയ നൗമൻ അലിയ്ക്ക് തന്റെ കന്നി ശതകം 3 റൺസ് അകലെ നഷ്ടമായപ്പോൾ ആണ് പാക്കിസ്ഥാൻ തങ്ങളുടെ ഇന്നിംഗ്സ് ഡിക്ലയർ ചെയ്യുവാൻ തീരുമാനിച്ചത്. ആബിദ് അലി 215 റൺസുമായി പുറത

കെവൈസി: നടപടി വേണ്ടെന്ന് ആർബിഐ

മുംബൈ: കൊവിഡ് അതിരൂക്ഷമായി പടരുന്ന സാഹചര്യത്തിൽ കെവൈസി (നോ യുവർ കസ്റ്റമർ) രേഖകൾ ഹാജരാക്കാത്ത കേസുകളിൽ ഡിസംബർ 31 വരെ അക്കൗണ്ട് മരവിപ്പിക്കരുതെന്ന് ബാങ്കുകൾക്ക് ആർബിഐ നിർദേശം. കെവൈസി രേഖകൾ നൽകാത്തവരുടെ അക്കൗണ്ട് മേയ് 31 വരെ മരവിപ്പിക്കുന്ന സാധാരണ നടപടി ഇക്കുറി വേണ്ടെന്നും ശാഖകളോട് നിർദേശിച്ചു.

രേഖകൾ അപ്ഡേറ്റ് ചെയ്യേണ്ട സമയം കഴിഞ്ഞ കേസുകളിൽ അക്കൗണ്ടുടമകളോട് നേരിട്ട് ഹാജരാകാൻ ആവശ്യപ്പെടാതെ ഇ-മെയിൽ ആയിട്ടോ തപാലിലോ അയക്കാൻ ആവശ്യപ്പെടാം. കാലാകാലങ്ങളിൽ ബാങ്കുകൾ അക്കൗണ്ടുടമകളുടെ കെവൈസി രേഖകൾ ആവശ്യപ്പെടാറുണ്ട്. ഇടപാടുകാരുടെ റിസ്ക് പ്രൊഫൈൽ അനുസരിച്ചാണ് രേഖകൾ ഹാജരാക്കാനുള്ള കാലാവധി നിശ്ചയിക്കുന്നത്. വളരെ കുറഞ്ഞ റിസ്കിലുള്ള അക്കൗണ്ടുടമകൾ 10 വർഷത്തിൽ ഒരിക്കൽ ഇത് പുതുക്കിയാൽ മതിയാകും. എന്നാൽ കൂടിയ റിസ്കുള്ളവരോട് രണ്ട് വർഷത്തിലൊരിക്കൽ രേഖ ആവശ്യപ്പെടും. റിസ്ക് ഇടത്തരമാണെങ്കിൽ എട്ട് വർഷം നൽകും. അക്കൗണ്ടിലൂടെ നടത്തുന്ന ഇടപാടുകളുടെ മൂല്യം, ഇടവേള എന്നിവ പരിഗണിച്ചാണ് അക്കൗണ്ടുടമകളുടെ റിസ്ക് നിർണയിക്കുക.

എൻബിഎഫ്സികളും തുറക്കാം

കൊച്ചി: സംസ്ഥാനത്തെ ബാങ്കിങ്ങിതര ധനകാര്യ സ്ഥാപനങ്ങൾക്ക് (എൻബിഎഫ്സി) ലോക്ഡൗൺ കാലയളവിൽ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 1 മണി വരെ തുറന്ന് പ്രവർത്തിക്കാൻ അനുമതി ലഭിച്ചതായി അസോസിയേഷൻ ഒഫ് നോൺ ബാങ്കിങ് ഫിനാൻസ് കമ്പനീസ് വാർത്താക്കുറിപ്പിൽ അറിയിച്ചു. കർശനമായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചായിരിക്കും സ്ഥാപനങ്ങൾ പ്രവർത്തിക്കുകയെന്നും ഉപയോക്താക്കളുടേയും ജീവനക്കാരുടേയും ആരോഗ്യവും സുരക്ഷയും തങ്ങൾക്ക് ഏറെ പ്രധാനമാണെന്നും അസോസിയേഷൻ ചെയർമാൻ തോമസ് ജോർജ് മുത്തൂറ്റ് വാർത്താക്കുറിപ്പിൽ പറഞ്ഞു.

ഇതോടൊപ്പം കേരളത്തിലെ മിക്കവാറും എല്ലാ പ്രമുഖ എൻബിഎഫ്സി സ്ഥാപനങ്ങളും നൽകി വരുന്ന വിവിധ ഡിജിറ്റൽ സേവനങ്ങൾ ഉപയോക്താക്കൾ കഴിവതും ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം അഭ്യർഥിച്ചു. ശാഖകൾ, ഡിജിറ്റൽ സേവനങ്ങൾ എന്നിവയുടെ സുഗമമായ പ്രവർത്തനത്തിനായി അതത് സ്ഥാപനങ്ങളുടെ ബാക്ക്-എൻഡ് പ്രവർത്തനങ്ങൾ സജ്ജമായിരിക്കും. ലോൺ തിരിച്ചടയ്ക്കൽ, ലോൺ ടോപ്പ് അപ്പ് എന്നിവയ്ക്ക് ആപ്പുകളിലും സൗകര്യമുണ്ട്. കോൾ സെന്റർ, എസ്എംഎസ് തുടങ്ങിയവയിലൂടെയും വിവിധ സേവനങ്ങൾ ഉപയോഗപ്പെടുത്താനാകും.

കേരള ബാങ്ക്

കേരള ബാങ്ക് ചെക്ക് ലീഫ് കുറയ്ക്കുന്നു

കണ്ണൂർ: കേരള ബാങ്കിൽ ചെക്ക് ലീഫ് വെട്ടിച്ചുരുക്കി. ഇതുവരെ ഉപയോക്താക്കൾക്ക് ആവശ്യമുള്ള ചെക് ലീഫ് മുഴുവൻ സൗജന്യമായിരുന്നെങ്കിൽ ഇനി മുതൽ വർഷം 10 ലീഫ് മാത്രമാണ് സൗജന്യം. അതിനു മുകളിലേക്ക്, ഒന്നിന് രണ്ടര രൂപ വീതം ഉപയോക്താക്കൾ ചാർജ് നൽകണം. സഹകരണ സംഘങ്ങൾ നൽകേണ്ട നിരക്ക് ഒന്നേകാൽ രൂപയാണ്. ഈ തുക അക്കൗണ്ടിൽ നിന്നു കുറയ്ക്കും. ചെക്ക് ലീഫ് അച്ചടിക്കാനുള്ള സാമ്പത്തികച്ചെലവും കൈകാര്യം ചെയ്യുന്നതിനുള്ള സമയനഷ്ടവും കണക്കിലെടുത്താണ് തീരുമാനം.

റെഡ്മി വാച്ച് ഈ മാസം 13ന്

മുംബൈ: ഷവോമി കമ്പനിയുടെ സബ് ബ്രാൻഡായ റെഡ്മിയുടെ പുതിയ സ്മാർട്ട് വാച്ച് വരുന്നു. ചതുരാകൃതിയിലുള്ള ഡയലിൽ 1.4 ഇഞ്ച് എൽഇഡി ടച്ച് സ്ക്രീൻ ഡിസ്പ്ലേയാണ് നൽകിയിരിക്കുന്നത്. ഡിസ്പ്ലേ യൂണിറ്റ് 320x320 പിക്സൽ റെസല്യൂഷൻ, 323 പിപിഐയുടെ പിക്സൽ ഡെൻസിറ്റി, 60% എൻടിഎസ്സി കളർ ഗാമറ്റ് എന്നിവയുണ്ട്. കൂടാതെ വാട്ടർ റസിസ്റ്റൻസ് ഫീച്ചറുമുണ്ട്. റെഡ്മി വാച്ചിൽ 24 മണിക്കൂർ ലൈവ് ഹാർട്ട്റേറ്റ് മോണിറ്ററിങ് സെൻസറുണ്ട്. ഇത് സ്ലീപ്പ് മോണിറ്ററിങ്ങിനെയും സപ്പോർട്ട് ചെയ്യുന്നു. ഇതിനിടയിൽ സ്ക്രീനിൽ നിന്ന് തന്നെ മ്യൂസിക് ട്രാക്കുകളിലേക്ക് പോകാനും സാധിക്കും.

കൂടാതെ, റെഡ്മി വാച്ചിൽ നോട്ടിഫിക്കേഷൻ സപ്പോർട്ട് ലഭിക്കുന്നു. സ്പോർട്സ് മോഡ് ട്രാക്കിങ്ങിലേക്ക് വരുന്ന ഇതിന് നടത്തം, ട്രെക്കിങ്, ഓട്ടം, ട്രെഡ്മിൽ, സൈക്കിളിങ്, നീന്തൽ, ക്രിക്കറ്റ് എന്നിങ്ങനെ 11 സ്പോർട്സ് മോഡുകൾ ലഭ്യമാണ്. സാധാരണ ഉപയോഗത്തിൽ 9 ദിവസം വരെ ബാറ്ററി ലൈഫാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്. ഇൻബിൽറ്റ് 230 എംഎഎച്ച് ബാറ്ററിയുടെ തുടർച്ചയായ ജിപിഎസ് ഉപയോഗത്തിൽ ഇത് 10 മണിക്കൂർ സമയം വരെ നീണ്ടുനിൽക്കും. ആൻഡ്രോയ്ഡ് 5.0 അല്ലെങ്കിൽ അതിന് ശേഷം വരുന്ന സോഫ്റ്റ്വെയർ പ്ലാറ്റ് ഫോമിൽ പ്രവർത്തിക്കുന്ന ഡിവൈസുകളെ വാച്ചുമായി ബന്ധിപ്പിക്കുന്നതിന് ബ്ലൂടൂത്ത് 5.0 കണക്റ്റിവിറ്റി ഓപ്ഷനുമുണ്ട്. 3 ആക്സിസ് ആക്സിലറോമീറ്റർ, 3 ആക്സിസ് ഗൈറോസ്കോപ്പ്, ബാരോമീറ്റർ (അൽട്ടിമീറ്റർ), ഒരു കോമ്പസ് സെൻസർ എന്നിവയുമുണ്ട്. ഇത് ജിപിഎസ്, എജിപിഎസ്, ഗ്ലോനാസ് എന്നിവയും സപ്പോർട്ട് ചെയ്യുന്നു. 41x35x10.9 മില്ലിമീറ്റർ അളവിൽ വരുന്ന റെഡ്മി വാച്ച് സ്ട്രാപ്പിനൊപ്പം 35 ഗ്രാം ഭാരം, സ്ട്രാപ്പ് ഇല്ലാതെ 21 ഗ്രാം ഭാരം വരെ കുറയുന്നു.

ചൈനയിൽ റെഡ്മി വാച്ചിന് ഏകദേശം ആർഎംബി 269 അതായത് ഏകദേശം 3,029 രൂപയാണ് വില. തായ്ലൻഡ് പോലുള്ള മറ്റ് വിപണികളിൽ ഏകദേശം 3,400 രൂപ വില വരുന്നു. ഇന്ത്യൻ വിപണിയിൽ വാച്ചിന്റെ വില 3000-3500 രൂപയ്ക്കും ഇടയിലായിരിക്കും.

വിലയേറുന്നു, പക്ഷെ മീനില്ല

സ്വന്തം ലേഖകൻ

കൊച്ചി: മത്സ്യബന്ധന മേഖല പൂർണമായും നിശ്ചലമായതോടെ മാർക്കറ്റിൽ വില കുതിച്ചുയരുന്നു. ചെമ്മീൻ കെട്ടുകളിലെയും കുളങ്ങളിലെയും മത്സ്യങ്ങൾക്കാണ് ഇപ്പോൾ ആവശ്യക്കാരേറെ. കഴിഞ്ഞ ദിവസം കൊച്ചി, വൈപ്പിൻ എന്നിവിടങ്ങളിൽ നിന്നു ചാള വിൽപ്പനയ്ക്ക് എത്തിച്ചിരുന്നു. കെട്ടുകളിൽ നിന്നുള്ള പൂമീനും പാലാത്തനും വിൽപ്പനയ്ക്ക് എത്തുന്നുണ്ട്. കിഴക്കൻ പ്രദേശങ്ങളിൽ നിന്നുള്ള പുഴമത്സ്യവും കാത്തിരിക്കുകയാണ് ആളുകൾ.

കേരളത്തിനു പുറത്തുനിന്ന് വന്നിരുന്ന മീനുകളും കഴിഞ്ഞ നാലു ദിവസമായി എത്തുന്നില്ല. തീരത്തും മത്സ്യക്ഷാമമാണ്. ഹാർബറിലും തീരത്തെ മറ്റു മത്സ്യവിൽപ്പന കേന്ദ്രത്തിലും മത്സ്യം എത്തുന്നില്ല. ചീനവലക്കാരും ചെറുവള്ളക്കാരും എത്തിക്കുന്ന മത്സ്യം കഴിഞ്ഞ ദിവസങ്ങളിൽ ഉണ്ടായിരുന്നു. എന്നാൽ കൊവിഡ് വ്യാപനം തടയുന്നതിനു വേണ്ടി ഹാർബർ നേരത്തെ അടച്ചതോടെ മത്സ്യബന്ധന കേന്ദ്രങ്ങളിലും തൊഴിലാളികൾ ആരും കടലിലിറങ്ങുന്നില്ല. ലോക്ഡൗൺ കാലാവധിക്കു ശേഷമേ ചീനവല മത്സ്യബന്ധനം തുടരൂയെന്നാണ് തൊഴിലാളികൾ പറയുന്നത്. മത്സ്യബന്ധനത്തിനു പതിവായി കടലിൽ പോകുന്ന ബോട്ടുകൾ, ഇൻബോർഡ് എൻജിൻ വള്ളങ്ങൾ, മൂടുവെട്ടി, ഫൈബർ വള്ളങ്ങൾ, ചെറുവള്ളങ്ങൾ എന്നിവ നാളുകളായി വിശ്രമത്തിലാണ്. ഇനി രണ്ടാഴ്ച കഴിഞ്ഞാലേ മീൻ എത്തിത്തുടങ്ങൂ.

ചെമ്മീൻ കെട്ടുകളിലെയും കുളങ്ങളിലെയും മത്സ്യങ്ങൾക്കാണ് ഇപ്പോൾ ആവശ്യക്കാരേറെ. കെട്ടുകളിൽ നിന്നുള്ള പൂമീനും പാലാത്തനും വിൽപ്പനയ്ക്ക് എത്തുന്നുണ്ട്.

5ജി ട്രയൽ കമ്പനികളായി

കൊച്ചി: ഇന്ത്യയിൽ നടക്കാനിരിക്കുന്ന 5ജി ട്രയൽസിൽ പങ്കെടുക്കാൻ അനുമതിയുള്ള കമ്പനികളുടെ പട്ടിക സർക്കാർ പുറത്തിറക്കി. എറിക്സൺ, നോക്കിയ, സാംസങ്ങിന്റെ നെറ്റ്വർക്ക് യൂണിറ്റ് തുടങ്ങിയവയാണുള്ളത്. വാവെയ് അടക്കമുള്ള കമ്പനികൾ ലിസ്റ്റിലില്ല.

ചൈനീസ് കമ്പനികൾക്ക് ഇന്ത്യൻ 5ജിയിൽ ഇടം ഉണ്ടാവില്ല എന്നതിന്റെ സൂചനയാണിതെന്ന് വ്യവസായ ലോകം വിലയിരുത്തുന്നു. ഇന്ത്യയിലെ പ്രധാന സേവനദാതാക്കളായ റിലയൻസ് ഇൻഡസ്ട്രീസിന്റെ ജിയോ ഇൻഫോകോം, എയർടെൽ, വൊഡഫോൺ ഐഡിയ എന്നിവയും എംടിഎൻഎൽ കമ്പനിയും നഗരങ്ങളിലും ഗ്രാമങ്ങളിലും 5ജി ട്രയൽ തുടങ്ങാൻ പോകുകയാണെന്നും ഇത് വ്യക്തമാക്കുന്നു. ആറു മാസത്തേക്കായിരിക്കും ട്രയൽസ്. ഇതു കൂടാതെ, ഇന്ത്യ മറ്റേതെങ്കിലും രാജ്യത്തു നിന്ന് ഉപകരണങ്ങൾ വാങ്ങിക്കുന്നതിന് ജൂണിൽ പുതിയ നിയമങ്ങൾ അവതരിപ്പിച്ചേക്കും.

കൊവിഡ്: പുതിയ കമ്പനികൾ കുറയുന്നു



മുംബൈ: രാജ്യത്ത് പുതിയ കമ്പനികളുടെ രജിസ്ട്രേഷനിൽ ഏപ്രിൽ മാസം 27 ശതമാനം ഇടിവ്. മാർച്ചിൽ റെക്കോഡ് നിലവാരത്തിലെത്തിയ ശേഷമാണ് കൊവിഡ് വ്യാപനത്തെ തുടർന്ന് ഏപ്രിലിലെ രജിസ്ട്രേഷൻ ഇടിഞ്ഞിരിക്കുന്നത്.

പക്ഷെ കഴിഞ്ഞ ഏപ്രിലുമായി താരതമ്യം ചെയ്യുമ്പോൾ കമ്പനി രജിസ്ട്രേഷനിൽ നാലു മടങ്ങു വർധനയുണ്ടായിട്ടുണ്ട്. കൊവിഡ് ലോക്ഡൗണിലായിരുന്ന 2020 ഏപ്രിലിൽ 3209 കമ്പനികളാണ് രജിസ്റ്റർ ചെയ്തത്. ഇത്തവണയിത് 12,554 എണ്ണമായി ഉയർന്നതായി കേന്ദ്ര കോർപ്പറേറ്റ് കാര്യമന്ത്രാലയത്തിന്റെ കണക്കുകളിൽ പറയുന്നു.

കൊറോണക്കെതിരായ പോരാട്ടത്തിന് ജോയ് ആലുക്കാസിന്റെ ധനസഹായം

തൃശൂർ: തൃശൂർ മെഡിക്കൽ കോളെജ് ആശുപത്രിയിൽ ഉടൻ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഐസിയു വികസന പ്രക്രിയക്ക് ജോയ് ആലുക്കാസിന്റെ ധനസഹായം. 50 ലക്ഷം രൂപയുടെ ചെക്ക് ജോയ് ആലുക്കാസ് ചെയർമാൻ ജോയ് ആലുക്കാസ് കോളെജ് പ്രിൻസിപ്പൽ ഡോ. ലോലാ ദാസിന് കൈമാറി. ഈ സംരംഭത്തിൽ 38 പുതിയ ഐസിയു കിടക്കകളാണ് സജ്ജമാക്കുക. ഒരാഴ്ചകൊണ്ട് പുതിയ ഐസിയു ബ്ലോക്കിന്റെ നിർമാണം പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഡോക്ടർ സംഘത്തിന്റെ പ്രത്യേക അഭ്യർഥന മാനിച്ചാണ് ജോയ് ആലുക്കാസ് ഫൗണ്ടേഷൻ ഈ ദൗത്യം ഏറ്റെടുത്തത്. ഇതിനായി സംഘടിപ്പിച്ച യോഗത്തിൽ മെഡിക്കൽ കോളെജ് പ്രിൻസിപ്പൽ സൂപ്രണ്ട് ഡോ. ബിജു കൃഷ്ണൻ, ഡോ. നിഷ, ഡോ. രൺദീപ്, ഡോ. രവീന്ദ്രൻ, ഡോ. ഷംഷാദ് ബീഗം, ജോയ് ആലുക്കാസ് ഫൗണ്ടേഷൻ ചീഫ് കോർഡിനേറ്റർ പി.പി. ജോസ്, ടി.എ. ജോർജ് തുടങ്ങിയവർ പങ്കെടുത്തു. യോഗത്തിൽവെച്ച് വേദനിക്കുന്ന രോഗികൾക്ക് സമാശ്വാസം പകരുന്ന ഒരു പുതിയ പദ്ധതിക്കു വേണ്ടി, 15 കോടി രൂപ വരെ സംഭാവന നൽകാൻ ജോയ് ആലുക്കാസ് ഫൗണ്ടേഷൻ സന്നദ്ധമാണെന്ന് ചെയർമാൻ പ്രഖ്യാപിച്ചു.

തൃശൂർ മെഡിക്കൽ കോളെജ് ആശുപത്രിയിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന ഐസിയു വികസന പ്രക്രിയയ്ക്കായി 50 ലക്ഷം രൂപയുടെ ചെക്ക് ജോയ് ആലുക്കാസ് ചെയർമാൻ ജോയ് ആലുക്കാസ് കോളെജ് പ്രിൻസിപ്പൽ ഡോ. ലോലാ ദാസിന് കൈമാറുന്നു.

തിരിച്ചുവരാൻ കൊതിച്ച് സിനിമാലോകം

ദീപു എം. തോമസ്

കോഴിക്കോട്: രണ്ടാം കൊവിഡ് തരംഗത്തിൽ മൂക്കു കുത്തി വീണിരിക്കുകയാണ് കേരളത്തിലെ സിനിമാലോകം. കാശ് മുടക്കി പടം എടുത്തവർ അതിജീവനത്തിന് ഒരു വഴിയും കാണാതെ വലയുകയാണ്. സിനിമകളുടെ ചിത്രീകരണം നിലച്ചതോടെ വരുമാനം കൂടി നിലച്ച അവസ്ഥയിലാണ് തൊഴിലാളികൾ.

കഴിഞ്ഞ ലോക്ഡൗൺ കാലത്ത് നിർമാതാക്കളുടെ സഹായം പലർക്കും കിട്ടിയെങ്കിൽ ഇത്തവണ അവരുടെ കാര്യം പോലും പ്രയാസത്തിലാണ്. ലോക്ഡൗണും പ്രതികൂല സാഹചര്യങ്ങളും മൂലം ഒരു വർഷമായി തിയറ്ററുകളിലെത്തിക്കാൻ കഴിയാത്ത സിനിമകൾ ഉൾപ്പെടെ റിലീസിനു കാത്തിരിക്കുന്നത് ഏകദേശം 120 ചിത്രങ്ങളാണ്. ഇവയൊക്കെ ഇനി തിയറ്ററിൽ എത്തിച്ചാൽ എത്രത്തോളം കലക്റ്റ് ചെയ്യും എന്ന കാര്യത്തിൽ നിർമാതാക്കൾക്കും ഉറപ്പില്ല. കാരണം 10 മാസം നീണ്ട അടച്ചുപൂട്ടലിനു ശേഷം ഈ വർഷം ജനുവരി 13നാണ് കേരളത്തിലെ തിയറ്ററുകളിൽ പ്രദർശനം പുനരാരംഭിച്ചത്. ഏപ്രിൽ 25നു തിയറ്ററുകൾ വീണ്ടും അടഞ്ഞു. ഇക്കാലത്തു റിലീസ് ചെയ്തത് 45 ചിത്രങ്ങൾ. അവയിൽ വളരെക്കുറച്ചു ചിത്രങ്ങൾ മാത്രമേ സാമ്പത്തിക ലാഭം നേടിയുള്ളൂ.

പലിശയ്ക്കു കടമെടുത്ത തുക എങ്ങനെ തിരിച്ചടയ്ക്കുമെന്ന ആശങ്കയിൽ കഴിയുന്ന ചെറുകിട നിർമാതാക്കളുമുണ്ട്. കോടികൾ ചെലവിട്ടു നിർമിക്കുന്ന ചിത്രങ്ങൾ യഥാസമയം റിലീസ് ചെയ്യാനായില്ലെങ്കിൽ നഷ്ടം കൈപ്പൊള്ളിക്കുകയാണ്. തിയറ്ററുകളിൽ ലോക്ഡൗണിനു ശേഷം നവീകരണത്തിനായി വീണ്ടും ലക്ഷങ്ങൾ ചെലവിട്ടിരുന്നു. വീണ്ടും തുറക്കുമ്പോൾ എന്താകും അവസ്ഥ എന്നറിയില്ലെന്ന് തിയറ്റർ ഉടമകൾ പറയുന്നു.

മെരു ട്രാവൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനെ മഹീന്ദ്ര സ്വന്തമാക്കുന്നു

മുംബൈ: മെരു ട്രാവൽ സൊലൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിനെ (മെരു) മഹീന്ദ്ര സ്വന്തമാക്കിയേക്കുമെന്നു സൂചന. മെരുവിന്റെ ഓഹരി ഉടമകളുമായി കരാറിൽ ഏർപ്പെടുമെന്ന് മഹീന്ദ്ര ആൻഡ് മഹീന്ദ്ര വ്യക്തമാക്കി. കമ്പനിയുടെ മുഴുവൻ ഓഹരികളും മഹീന്ദ്ര സ്വന്തമാക്കുമെന്നാണ് സൂചന.

മെരുവിൽ നിലവിൽ 43.20 ശതമാനം പങ്കാളിത്തമാണ് മഹീന്ദ്രയ്ക്കുള്ളത്. ടൂ നോർത്ത് എന്ന പ്രൈവറ്റ് ഇക്വിറ്റി നിക്ഷേപകരുടെയും മറ്റുള്ളവരുടെയും 44,14 ശതമാനം ഓഹരികൾ 76.03 കോടി രൂപ നൽകിയും, നീരജ് ഗുപ്ത, ഫർഹാത്ത് ഗുപ്ത എന്നിവരുടെ കൈവശമുള്ള 12, 66 ശതമാനം ഓഹരികൾ 21, 63 കോടി രൂപ നൽകിയും ഏറ്റെടുത്തേക്കുമെന്നാണ് വിവരം. ഏറ്റെടുക്കൽ വഴി മൊബിലിറ്റി സർവീസ് ബിസിനസിൽ സാന്നിധ്യം ശക്തമാക്കുകയാണ് മഹീന്ദ്രയുടെ ലക്ഷ്യം. മെരു കാബ്സ് 2006ലാണ് സ്ഥാപിച്ചത്. പ്രവീൺ ഷാ മെരുവിന്റെ പുതിയ ചീഫ് എക്സിക്യൂട്ടിവ് ഓഫിസറായി ചുമതലയേൽക്കുമെന്നാണ് റിപ്പോർട്ട്.

കേരളത്തിൽ വേഗത വർധിപ്പിച്ച് ജിയോ

കൊച്ചി: കൊവിഡ് പ്രതിസന്ധി രൂക്ഷമായ സാഹചര്യത്തിൽ തടസമില്ലാത്ത കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിന് രാജ്യത്തെ മുൻനിര ടെലികോം സേവന ദാതാക്കളായ ജിയോ കേരളത്തിലുടനീളം മുൻഗണനാടിസ്ഥാനത്തിൽ 20 മെഗാ ഹെർട്സ് സ്പെക്ട്രം വിന്യസിച്ചു. മാർച്ചിൽ നടന്ന സ്പെക്ട്രം ലേലത്തിൽ റിലയൻസ് ജിയോ 22 സർക്കിളുകളിൽ സ്പെക്ട്രം ഉപയോഗിക്കാനുള്ള അവകാശം നേടിയിരുന്നു. 20 വർഷത്തേക്കുള്ള സ്പെക്ട്രം 57,123 കോടി രൂപ ചെലവഴിച്ചാണ് ജിയോ നേടിയത്.

ഇതോടെ മൊത്തം സ്പെക്ട്രം 55 ശതമാനം വർധിപ്പിച്ച് 1717MHZ ആയി കമ്പനി ഉയർത്തി. മെച്ചപ്പെടുത്തിയ സ്പെക്ട്രം ഉപയോഗിച്ച് ജിയോ നിലവിലുള്ള ഉപയോക്താക്കൾക്കും അടുത്ത 300 ദശലക്ഷം ഉപയോക്താക്കൾക്കും ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാക്കാനും 5ജി സേവനങ്ങളിലേക്കും മാറുന്ന നെറ്റ്വർക്ക് ശേഷി വർധിപ്പിക്കാനും ഉപയോഗപ്പെടുത്തും. കേരളത്തിൽ 800 MHZൽ 10 MHZ; 1800 MHZൽ 5 MHZ; 2300 MHZൽ 10MHZ വീതം സ്പെക്ട്രം ആണ് ജിയോ നേടിയിരുന്നത്. നിലവിൽ കേരളത്തിലെ 12000ലധികം ജിയോയുടെ സൈറ്റുകളിൽ ഈ മൂന്ന് സ്പെക്ട്രങ്ങളും മുൻഗണനാടിസ്ഥാനത്തിൽ വിന്യസിച്ചതായി ജിയോ അറിയിച്ചു.

ഇതോടെ കേരളത്തിലെ മുഴുവൻ ജിയോ ഉപയോക്താക്കൾക്കും ഈ നെറ്റ്വർക്ക് വർധനവിന്റെ പ്രയോജനം ലഭിക്കുകയും നെറ്റ് വർക്ക് അനുഭവം 2 മടങ്ങ് മെച്ചപ്പെടുകയും ചെയ്യും. നിലവിലെ സാഹചര്യം കണക്കിലെടുത്ത് ജിയോയുടെ നെറ്റ്വർക്ക് വർധനവ് സമയോചിതമായ നീക്കമാണ്. മഹാമാരിയുടെ വ്യാപനം നിയന്ത്രിക്കാൻ നിരന്തരം ശ്രമിക്കുന്ന ആരോഗ്യ വിഭാഗത്തിനും മുൻനിര പ്രവർത്തകർക്കും മെച്ചപ്പെട്ട കണക്റ്റിവിറ്റി സഹായകരമാകും. കൂടാതെ ഓൺലൈൻ ക്ലാസുകൾ എടുക്കുന്ന വിദ്യാർഥികൾക്കും, വീട്ടിൽ നിന്ന് ജോലി ചെയ്യുന്നവർക്കും സുരക്ഷിതമായി അവരുടെ പ്രവർത്തനങ്ങൾ തടസമില്ലാതെ ചെയ്യാൻ സഹായിക്കുമെന്നും കമ്പനി പറഞ്ഞു. ഇന്ത്യയിൽ 426 ദശലക്ഷം ജിയോ വരിക്കാരുണ്ട്. ഇതിൽ 10.3 ദശലക്ഷം ഉപഭോക്താക്കളും കേരളത്തിൽ നിന്നാണ്. കൂടുതൽ 4ജി ടവറുകളുടെ ആവശ്യം വർധിച്ചതിനാൽ ജിയോ കേരളം 2021ൽ 4ജി നെറ്റ്വർക്ക് 15 ശതമാനം വർധിപ്പിക്കുകയാണ്. നിലവിൽ ജിയോയ്ക്ക് സംസ്ഥാനത്ത് 12000ത്തിലധികം 4ജി നെറ്റ്വർക്ക് സൈറ്റുകളുണ്ട്.

കോടികളുടെ നേട്ടം ലക്ഷ്യമിട്ട് ത്രികക്ഷി കരാർ

ന്യൂഡൽഹി: ഇസ്രായേലും യുഎഇയും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിച്ച ശേഷമുള്ള ആദ്യ ത്രികക്ഷി കരാർ ഒപ്പിട്ടു. ഇരു രാജ്യങ്ങളും ഇന്ത്യയും തമ്മിലാണ് കരാർ. 2030 ആകുമ്പോഴേക്കും 11,000 കോടി ഡോളറിന്റെ സഹകരണ കരാറാണ് മൂന്ന് രാജ്യങ്ങളും ലക്ഷ്യമിടുന്നത്. ഇസ്രായേലും യുഎഇയും ബന്ധം സ്ഥാപിച്ചതിന് പിന്നാലെ വ്യാപാര-വാണിജ്യ മേഖലയിൽ സഹകരണം ശക്തമാക്കാൻ തീരുമാനിച്ചിരുന്നു.

ഈ രണ്ട് രാജ്യങ്ങളുമായും അടുത്ത ബന്ധം കാത്ത് സൂക്ഷിക്കുന്ന രാജ്യമാണ് ഇന്ത്യ. തുടർന്നാണ് മൂന്ന് രാജ്യങ്ങൾ ചേർന്ന് സാമ്പത്തിക-വാണിജ്യ മേഖലയിൽ കൂടുതൽ സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചത്. ഇതിന്റെ ആദ്യപടിയാണ് ത്രികക്ഷി സഹകരണ കരാർ. ഇന്റർനാഷണൽ ഫെഡറേഷൻ ഒഫ് ഇന്റോ-ഇസ്രായേൽ ചേംബേഴ്സ് ഒഫ് കൊമേഴ്സ് ആണ് ത്രികക്ഷി കരാറിന് മുൻകൈയെടുത്തത്. ഇസ്രായേൽ കമ്പനിയായ ഇകോപ്പിയ യുഎഇയിലെ പ്രൊജക്റ്റുകൾക്ക് വേണ്ടി റോബോട്ടിക് സോളാർ ക്ലീനിങ് ടെക്നോളജി ഇന്ത്യയിൽ നിർമിക്കും. ശേഷം അവ യുഎഇയിലെ സുപ്രധാന പ്രൊജക്റ്റിൽ ഉപയോഗിക്കുമെന്ന് ഇസ്രായേൽ എംബസി അറിയിച്ചു.

ഇസ്രായേലിലെ പ്രധാന കമ്പനിയാണ് ഇകോപ്പിയ. പുനരുപയോഗ ഊർജ മേഖലയിലാണ് കരാർ നടപ്പാക്കുന്നത്. കഴിഞ്ഞ വർഷമാണ് യുഎഇയും ഇസ്രയേലും തമ്മിൽ നയതന്ത്ര ബന്ധം സ്ഥാപിച്ചത്. അമെരിക്ക മധ്യസ്ഥത വഹിച്ചതിനെ തുടർന്നാണ് ബന്ധം സ്ഥാപിക്കപ്പെട്ടത്.

തേയില വില ഇടിക്കാൻ ഏജന്റുമാർ

തൊടുപുഴ: ലോക്ഡൗണിന്റെ മറവിൽ ചെറുകിട ഏലം, തേയില ത്തോട്ടങ്ങളുടെ ദൈനംദിന പ്രവർത്തനം താളം തെറ്റിച്ച് നേട്ടം കൊയ്യാൻ നീക്കം. വൻകിടക്കാരുടെ ഏജന്റുമാരാണ് നീക്കം തുടങ്ങിയിരിക്കുന്നത്. ചെറുകിട തേയില ത്തോട്ടങ്ങളിൽ 14 ദിവസം തോറും എന്ന് റൗണ്ട് അനുസരിച്ചു പച്ചക്കൊളുന്ത് നുള്ളി എടുത്തേ മതിയാകൂ. അല്ലാത്ത പക്ഷം ഇവ നശിച്ചു പോകും. കഴിഞ്ഞ ദിവസങ്ങളിൽ വേനൽ മഴ സമൃദ്ധമായി ലഭിച്ചതിനാൽ പച്ചക്കൊളുന്ത് ഉത്പാദനം കൂടിയിട്ടുണ്ട്. രണ്ട് ഹെക്റ്ററിനു മുകളിൽ തേയിലക്കൃഷി ചെയ്യുന്ന കർഷകർക്ക് പുറത്ത് നിന്നു തൊഴിലാളികളെ എത്തിച്ചു മാത്രമേ മുന്നോട്ടു പോകുവാൻ കഴിയൂ.

ചെറുകിട ഏലം -തേയില ത്തോട്ടങ്ങളുടെ പ്രവർത്തനത്തിനു സഹായകരമായ നിലപാട് ഉണ്ടാകണമെന്നാണ് കർഷകരുടെ ആവശ്യം. കൂടാതെ പച്ചക്കൊളുന്ത് ഫാക്റ്ററികളിലേക്ക് കൊണ്ടു പോകുന്ന വാഹനങ്ങൾ പൊലീസ് തടയരുതെന്നും കർഷകർ ആവശ്യപ്പെടുന്നു. ഇതിനിടെ ലോക്ഡൗണിന്റെ മറവിൽ പച്ചക്കൊളുന്തിന്റെ വില ഗണ്യമായി കുറയ്ക്കുന്നതിന് ഏജന്റുമാർ ശ്രമിക്കുന്നുണ്ടെന്നാണ് കർഷകരുടെ പരാതി. ചില തേയില ഫാക്റ്ററികൾ അടഞ്ഞു കിടക്കുന്നതു മുതലെടുത്താണ് കർഷകരുടെ പക്കൽ നിന്നു വില കുറച്ച് പച്ചക്കൊളുന്ത് വാങ്ങാൻ ശ്രമിക്കുന്നത്. കിലോയ്ക്കു 18 രൂപ വില നിലനിൽക്കെ ചിലയിടങ്ങളിൽ 13 രൂപ മാത്രമേ നൽകാൻ കഴിയൂ എന്ന നിലപാടാണ് ഏജന്റുമാർ സ്വീകരിച്ചിരിക്കുന്നത്.

സ്വർണം

35,680

വെളിച്ചെണ്ണ : മില്ലിങ്	18,100
വെളി

Let States have own vaccine apps: Thackeray

Mumbai

Maharashtra Chief Minister Uddhav Thackeray has urged the Central Government to allow States develop their own applications for Covid-19 vaccination programme.

In a letter to Prime Minister Narendra Modi, Thackeray said the vaccination drive in the State had been the "fastest and the most efficient in the country".

At present, people have to register their names on CoWIN platform introduced by the Central Government for the vaccination.

"As we plan to open up vaccination for the 18 to 45 age group through the State's procurement, the CoWIN app is seeing a sudden surge in the number of citizens wanting to register nationally. There is fear about the app malfunctioning and crashing as it did on the first day of registration of the age group," he said.

"We propose either a separate app developed by States, where the data can be shared with the Union Ministry of Health or a CoWIN app for each State, developed and assigned by the Government of India," he said.

This would ensure better interface and experience for citizens who are really keen to take the vaccine shot, the chief minister added.

Thackeray wrote that the vaccine supply was also a major challenge.

"If possible, the State is willing to procure the requisite stock of vaccines in a single procurement. However, the producers do not have enough stocks. If States are allowed to procure vaccines from other manufacturers as well, a large population would be covered in a shorter time and help reduce the impact of a possible third wave," the CM said.

He also requested that the ICMR may set the medical framework for the FDAs of each State, within which various vaccines available to the world may be procured to fight Covid-19. (PTI)

'ELEPHANT IN THE WOMB': KALKI KOECHLIN TURNS AUTHOR ON MOTHERHOOD

New Delhi

Actor Kalki Koechlin is making her debut as an author with an illustrated non-fiction book on motherhood, publisher Penguin Random House India (PRHI) announced on Saturday.

Titled "Elephant In The Womb", the book illustrated by Valeriya Polyanychko, will be published under 'Penguin's' imprint this year.

A combination of personal essays and think-pieces, the graphic book is a "candid, funny and relatable" account talking about pregnancy and parenting for mothers, expectant mothers, and "anyone even thinking about motherhood".

"While I was struggling with my pregnancy and my new role as a mother, it was my friends who helped me.

"They shared their rough times and dark phases and how they got through it with laughter and contemplation, and that helped me more than those who spoke only of the glorious, blessed babe in arms that brought light into their lives," said the 37-year-old actor, who gave birth to a baby girl in February last year.

According to the publisher, Koechlin's nuanced prose makes the readers aware about the physiological discomfort and manic expectations that make motherhood a bittersweet experience.

"Kalki Koechlin's book deals with the mother of all issues – the fact that parenting is as exhausting as it is fulfilling, as draining as it is inspiring, and as frustrating as it is joyous.

"We romanticize motherhood in popular culture, and I'm so glad Kalki has pulled back the curtain on what is essentially the physical and emotional labour of much of the female population," said Maasi Subramaniam, executive editor at PRHI. (PTI)

KANGANA TESTS COVID POSITIVE

New Delhi

Actor Kangana Ranaut on Saturday said she has tested positive for the novel coronavirus and is under home quarantine. The 34-year-old actor, whose Twitter account was permanently suspended for repeated violations of rules earlier this week, shared her diagnosis on Instagram.

"I was feeling tired and weak with slight burning sensation in my eyes for past few days, was hoping to go to Himachal so got my test done yesterday and today the result came I am Covid positive. "I have quarantined myself, I had no idea this virus is having a party in my body," she wrote. Terming Covid-19 a "small time flu", Ranaut said she is determined to "destroy" the virus from her body.

"...Now that I know I will demolish it, people please don't give anything any power over you, if you are scared it will scare you more, come let's destroy this Covid -19 it is nothing but a small time flu which got too much press and now psyching few people," she added.



On Friday, Mumbai reported 3,040 new Covid-19 cases and 71 fresh fatalities. (PTI)

Despite curbs State daily average cases over 50,000: Tope

Mumbai

Over three weeks had passed since the State Government imposed strict restrictions to check the spread of coronavirus but the daily average of cases was still over 50,000 which was a matter of concern, Health Minister Rajesh Tope said on Saturday.

Citing the Union Government, Tope said Covid-19 cases had dipped in 12 out of the total 36 districts, but in some other districts, the cases are on a higher side.

The lockdown-like curbs announced by Chief Minister Uddhav Thackeray came into effect on April 14 that included the ban on inter-city as well as inter-district travel and the closure of non-essential services in the state. These measures, including the weekend restrictions on the movement of people, were later extended till May 15.

The State Government had allowed groceries, vegetable shops and dairies to remain open only for four hours, between 7 am and 11 am from Monday to Friday and banned home delivery after 8 pm till May 1.

"The government had introduced lockdown-like measures but the average number of daily cases is still hovering between 50,000 and 60,000. The positivity rate, which is the key factor in deciding the (extent of) outbreak of the pandemic, is still on a higher side," Tope told reporters.

The Health Minister said the government would review the situation and decide on whether to extend these lockdown-like measures or not.

"The State Government is stressing on tracking, tracing and treating Covid-19 patients to curb the outbreak," he added.

As of May 7, Maharashtra's Covid-19 tally stood at 49,96,758 while the overall death toll is 74,413. The State had tested 2,89,30,580 samples so far, the health department had said. (PTI)

PAWAR URGES CM TO GIVE RELIEF TO COVID-HIT HOSPITALITY INDUSTRY

STAFF REPORTER

Mumbai

NCP president Sharad Pawar on Friday urged Chief Minister Uddhav Thackeray to provide concessions in electricity bills and waiver of property tax to the hospitality sector. In a letter to Thackeray, Pawar said FL-3 licence hotels and permit bars should be allowed to pay excise duty in four weeks. He added that the Centre had announced Emergency Credit Line Guarantee Scheme (ECLGS), whose scope was extended till June 30 to cover the hospitality, leisure, and sports sectors. He said the Maharashtra government must announce a similar scheme for the tourism and hospitality sectors, both of which have been hit by the Covid restrictions.

NMMC starts drive-in vaccination centres in malls

STAFF REPORTER

Mumbai

The Navi Mumbai Municipal Corporation (NMMC) has started drive-in vaccination against Covid-19 in malls. AIR reports that the unique concept of drive-in vaccination caters to people above 45 years of age, senior citizens, and Divyaangs in the towns of NMMC.

The basic objective of the NMMC, which has come up with this concept, is to facilitate hassle-free vaccination of senior citizens and Divyaangs. The first drive-in vaccination began at the Grand Central Mall at Seawood-Nerul and at Vashi's In-Orbit mall on the fifth of this month. A token number was issued to the people who came in their vehicles to take the jabs. Their Aadhaar card number was checked and thereafter they were given Covid-19 vaccine shots. After being inoculated the beneficiaries were observed by the personnel from the health department for thirty minutes.

This apart, people who faced any side-effects from the vaccine were asked to honk to the health department staff. On day one when the drive-in vaccination began, a total of 146 people were given jabs at both the malls which rose to 200 on the following day.

PMC to file affidavit on Pune Covid scene in HC: Mayor

Pune

Pune Mayor Murlidhar Mohol on Saturday said the information about the coronavirus situation in the city as presented by the Maharashtra government was misleading, and the Pune Municipal Corporation (PMC) will file an affidavit in the Bombay High Court to give the clear picture.

In a statement, Mohol said that it was possible that some old data regarding the pandemic situation in Pune was submitted in the high court by the government.

"But the situation has changed now. Therefore, to avoid fear and confusion among people, we have decided to file an affidavitin the high court. We believe that strict restrictions are not required in Pune city," he said.

The high court had on Thursday took cognisance of the "alarming situation" in Pune district and suggested that the Pune municipal commissioner seek "guidance" from the commissioner of the Brihanmumbai Municipal Corporation (BMC) on containing the viral spread. It had also old asked the government to consider imposing a total lockdown in Pune.

On Friday, state Deputy Chief Minister Ajit Pawar had said, "Pune district includes Pune city, Pimpri-Chinchwad and rural parts and the infection figures can be confusing. Mohol is Pune mayor and he should give the details of the situation to the advocate general and brief about it to the high court." (PTI)

15-day curfew in Goa, essentials available

SPL CORRESPONDENT

Mumbai

Goa Chief minister Pramod Sawant on Friday announced a 15-day state-level curfew from Sunday to May 23. During the curfew, shops selling essential commodities will open from 7am to 1pm (as against the earlier order of 7am to 7pm).

Also, tourists and others wishing to visit Goa would have to produce a negative RT-PCR test report or vaccination certificate.

"The state-level curfew shall be more strict than lockdown. On May 24, the government will decide whether to extend it or not," Sawant said. He said the decision to impose strict curfew was taken considering the sentiments of all sections of society, the rise in the cases, and the increasing pressure on the medical fraternity. "I appeal to the people to break the chain of Covid-19," Sawant said. He asked the people not to resort to panic-buying.

"Essential shops, including those selling grocery items, will be allowed to open from 7am to 1pm," he said. "Take-away kitchens will be open from 7am to 7pm to supply food to needy people. There will be no restrictions on medical supplies," Sawant said.

The chief minister said the state would not issue permissions for weddings and other functions, and police would act against those loitering unnecessarily.

"Over the past couple of days, it has come to my knowledge that even after the bride and groom were Covid-positive, they have gone ahead with their wedding, and those who attended turned Covid-positive.

Considering this, we have decided not to issue permissions. People should cancel any functions that are scheduled from Saturday," he said.

The government's move to mandate RT-PCR certificates for those visiting Goa comes a day after the high court directed the state to make Covid-negative certificate mandatory from Monday for all those entering Goa.

The chief minister said the state government has started preparing for the third wave, and infrastructure would be created as per the guidelines of the Centre.

"At least now, people should stay indoors," he said. The chief minister said detailed orders about the curfew would be issued on Saturday at around 4pm.

On an average, hardly 25% of the people need to regularly move out of their house. There is no need for people who are 60 years and above to move out of the house.

'Meel Patthar' explores irony of travelling but not getting anywhere: Director Ivan Ayr

BEDIKA

New Delhi

What if you are constantly in transit without really moving forward? That's the thought that inspired "Meel Patthar" (Milestone), a contemplative and gentle portrait of a "tough truck driver", says director Ivan Ayr whose film has been the toast of the international festival circuit.

The film revolves around Ghalib, recently bereaved, middle-aged and the only truck driver to have completed 500,000 kilometres in his company. But along with the milestone comes the possibility that he may lose his job to a younger recruit, Pash.

"The initial idea was to kind of portray the life of somebody who is away from home so maybe feels a sense of detachment from home and also is travelling but not really travelling, moving from one place to another all the time, but not really getting anywhere, stuck inside a compartment with this feeling that 'I'm in control' but not necessarily in control of their life and destiny," Ayr told PTI in a Zoom interview.

Ayr, who made his feature film debut with Netflix's cop drama "Soni", said he found "strong irony" in the idea and decided to explore it in a poetic way, weaving In themes about personal identity, grief, redemption, job anxiety and the class divide within the working class community.

"Meel Patthar", which released on Netflix on May 7, was the official selection of the Venice and Busan international film festivals and won the top prize at the 31st Singapore International Film Festival last year. The film's lead actor Suvinder Vicky won the award for best performance.

Ayr, who studied electrical engineering before his postgraduate studies in the United States in English literature as well as screenwriting and directing, felt he could connect with audiences through the story.

"Essentially, the idea was that a veteran truck driver who felt things were going fine realizes what he has lost. That sense of loss kind of just dawns on him and he realises it was probably because of his own doing... he kind of finds closure and comes to terms with the fact that he's not really in control of things. These were some of the threads," the director said.

Ayr, a nom de plume, began his journey in cinema with the short film "Lost and Found" and "Quest for a Different Outcome" before making his feature debut with "Soni".

The director said he wanted to explore the "insecurities, aspirations and opinions" of people who spent days covering long stretches of roads in their truck.

"One of the things I wanted to do with the film was to show the tender side of seemingly very tough people. Just because they drive these massive machines and have this skill of being in control all the time and driving night and day, you kind of have this perception that they're sort of hardened and emotionless folks, which is, of course, not the reality," Ayr said.

The names of the primary characters (played by Suvinder Vicky and Lakshvir Saran) was deliberate and a "cynical decision", said the Chandigarh-born director. While one is named after iconic Urdu poet Mirza Ghalib, the other recalls Avtar Singh Sandhu Pash, the influential Punjabi revolutionary poet killed by Khalistanis in 1988 at the age of 38.

"The idea was a very cynical one that nobody cares about these names anymore. So I decided that we're just going to keep those names. I thought it's better to have people question that decision than serving it on a plate and just explaining them ... The idea was very pessimistic, one that they are just ordinary names today and they are," he said.

Vicky is fantastic in his role of the aging, grieving Ghalib and Ayr discovered him from Gurinder Singh's Punjabi film "Chauthi Koot".

"It is difficult to find someone in that age group and I wanted a certain look and fluency with Punjabi," the director said, adding that he convinced Vicky to not touch his beard for a month and also learn how to drive a truck.

One theme Ayr was keen to explore was how the more desperate people are for work, the more susceptible they are to exploitation.

"That desperation is not just physical or materialistic, It could be emotional, it could be just finding purpose in life. That's why the younger driver refuses to take the money because it's not money that he's after, he's after the dignity and the security that comes with working full time, having your own space and livelihood in a city which is kind of new to you." A sub-plot of the film sees daily wagers who load and unload the cargo in the truck going on a strike for a two rupee increase in their wages, something the father-son owners don't agree to. This story, Ayr said, helped him explore the class divide between the working-class community.

"There are classes amongst every class so it's important to kind of make that distinction and highlight the strata within the working class. It's an observation that I have kind of made about our society, which is that we have different levels and at every level you have oppressors. So whoever has the opportunity of oppressing the person below him, will do that," he said. (PTI)